# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

## അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്

## 2021 മാർച്ചിൽ അവസാനിച്ച വർഷത്തേത്

लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

## കേരള സർക്കാർ

**2022 വർഷത്തെ റിപ്പോർട്ട് നമ്പർ 2**

2022 ജൂൺ 28–ന് നിയമസഭയിൽ വെച്ചത്

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

## അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്

2021 മാർച്ചിൽ അവസാനിച്ച വർഷത്തേത്

**കേരള സർക്കാർ**

2022 വർഷത്തെ റിപ്പോർട്ട് നമ്പർ 2

# ഉള്ളടക്കം


| *വിവരണം* | *സൂചിക* | |
|---|---|---|
| | *ഖണ്ഡിക* | *പുറം* |
| ആമുഖം | | iii |
| ഉപരിവീക്ഷണം | | vii |
| **അദ്ധ്യായം I – അവതാരിക** | | |
| ഈ റിപ്പോർട്ടിനെക്കുറിച്ച് | 1.1 | 1 |
| ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ | 1.2 | 1 |
| ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം | 1.3 | 2 |
| പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I) ന്റെ ഓഫീസിന്റെ ഘടന | 1.4 | 3 |
| ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും | 1.5 | 3 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയും അധികാര വിഭജനവും, ധനകാര്യവും, ഉത്തരവാദിത്വ ചട്ടക്കൂടും | 1.6 | 4 |
| ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ | 1.7 | 9 |
| **അദ്ധ്യായം II – അനുവർത്തന ഓഡിറ്റ്** | | |
| ***തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളുടെ ഓഡിറ്റ്*** | | |
| **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** | | |
| ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് നിയമം, 2006 നടപ്പിലാക്കൽ | 2.1 | 11 |
| ***മേൽനോട്ടത്തിന്റെ/ഭരണപരമായ നിയന്ത്രണങ്ങളുടെ പരാജയം*** | | |
| **കൃഷി വകുപ്പ്** | | |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്ക് കീഴിലുള്ള പദ്ധതികളുടെ നിർവ്വഹണം | 2.2 | 48 |
| **ഉന്നത വിദ്യാഭ്യാസ വകുപ്പ്** | | |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെറ്റീരിയൽ ടെസ്റ്റിംഗ് ചാർജ് ഈടാക്കുന്നതിൽ സംഭവിച്ച കുറവ് മൂലം ഉണ്ടായ വരുമാന നഷ്ടം | 2.3 | 68 |
| **തദ്ദേശ സ്വയംഭരണ വകുപ്പ്** | | |
| സ്വകാര്യ ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിന്മേലുള്ള നിഷ്ഫല ചെലവ് | 2.4 | 71 |
| കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിലുള്ള നിഷ്ഫലമായ ചെലവ് | 2.5 | 73 |
| കെട്ടിടങ്ങളുടെ അധിക തറ വിസ്തീർണ്ണത്തിനുള്ള ഫീസ് ഈടാക്കുന്നതിലുണ്ടായ കുറവ് | 2.6 | 75 |
| കളിസ്ഥലത്തിന്റെ നിർമ്മാണത്തിന്മേലുള്ള നിഷ്ഫല ചെലവ് | 2.7 | 78 |
| ₹63.89 ലക്ഷത്തിന്റെ നഷ്ടം വീണ്ടെടുക്കൽ | 2.8 | 80 |
| **ജലവിഭവ വകുപ്പ്** | | |
| സർക്കാരിന് ₹56.57 ലക്ഷത്തിന്റെ വരുമാന നഷ്ടം | 2.9 | 82 |

# അനുബന്ധങ്ങൾ


| അനുബന്ധം | വിവരണം | പുറം |
|---|---|---|
| 1.1 | ഇന്ത്യയുടെ ഭരണഘടനയുടെ പതിനൊന്നാമത്തെ പട്ടിക | 85 |
| 1.2 | ഇന്ത്യയുടെ ഭരണഘടനയുടെ പന്ത്രണ്ടാമത്തെ പട്ടിക | 86 |
| 1.3 | 2021 സെപ്റ്റംബർ 30 വരെ തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ | 87 |
| 1.4 | 2021 ആഗസ്റ്റ് വരെ തീർപ്പാകാത്ത നടപടി എടുക്കൽ കുറിപ്പുകളുടെ വിശദാംശങ്ങൾ | 88 |
| 1.5 | 2021 ആഗസ്റ്റ് വരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാത്ത ഖണ്ഡികകളുടെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക | 89 |
| 2.1 | ഓഡിറ്റിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | 90 |
| 2.2 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയതിലെ കാലതാമസം കാണിക്കുന്ന പട്ടിക | 92 |
| 2.3 | മറ്റ് വകുപ്പുകളുടെ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സാധുവായ എഫ്.എസ്.എസ്.എ.ഐ രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാത്തതുമായ എഫ്.ബി.ഓകളുടെ എണ്ണത്തിന്റെ വിശദാംശങ്ങൾ | 93 |
| 2.4 | എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുക്കാത്തതിന്റെ വിശദാംശങ്ങൾ | 94 |
| 2.5 | തെരഞ്ഞെടുത്ത സാമ്പിളുകളിൽ മൂന്ന് ലാബുകൾ പരിശോധിച്ച ഘടകങ്ങളുടെ വിശദമായ വിശകലനം | 95 |
| 2.6 | പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സർവൈലൻസ് സാമ്പിളുകളുടെ വിശകലനത്തിൽ പരിശോധിച്ചിട്ടില്ലാത്ത ഘടകങ്ങളുടെ/ നടത്തിയിട്ടില്ലാത്ത പരിശോധനകളുടെ വിശദാംശങ്ങൾ | 97 |
| 2.7 | ഒന്നിൽ കൂടുതൽ ലൈസൻസുകളുള്ള/ പ്രവർത്തനം നിർത്തിയ/ സാധുവായ എഫ്.എസ്.എസ്.എ.ഐ രജിസ്ട്രേഷനോ/ ലൈസൻസോ ഇല്ലാത്ത എഫ്.ബി.ഒകളുടെ വിശദാംശങ്ങൾ | 100 |
| 2.8 | ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെയും നിർവ്വഹണ ഏജൻസികളുടെയും വിശദാംശങ്ങൾ | 101 |
| 2.9 | തെറ്റായ വിവരങ്ങളുള്ള വിനിയോഗ സാക്ഷ്യപത്രങ്ങളുടെ (യു.സി) വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക | 102 |
| 2.10 | പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം | 103 |
| 2.11 | മുദ്രപത്രമൂല്യം ഈടാക്കിയതിലെ കുറവ് – സർക്കിൾ തിരിച്ചുള്ളത് | 105 |

# ആമുഖം

ഭരണഘടനയുടെ ആർട്ടിക്കിൾ 151 പ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2021 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കൃഷി, ആരോഗ്യ കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നിവ ഉൾപ്പെടെയുള്ള കേരള സർക്കാരിന്റെ വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ അനുവർത്തന ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2019-21 കാലയളവിലെ, ടെസ്റ്റ് ഓഡിറ്റിനിടയിൽ ശ്രദ്ധിക്കപ്പെട്ടവയും, മുൻവർഷങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതും എന്നാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാതെ പോയതുമായ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. 2019-21-ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# ഉപരിവീക്ഷണം

# ഉപരിവീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചകൾ, വരുമാന നഷ്ടം, ആസ്തികളുടെ വിനിയോഗത്തിലെ കുറവ്, ചട്ടങ്ങളും പ്രോഗ്രാമുകളും നടപ്പിലാക്കുന്നതിലെ പോരായ്മകൾ, ഫണ്ട് വകമാറ്റി ചെലവഴിക്കൽ എന്നിങ്ങനെ ₹44.82 കോടിയുടെ സാമ്പത്തിക മൂല്യം അടങ്ങിയ ഒൻപത് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ഇടപാടുകളുടെ ഓഡിറ്റിനു പുറമെ, റിസ്ക് ഫാക്ടറുകളും വിഷയത്തിന്റെ കാലിക പ്രാധാന്യവും അടിസ്ഥാനമാക്കി, ചില പ്രധാന അനുവർത്തന വിഷയങ്ങളെ ചട്ടപ്പടിയുള്ള ഓഡിറ്റിനായി കണ്ടെത്തി. ഇത്തരം ഓഡിറ്റിൽ നിരീക്ഷിച്ച പ്രധാനപ്പെട്ട ന്യൂനതകൾ താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

### *ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് നിയമം, 2006 നടപ്പിലാക്കൽ*

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ) സംസ്ഥാനങ്ങളിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് നിയമത്തിന്റെയും ചട്ടങ്ങളുടെയും വിവിധ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഒരു സ്വതന്ത്ര നിയമപരമായ അതോറിറ്റിയാണ്. കേരളത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറെ (കമ്മീഷണർ) 2008 ജൂലൈയിൽ നിയമിച്ചു. 2016–21 കാലയളവിലെ അനുവർത്തന ഓഡിറ്റ് 2021 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയാണ് നടത്തിയത്.

സംസ്ഥാനത്ത് 2006–ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ലൈസൻസിംഗും രജിസ്ട്രേഷനും, പരിശോധനയും സാമ്പിൾ ശേഖരണവും, ഭക്ഷ്യ വിശകലനവും നിരീക്ഷണവും തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ അപാകതകൾ നേരിട്ടു. ലൈസൻസിന്റെ കാലാവധി കഴിഞ്ഞ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കെതിരെ തുടർനടപടികളെടുക്കാനുള്ള സംവിധാനമില്ലായ്മ, രജിസ്ട്രേഡ് എഫ്.ബി.ഓകളുടെ പരിശോധനയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തത് എന്നിവയിലൂടെ നിയമം നടപ്പിലാക്കുന്നതിൽ വകുപ്പിനുള്ള പോരായ്മകൾ വെളിവാക്കപ്പെട്ടു. ലൈസൻസും രജിസ്ട്രേഷനും നൽകുന്നതിൽ വകുപ്പിന് കാലതാമസം നേരിട്ടു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഡാറ്റാബേസിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ വിവരങ്ങളും മറ്റ് സർക്കാർ ഏജൻസികൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ലഭ്യമായ സമാനസ്വഭാവമുള്ള വിവരങ്ങളും തമ്മിൽ താരതമ്യം ചെയ്തപ്പോൾ ധാരാളം ഫുഡ് ബിസിനസ്

ഓപ്പറേറ്റർമാർ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിരീക്ഷണ പരിധിക്ക് പുറത്താണെന്ന് കണ്ടെത്തി. എഫ്.ബി.ഓകൾക്ക് ലൈസൻസിന് പകരം രജിസ്ട്രേഷൻ നൽകിയത് സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാക്കി. ഡെസിഗ്നേറ്റഡ് ഓഫീസർമാർ ലൈസൻസുള്ള ഭക്ഷ്യസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനുള്ള കാലയളവ് നിർദ്ദേശിച്ചിട്ടില്ല, അതേസമയം രജിസ്ട്രേഷനുള്ള ഭക്ഷ്യസ്ഥാപനങ്ങൾ വർഷംതോറും പരിശോധിക്കണമെന്നുള്ള വ്യവസ്ഥ ഭക്ഷ്യസുരക്ഷാ വകുപ്പ് പാലിച്ചിട്ടുമില്ല. നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങളിലേക്ക് എത്തുന്നില്ലെന്ന് ഉറപ്പാക്കാൻ വകുപ്പിന് കഴിഞ്ഞില്ല. സംസ്ഥാനത്തെ എഫ്.എസ്.എസ്.എ.ഐ വിജ്ഞാപനം ചെയ്ത ലബോറട്ടറികളിൽ എല്ലാ ഘടകങ്ങളുടെയും പരിശോധനയ്ക്ക് എൻ.എ.ബി.എൽ അംഗീകാരമില്ല. ഒരു പ്രത്യേക ഭക്ഷണസാമ്പിൾ സുരക്ഷിതമാണെന്ന് പ്രഖ്യാപിക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും പരിശോധിക്കാനും ഈ ലബോറട്ടറികൾ സജ്ജമല്ല. ശബരിമല ക്ഷേത്രത്തിലെ വഴിപാട് സാധനങ്ങൾ, അവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എന്നിവയുടെ പരിശോധന നടത്തുന്ന ലബോറട്ടറികൾ ആവശ്യമായ എല്ലാ ഘടകങ്ങളും പരിശോധിക്കാതെയാണ് ഭക്ഷ്യ സാധനങ്ങൾ തൃപ്തികരം എന്ന് വിലയിരുത്തുന്നത്. നിയമലംഘനം നടത്തിയ എഫ്.ബി.ഒകൾക്ക് മേൽ ചുമത്തിയ പിഴയും കോമ്പൗണ്ടിംഗ് ചാർജ്ജുകളും കുടിശ്ശികയായി നിലനിൽക്കുന്നു. എഫ്.എസ്.എസ് നിയമം, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കുന്നതിൽ കുറവുണ്ടായതായി കണ്ടെത്തി.

***(ഖണ്ഡിക 2.1)***

### *മേൽനോട്ടത്തിന്റെ/ഭരണപരമായ നിയന്ത്രണങ്ങളുടെ പരാജയം*

സമൂഹത്തിനുവേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി കേരള സർക്കാർ മുടക്കിയ ധനം വിവിധ തലങ്ങളിലെ മേൽനോട്ടമില്ലായ്മയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും കാരണം ഉപയോഗിക്കാതിരിക്കുകയോ/തടയപ്പെട്ടുകിടക്കുകയോ/പ്രയോജനക്ഷമമല്ലാതെ കിടക്കുകയോ ചെയ്തതിന്റെ സന്ദർഭങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- ***സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്ക് കീഴിലുള്ള പദ്ധതികളുടെ നിർവ്വഹണം***

  രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം, സംസ്ഥാനതലത്തിൽ അനുമതി നൽകുന്ന സമിതി അംഗീകരിച്ച പദ്ധതികളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരുകൾക്ക് ഫണ്ട് അനുവദിച്ചത്. സംസ്ഥാന തലത്തിലുള്ള നോഡൽ ഓഫീസർ കൃഷി ഡയറക്ടറായിരുന്നു. ആർ.കെ.വി.വൈയുടെ കീഴിലുള്ള പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങൾ (പി.എസ്.യു) ഉൾപ്പെടുന്ന വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി. 2014-15 മുതൽ 2018-19

വരെയുള്ള കാലയളവിൽ കേരള സർക്കാർ ആർ.കെ.വി.വൈയുടെ കീഴിലുള്ള 119 പദ്ധതികൾ 12 പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി. ഇതിൽ, 10 പൊതുമേഖലാ സ്ഥാപനങ്ങളിൽ സെപ്റ്റംബർ 2019 മുതൽ ജനുവരി 2020 വരെ നടപ്പിലാക്കിയ 33 പദ്ധതികൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി.

വിശദമായ പദ്ധതി റിപ്പോർട്ടുകളിലെ പോരായ്മകൾ, നിർവഹണ ഏജൻസികളുടെ ആർ.കെ.വി.വൈ ഫണ്ട് വകമാറ്റം, പദ്ധതികൾ നടപ്പിലാക്കുന്നതിലും നിരീക്ഷിക്കുന്നതിലുമുള്ള അപാകതകൾ തുടങ്ങിയവ മൂലം പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരികയും, നിർമ്മിക്കപ്പെട്ട ആസ്തികൾ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ കഴിയാതെ വരികയും ചെയ്തു. തൽഫലമായി, പദ്ധതിയുടെ ലക്ഷ്യങ്ങളും ഉദ്ദേശിച്ച നേട്ടങ്ങളും കൈവരിക്കാനായില്ല.

***(ഖണ്ഡിക 2.2)***

- സർക്കാർ ഉത്തരവിന് വ്യക്തത ആവശ്യപ്പെടുന്നതിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ/സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരാജയം ₹65.27 ലക്ഷത്തിന്റെ നഷ്ടത്തിൽ കലാശിച്ചു.

***(ഖണ്ഡിക 2.3)***

- ഇതര ആവശ്യങ്ങൾക്കായി ഭൂമി വിനിയോഗിക്കുന്നതിനുള്ള സാധ്യതയെ പരിമിതപ്പെടുത്തുന്ന ഉടമ്പടിയിലെ നിയന്ത്രിത വ്യവസ്ഥകളും അനുയോജ്യമല്ലാത്ത സ്ഥലവും കാരണം, സ്വകാര്യ ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിനു വേണ്ടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി വരുത്തിവെച്ച ₹ അഞ്ചു കോടിയുടെ നിഷ്ഫല ചെലവ്.

***(ഖണ്ഡിക 2.4)***

- വാണിമേൽ ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി ₹25 ലക്ഷം ചെലവഴിച്ചത്, പദ്ധതിയുടെ കാലാവധി കഴിഞ്ഞ് ഒൻപത് വർഷമായിട്ടും പൂർത്തിയാക്കാത്തതിനാൽ നിഷ്ഫലമായി.

***(ഖണ്ഡിക 2.5)***

- കെട്ടിടനിർമ്മാണ അനുമതി നൽകിയ സമയത്ത് നിലവിലുണ്ടായിരുന്ന നിരക്കിൽ അധിക തറ വിസ്തീർണ്ണത്തിന് അധിക ഫീസ് അപേക്ഷകരിൽ നിന്ന് ഈടാക്കുന്നതിൽ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ പരാജയം രണ്ട് സന്ദർഭങ്ങളിലായി ₹1.11 കോടിയുടെ ഫീസ് വരുമാന നഷ്ടത്തിലേക്ക് നയിച്ചു.

***(ഖണ്ഡിക 2.6)***

- കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ തുടങ്ങിവച്ച ഒരു കളിസ്ഥല നിർമ്മാണപദ്ധതി, ₹13.54 ലക്ഷം ചെലവാക്കിയതിന് ശേഷം തദ്ദേശവാസികളുടെ ചെറുത്തുനിൽപ്പ് മൂലം ഉപേക്ഷിക്കേണ്ടി വന്നു.

***(ഖണ്ഡിക 2.7)***

- ഏഴ് മുനിസിപ്പാലിറ്റികളിലെ അപര്യാപ്തമായ ആഭ്യന്തര നിയന്ത്രണങ്ങൾ, ജീവനക്കാരിൽ നിന്ന് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം വീണ്ടെടുക്കാതിരിക്കാനും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിലേക്ക് പണം അടയ്ക്കാതിരിക്കാനും കാരണമായി. കൂടാതെ, പിഴയും പലിശയും അടയ്ക്കുന്നതിന് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്ന് ₹63.89 ലക്ഷം വിനിയോഗിക്കേണ്ടിയും വന്നു.

***(ഖണ്ഡിക 2.8)***

- 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ ഭേദഗതി വരുത്തിയ വ്യവസ്ഥകൾ പാലിക്കുന്നതിൽ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച സർക്കാർ ഖജനാവിന് ₹56.57 ലക്ഷത്തിന്റെ നഷ്ടമുണ്ടാക്കി.

***(ഖണ്ഡിക 2.9)***

# അവതാരിക

# അദ്ധ്യായം I
# അവതാരിക

## 1.1. ഈ റിപ്പോർട്ടിനെക്കുറിച്ച്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സി ആന്റ് എ.ജി) ഈ റിപ്പോർട്ട്, സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റിൽ നിന്നും ഉയർന്നു വന്ന കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യയുടെ ഭരണഘടനാ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, ഉത്തരവാദപ്പെട്ട അധികാരികൾ ഇറക്കിയ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുന്നതിനുവേണ്ടി ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തന ഓഡിറ്റിൽ പരാമർശിക്കുന്നത്.

ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം ഓഡിറ്റിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നുള്ളതാകുന്നു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഭരണാധികാരികൾക്ക് തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന നയങ്ങളും നിർദ്ദേശങ്ങളും രൂപപ്പെടുത്തുന്നതിനും സഹായകമാവുകയും അങ്ങനെ നല്ല ഭരണക്രമത്തിന് വഴിതെളിയിക്കുകയും ചെയ്യുന്നു.

ഈ അദ്ധ്യായം, ഓഡിറ്റിന്റെ ആസൂത്രണവും വ്യാപ്തിയും വിവരിക്കുന്നതോടൊപ്പം മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളെക്കുറിച്ചും പ്രതിപാദിക്കുന്നു.

## 1.2. ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ

സംസ്ഥാനത്ത് 2020-21-ൽ സെക്രട്ടറിയേറ്റ് തലത്തിൽ 47 വകുപ്പുകളുണ്ടായിരുന്നു. അതിൽ 33 വകുപ്പുകളുടെയും അതിനുകീഴിലുള്ള എല്ലാ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും ഓഡിറ്റ്, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരള (പി.എ.ജി (ഓഡിറ്റ് I)) നടത്തുന്നു. വകുപ്പുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ നേതൃത്വം നൽകുന്നു. അവരുടെ കീഴിൽ ഡയറക്ടർമാരും, കമ്മീഷണർമാരും സഹഉദ്യോഗസ്ഥരുമുണ്ട്. 14 വകുപ്പുകളുടെ ഓഡിറ്റ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള (പി.എ.ജി (ഓഡിറ്റ് II)) നടത്തുന്നു.

2020–21 കാലയളവിലും അതിനുമുമ്പുള്ള നാല് വർഷങ്ങളിലും സർക്കാർ നടത്തിയ ചെലവുകളുടെ താരതമ്യ വിവരണം **പട്ടിക 1.1**–ൽ കൊടുത്തിരിക്കുന്നു:

**പട്ടിക 1.1: ചെലവുകളുടെ താരതമ്യം**

*(₹ കോടിയിൽ)*

| ചെലവുകൾ | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
|---|---|---|---|---|---|
| *റവന്യൂ ചെലവുകൾ* | *91096* | *99948* | *110316* | *104720* | *123446* |
| പൊതു സേവനങ്ങൾ | 41195 | 45524 | 50827 | 55504 | 50361 |
| സാമൂഹിക സേവനങ്ങൾ | 33765 | 35876 | 38211 | 34045 | 44832 |
| സാമ്പത്തിക സേവനങ്ങൾ | 10655 | 11351 | 12380 | 9107 | 18761 |
| ധനസഹായങ്ങളും സംഭാവനകളും | 5481 | 7197 | 8898 | 6064 | 9492 |
| *മൂലധന ചെലവുകൾ* | *10126* | *8749* | *7431* | *8455* | *12890* |
| *കടവും മുൻകൂറും നൽകിയത്* | *1160* | *1541* | *2323* | *1210* | *2549* |
| *പൊതുകടം തിരിച്ചടച്ചത്* | *7706* | *13132* | *18196* | *44001* | *38928* |
| *ആകസ്മിക നിധി* | *0* | *0* | *0* | *75* | *0* |
| *പൊതുകണക്കിൽ നിന്നുള്ള കൊടുക്കലുകൾ* | *179910* | *207174* | *242890* | *254475* | *337817* |
| **ആകെ** | **289998** | **330544** | **381156** | **412936** | **515630** |

*(അവലംബം: അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ)*

## 1.3. ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

സി ആന്റ് എ.ജിയ്ക്ക് ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 149–ഉം 151–ഉം അനുസരിച്ചും, 1971–ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം (സി ആന്റ് എ.ജിയുടെ (ഡി.പി.സി) നിയമം) അനുസരിച്ചുമാണ്. കേരള സർക്കാരിന്റെ വകുപ്പുകളിലെ ചെലവുകളുടെ ഓഡിറ്റ് സി ആന്റ് എ.ജി നടത്തുന്നത് സി ആന്റ് എ.ജിയുടെ (ഡി.പി.സി) നിയമത്തിലെ 13–ാം വകുപ്പ് പ്രകാരമാണ്. സി ആന്റ് എ.ജിയുടെ (ഡി.പി.സി) നിയമത്തിലെ 19, 20(1) വകുപ്പുകൾ പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന 22 സ്വയംഭരണ സ്ഥാപനങ്ങളുടെ ഏക ഓഡിറ്ററാണ് സി ആന്റ് എ.ജി. ഇതുകൂടാതെ 1158 വിദ്യാഭ്യാസ സ്ഥാപനങ്ങൾ[1], 47 പൊതുമേഖലാ സ്ഥാപനങ്ങൾ, 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ[2] എന്നിവയ്ക്ക് പുറമെ, സർക്കാർ ഗണ്യമായ സാമ്പത്തിക സഹായം നൽകുന്ന 183 സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റും സി ആന്റ് എ.ജിയുടെ (ഡി.പി.സി) നിയമത്തിലെ 14–ഉം 15–ഉം വകുപ്പുകൾ പ്രകാരം സി ആന്റ് എ.ജി നടത്തുന്നു. വിവിധ ഓഡിറ്റുകളുടെ തത്വങ്ങളും രീതികളും സി ആന്റ് എ.ജി

---

[1] സർക്കാർ–എയ്ഡഡ് കോളേജുകൾ: 184;
സർക്കാർ–എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ: 846;
സർക്കാർ–എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ: 128.

[2] ഗ്രാമപഞ്ചായത്തുകൾ: 941, ബ്ലോക്ക് പഞ്ചായത്തുകൾ: 152, ജില്ലാ പഞ്ചായത്തുകൾ: 14, മുനിസിപ്പൽ കോർപ്പറേഷനുകൾ: 6, മുനിസിപ്പാലിറ്റികൾ: 87

പുറത്തിറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും ദി റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സിലും നിഷ്കർഷിച്ചിരിക്കുന്നു.

## 1.4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I) ന്റെ ഓഫീസിന്റെ ഘടന

സി ആന്റ് എ.ജിയുടെ നിർദ്ദേശപ്രകാരം പി.എ.ജി (ഓഡിറ്റ് I) യുടെ ഓഫീസ് സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന 33 സർക്കാർ വകുപ്പുകളുടേയും ഓഫീസുകളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും അവയ്ക്ക് കീഴിലെ കാര്യാലയങ്ങളുടേയും ഓഡിറ്റ് നടത്തുന്നു. നാല് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ/ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽമാർ പി.എ.ജി (ഓഡിറ്റ് I) യെ സഹായിക്കുന്നു.

## 1.5. ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

ചെലവ്, പ്രവർത്തനങ്ങളുടെ സങ്കീർണ്ണത/ നിർണ്ണായകാവസ്ഥ, വിവിധതലങ്ങളിൽ അർപ്പിതമായ സാമ്പത്തിക അധികാരങ്ങൾ, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ, തൽപ്പരകക്ഷികളുടെ ആശങ്കകൾ എന്നിവയെ അടിസ്ഥാനമാക്കി സർക്കാരിന്റെ വിവിധ വകുപ്പുകൾ നേരിടുന്ന അപകട സാധ്യതകൾ വിലയിരുത്തിയാണ് ഓഡിറ്റ് പ്രക്രിയ ആരംഭിക്കുന്നത്. മുൻവർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. മേൽവിവരിച്ച അപകടസാധ്യതാ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ആവൃത്തിയും വ്യാപ്തിയും തീരുമാനിക്കുന്നു.

ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന പരിശോധനാ റിപ്പോർട്ടുകൾ ഓഫീസുകളുടെയും വകുപ്പുകളുടെയും തലവൻമാർക്ക് നൽകുന്നു. വകുപ്പുകൾ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് കണ്ടെത്തലുകൾക്ക് മറുപടി നൽകേണ്ടതാകുന്നു. മറുപടികൾ ലഭിക്കുന്ന സമയത്ത് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ അവ അനുവർത്തിക്കുന്നതിനുള്ള തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും ഉരുത്തിരിയുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ സി ആന്റ് എ.ജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കുകയും, അവ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 151 പ്രകാരം നിയമസഭയിൽ വയ്ക്കുന്നതിന് സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

2019-20 കാലയളവിൽ, പി.എ.ജി (ഓഡിറ്റ് I) യുടെ കീഴിൽ വരുന്ന വിവിധ വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ 1,512 യൂണിറ്റുകളിൽ ഓഡിറ്റ് നടത്തിയതിന് (പ്രവർത്തനക്ഷമതാ, അനുവർത്തന, സാമ്പത്തിക ഓഡിറ്റുകൾ) 11,615 പാർട്ടി ദിവസങ്ങളും 2020-21 കാലയളവിൽ 761 യൂണിറ്റുകളിൽ ഓഡിറ്റ് നടത്തിയതിന് 5,991 പാർട്ടി ദിവസങ്ങളും ഉപയോഗപ്പെടുത്തി. അപകടസാദ്ധ്യതാ വിലയിരുത്തൽ പ്രകാരം

പ്രബലമായ നഷ്ടം സംഭവിക്കുന്നതിന് സാദ്ധ്യതയുള്ള യൂണിറ്റുകളും/ സ്ഥാപനങ്ങളും ഓഡിറ്റിന്റെ ആസൂത്രണത്തിൽ ഉൾപ്പെടുത്തി.

## 1.6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയും അധികാര വിഭജനവും, ധനകാര്യവും, ഉത്തരവാദിത്വ ചട്ടക്കൂടും

### 1.6.1. ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുകയും അവയ്ക്ക് ഏകീകൃത ഘടന, ക്രമമായ തെരഞ്ഞെടുപ്പ്, നിയതമായ ധനാഗമം എന്നിവ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ഈ ഭേദഗതികളെ തുടർന്ന് മൂന്നാംതല സർക്കാരായി പ്രവർത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാന നിയമസഭ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും (കെ.പി.ആർ നിയമം) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും (കെ.എം നിയമം) പാസാക്കി. ഇതിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണത്തിനുള്ള സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് സാധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിച്ചു.

### 1.6.2. ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന് കെപിആർ നിയമവും, കെ.എം നിയമവും വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി (പി.ആർ.ഐകൾ) ബന്ധപ്പെട്ട 29 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു (**അനുബന്ധം 1.1**). കെ.പി.ആർ നിയമം അധികാരപ്പെടുത്തിയതനുസരിച്ച്, ഇതിലെ 26 ചുമതലകൾ സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറി (1995 സെപ്റ്റംബർ). ചെറുകിട വന ഉത്പന്നങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നീ ചുമതലകൾ ഇനിയും പി.ആർ.ഐകൾക്ക് കൈമാറാനുണ്ട്. അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗര തദ്ദേശ സ്ഥാപനങ്ങളെ (യു.എൽ.ബികൾ) സംബന്ധിക്കുന്ന 18 ചുമതലകൾ (**അനുബന്ധം 1.2**) ഉൾപ്പെട്ടിരിക്കുന്നു. കെ.എം നിയമം അധികാരപ്പെടുത്തിയതനുസരിച്ച് 17 ചുമതലകൾ സർക്കാർ യു.എൽ.ബികൾക്ക് കൈമാറിയിട്ടുണ്ട് (1995 ഒക്ടോബർ). അഗ്നിശമന സേവനങ്ങളുമായി ബന്ധപ്പെട്ട ചുമതല ഇനിയും കൈമാറാനുണ്ട്. ഭരണഘടനയും സംസ്ഥാന തദ്ദേശ സ്ഥാപന നിയമങ്ങളും അനുശാസിക്കുന്ന ചുമതലകൾക്ക് പുറമെ, ലോകബാങ്ക്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്നിവ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കാറുണ്ട്.

### 1.6.3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപരേഖയും സംഘടനാരൂപവും

2020 ഡിസംബറിൽ സംസ്ഥാനത്ത് 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു (14 ജില്ലാ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 941 ഗ്രാമപഞ്ചായത്തുകൾ, ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ). സംസ്ഥാനത്തെ ത്രിതല[3] പഞ്ചായത്ത് രാജ് സംവിധാനത്തിൽ, ഓരോ തലവും മറ്റു തലത്തിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ഭരണഘടനയും നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനമേഖലയിൽ സ്വയംഭരണാവകാശവും സ്വാതന്ത്ര്യവും നൽകുന്നുണ്ടെങ്കിലും, ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതുമാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്.

പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ ആണ് യഥാക്രമം പി.ആർ.ഐ/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ മുഖ്യ ഭരണത്തലവൻ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും മുഖ്യനിർവ്വഹണ ഉദ്യോഗസ്ഥൻ അതിന്റെ സെക്രട്ടറിയാണ്. പി.ആർ.ഐകളിലെ ഓരോ തലത്തിലെയും അംഗങ്ങളാണ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തെരഞ്ഞെടുക്കുന്നത്. അതുപോലെ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുകളിലെ കൗൺസിലർമാരാണ് ചെയർപേഴ്സൺ/ മേയർ, വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തെരഞ്ഞെടുക്കുന്നത്.

### 1.6.4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക രൂപരേഖ

#### *1.6.4.1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഫണ്ടിന്റെ ഒഴുക്ക്*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളിൽ നികുതി–നികുതിയേതര വരുമാനം ഉൾപ്പെടെ തനതു വരുമാനം, സംസ്ഥാന സർക്കാർ കൈമാറ്റം ചെയ്ത ഫണ്ടുകൾ, കേന്ദ്ര സർക്കാർ ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

#### *1.6.4.2. വിഭവങ്ങൾ: പ്രവണതകളും ഘടനയും*

2018–19 മുതൽ 2020–21 വരെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്രോതസ്സ് തിരിച്ചുള്ള വിഭവ ഘടന **പട്ടിക 1.2**–ൽ കൊടുത്തിരിക്കുന്നു:

---

3 ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്

**പട്ടിക 1.2: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2018-19 | 2019-20 | 2020-21 | മൊത്തം |
|---|---|---|---|---|
| **തനതു വരുമാനം** | | | | |
| (i) നികുതി വരുമാനം | 1382.87 | 1228.81 | 244.93* | 2856.61 |
| (ii) നികുതിയേതര വരുമാനം | 288.90 | 275.22 | 51.06* | 615.18 |
| **ആകെ തനതു വരുമാനം** | **1671.77** | **1504.03** | **295.99*** | **3471.79** |
| **സംസ്ഥാന ഫണ്ട്** | | | | |
| (i) പരമ്പരാഗതമായ ചുമതലകൾ | 2674.67 | 1635.69 | 1721.78 | 6032.14 |
| (ii) പരിപാലനത്തിനുള്ള ചെലവ് (റോഡ് ആസ്തികളും റോഡിതര ആസ്തികളും) | 2347.07 | 2746.49 | 2943.83 | 8037.39 |
| (iii) വികസന ഫണ്ട് | 5324.01 | 5168.85 | 5466.24 | 15959.10 |
| (iv) സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകളും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതവും | 4059.26 | 1657.49 | 2575.93 | 8292.68 |
| **ആകെ സംസ്ഥാന ഫണ്ടുകൾ** | 14405.01 | 11208.52 | 12707.78 | 38321.31 |
| **കേന്ദ്ര സർക്കാർ ധനസഹായം** | | | | |
| (i) കേന്ദ്രാവിഷ്കൃത പദ്ധതികൾ | 3612.01 | 4005.88 | 4678.55 | 12296.44 |
| (ii) വികസനവും പുരോഗതിയും | 1739.56 | 2040.51 | 3549.79 | 7329.86 |
| **ആകെ കേന്ദ്ര സർക്കാർ സഹായം** | **5351.57** | **6046.39** | **8228.34** | **19626.30** |
| വായ്പകൾ, മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വരുമാനം | 249.85 | 24.19 | 20.93 | 294.97 |
| **ആകെ വരുമാനം** | **21678.20** | **18783.13** | **21253.04** | **61714.37** |

** 1,200-ൽ 931 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതി/നികുതിയേതര വരുമാനം അപ്‌ലോഡ് ചെയ്തിട്ടില്ല. 2021 സെപ്റ്റംബർ 17 വരെ ഡാറ്റ അപ്‌ലോഡ് ചെയ്ത 269 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) നൽകി.*

*(അവലംബം: ഐ.കെ.എം നൽകിയ തനതു വരുമാനത്തിന്റെ വിശദാംശങ്ങൾ, സംസ്ഥാനത്തെ അതാതു വർഷത്തെ ധനകാര്യ വിശകലന കണക്കുകൾ, ഗ്രാമവികസന കമ്മീഷണറേറ്റ്, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ.)*

### *1.6.4.3. സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നത്*

സഞ്ചിത നിധിയിൽ നിന്നും ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എന്നിങ്ങനെ മൂന്ന് തരത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സംസ്ഥാന സർക്കാർ ഫണ്ട് നൽകുന്നത്. സഞ്ചിതനിധിയിൽ നിന്നും 2020-21-ൽ പണം പിൻവലിച്ചതിന്റെയും അനുവദിച്ചതിന്റെയും വിവരങ്ങൾ ഡീറ്റെയിൽഡ് ബജറ്റ് എസ്റ്റിമേറ്റിലെ അക്കൗണ്ട് ശീർഷകാടിസ്ഥാനത്തിൽ **പട്ടിക 1.3**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.3: ഫണ്ടിന്റെ തരംതിരിവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും**

| ക്രമ നമ്പർ | ഇനം | ബജറ്റ് വിഹിതം നൽകിയിരിക്കുന്ന പ്രധാന അക്കൗണ്ട് ശീർഷകം | 2020-21-ൽ അനുവദിച്ച തുക (₹ കോടിയിൽ) | അനുവദിച്ച രീതി |
|---|---|---|---|---|
| 1 | ഗ്രാന്റുകൾ[4], പതിനഞ്ചാം ധനകാര്യ കമ്മീഷൻ ധനസഹായം | 3604-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള നഷ്ടപരിഹാരവും വിഹിതവും | 11620.96 | അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാന്റുകളും സഞ്ചിതനിധിയിൽ നിന്ന് നേരിട്ടാണ് പിൻവലിച്ചത്. |
| | | 3054-റോഡുകളും പാലങ്ങളും | 2060.68 | |
| **ആകെ** | | | 13681.64 | |
| 2 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ | 12 മുഖ്യശീർഷകങ്ങൾ | 1518.27[5] | സംസ്ഥാനതല നോഡൽ ഏജൻസികൾ/ ഗ്രാമവികസന കമ്മീഷണറേറ്റ് മുഖേന |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | 3 മുഖ്യശീർഷകങ്ങൾ[6] | 1057.66 | |
| **ഒട്ടാകെ** | | | **16257.57** | |

*(അവലംബം: സർക്കാർ ഉത്തരവുകൾ, വൗച്ചർ ലെവൽ കംപ്യൂട്ടറൈസേഷൻ സംഖ്യകൾ, അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്), കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നിവിടങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ)*

2019-20-ൽ സംസ്ഥാന സർക്കാർ ₹13,249.04 കോടി അനുവദിച്ചപ്പോൾ, ഇതിൽ നിന്നും 22.71 ശതമാനം വർദ്ധനവോട് കൂടി ₹16,257.57 കോടി 2020-21-ൽ അനുവദിച്ചു.

#### *1.6.4.4. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായുള്ള ഫണ്ട്*

2020-21-ൽ കേന്ദ്ര സർക്കാർ ആറ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ₹4,678.55 കോടിയുടെ[7] ഗ്രാന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി. ഈ ഗ്രാന്റുകൾ സംസ്ഥാന ബജറ്റ്/ സംസ്ഥാനതല നോഡൽ ഏജൻസികൾ (എസ്.എൽ.എൻ.എകൾ)/ദാരിദ്ര്യ

---

4 പൊതു ഉദ്ദേശ ഫണ്ട്, പരിപാലന ഫണ്ട് (റോഡിതരം), വികസന ഫണ്ട്. (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ കീഴിലുള്ള സ്പിൽഓവർ പദ്ധതികൾക്കുള്ള അധിക വിഹിതം ഉൾപ്പെടെ).

5 നെറ്റ് ബജറ്റ് തുക (വൗച്ചർ ലെവൽ കംപ്യൂട്ടറൈസേഷൻ)

6 നഗരവികസനം, ഗ്രാമവികസനത്തിനുള്ള പ്രത്യേക പരിപാടികൾ, മറ്റ് ഗ്രാമീണ വികസന പരിപാടികൾ.

7 സംസ്ഥാന ബജറ്റ് (₹202.77 കോടി)/സംസ്ഥാനതല നോഡൽ ഏജൻസികൾ (₹81.38 കോടി)/ദാരിദ്ര്യ നിർമ്മാർജന യൂണിറ്റുകൾ (₹89.54 കോടി)/ഓൺലൈൻ ട്രാൻസ്ഫർ (₹4,304.86 കോടി)

നിർമ്മാർജ്ജന യൂണിറ്റുകൾ (പി.എ.യുകൾ) ഓൺലൈൻ ട്രാൻസ്ഫർ എന്നിവയിലൂടെയാണ് നൽകിയത്.

₹4,678.55 കോടിയുടെ കേന്ദ്ര സർക്കാർ ഗ്രാന്റുകൾ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പാക്കലിനായി സംസ്ഥാന സർക്കാർ അതിന്റെ വിഹിതമായി ₹1,057.66 കോടിയും നൽകിയിട്ടുണ്ട്. അങ്ങനെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാനുള്ള മൊത്തം ഫണ്ട് 2019–20–ൽ ₹4,498.34 കോടി ലഭിച്ചപ്പോൾ 2020–21–ൽ ₹5,736.21 കോടി ലഭിച്ചു.

### *1.6.4.5. വിഭവങ്ങളുടെ വിനിയോഗം: പ്രവണതകളും ഘടനയും*

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ ഉത്പാദന, അടിസ്ഥാന സൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും മറ്റു ചെലവുകളും[8] ഉൾപ്പെടുന്നു. 2020–21 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം ചെലവ് ₹11,998.18 കോടി ആയിരുന്നു. മേൽപ്പറഞ്ഞ ഘടകങ്ങളിൽ 2020–21–ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങളുടെ വിനിയോഗം **പട്ടിക 1.4**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.4: വിഭവങ്ങളുടെ വിനിയോഗം**

| വിഭാഗം | വിനിയോഗം *(₹ കോടിയിൽ)* |
|---|---|
| ഉത്പാദന മേഖല | 1324.08 |
| അടിസ്ഥാന സൗകര്യ മേഖല | 4485.14 |
| സേവന മേഖല | 5940.84 |
| **ആകെ വികസന ചെലവ്** | **11750.06** |
| മറ്റു ചെലവുകൾ | 248.12* |
| **മൊത്തം ചെലവ്** | **11998.18** |
| മൊത്തം ചെലവിൽ വികസന ചെലവിന്റെ ശതമാനം | 98 |

** 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2021 സെപ്റ്റംബർ 17 വരെ ഡാറ്റ അപ്‌ലോഡ് ചെയ്ത 269 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) നൽകി.*

*(അവലംബം: ഐ.കെ.എം. നൽകിയ വിവരങ്ങൾ)*

### *1.6.4.6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം*

വികേന്ദ്രീകൃതാസൂത്രണത്തിനു കീഴിൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2020–21 കാലയളവിൽ ₹21,975.17 കോടി വകയിരുത്തി 3,03,941 പദ്ധതികൾ രൂപീകരിച്ചു. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2,32,522 പദ്ധതികൾ (77 ശതമാനം) നിർവ്വഹണത്തിനായി ഏറ്റെടുക്കുകയും ഇതിലേയ്ക്കായി ₹11,750.07 കോടി ചെലവഴിക്കുകയും ചെയ്തു. ഇങ്ങനെ ഏറ്റെടുത്ത പദ്ധതികളിൽ 1,93,077 പദ്ധതികൾ (83

[8] ശമ്പളം, ഓണറേറിയം, കണ്ടിജൻസി ചെലവ്, മറ്റു ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ.

ശതമാനം) ₹8,894.36 കോടി ചെലവിൽ, 2020–21-ൽ പൂർത്തീകരിക്കുകയും ചെയ്തു. വിശദവിവരങ്ങൾ **പട്ടിക 1.5**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.5: ഏറ്റെടുത്ത പദ്ധതികളുടെയും വരുത്തിയ ചെലവിന്റെയും വിവരങ്ങൾ**

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇനം | പദ്ധതികളുടെ എണ്ണം | | | തുക (₹ കോടിയിൽ) | | | പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഏറ്റെടുത്ത പദ്ധതികളുടെ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ അടങ്കൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് | |
| ഗ്രാമപഞ്ചായത്ത് | 227830 | 176260 | 147490 | 13307.50 | 6750.16 | 5144.30 | 50.72 |
| ബ്ലോക്ക് പഞ്ചായത്ത് | 19214 | 16049 | 12583 | 1588.88 | 993.12 | 752.62 | 62.50 |
| ജില്ലാ പഞ്ചായത്ത് | 13898 | 9828 | 7714 | 2453.84 | 1491.89 | 1086.53 | 60.80 |
| മുനിസിപ്പാലിറ്റി | 34400 | 24140 | 20115 | 2712.26 | 1441.43 | 1129.82 | 53.14 |
| മുനിസിപ്പൽ കോർപ്പറേഷൻ | 8599 | 6245 | 5175 | 1912.69 | 1073.47 | 781.09 | 56.12 |
| **ആകെ** | **303941** | **232522** | **193077** | **21975.17** | **11750.07** | **8894.36** | **53.47** |

*(അവലംബം: ഐകെഎം നൽകിയ വിവരങ്ങൾ)*

രൂപീകരിച്ച പദ്ധതികൾക്കായി വകയിരുത്തിയ മൊത്തം തുകയുടെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ വിനിയോഗം 53.47 ശതമാനം മാത്രമാണ്. പദ്ധതികളുടെ നിർവ്വഹണത്തിലെ കുറവ് പ്രധാനമായും ഗ്രാമപഞ്ചായത്തുകളിലും തുടർന്ന് മുനിസിപ്പാലിറ്റികളിലുമായിരുന്നു ശ്രദ്ധയിൽപ്പെട്ടത്.

## 1.7. ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ

### 1.7.1. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ, വീഴ്ചകൾ എന്നിവയുടെ ബാദ്ധ്യത ഉറപ്പാക്കുക, നിർദ്ദിഷ്ട ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി തിരുത്തൽ നടപടികൾ എടുക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അക്കൗണ്ടന്റ് ജനറൽ നൽകുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് (ഐ.ആർ) അധികാരികൾ സത്വരമായ പ്രതികരണം നൽകണമെന്ന് സംസ്ഥാന സർക്കാർ 2010–ലും 2017–ലും പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും/ഐ.ആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നീ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് വ്യവസ്ഥ ചെയ്യുന്നു. ഐ.ആർ ലഭിച്ച് നാലാഴ്ചയ്ക്കുള്ളിൽ ഓഫീസ് തലവൻമാരും തൊട്ടടുത്ത ഉയർന്ന അധികാരികളും ഐ.ആറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പാലിക്കേണ്ടതും പോരായ്മകളും വീഴ്ചകളും അവയുടെ അനുവർത്തനവും സത്വരമായി

അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതുമാണ്. തീർപ്പാകാതെ അവശേഷിക്കുന്ന ഐ.ആറുകളെ കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽനോട്ടത്തിനുള്ള സൗകര്യത്തിനായി അതാത് വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കാറുണ്ട്.

2021 സെപ്റ്റംബർ 30 വരെ 33 വകുപ്പുകളിലായി 6,708 ഐ.ആറുകൾ (33,740 ഖണ്ഡികകൾ) (2021 മാർച്ച് 31 വരെ നൽകിയിട്ടുള്ളവ) തീർപ്പാക്കാതെ അവശേഷിക്കുന്നു. തീർപ്പാകാത്ത ഐ.ആറുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 1.3**–ൽ വിവരിച്ചിരിക്കുന്നു.

### 1.7.2. ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

ആറാഴ്ചകൾക്കകം പ്രതികരണം അറിയിക്കുന്നതിനായി 2021 ഏപ്രിലിനും 2021 ഒക്ടോബറിനുമിടയിൽ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും അയച്ചുകൊടുത്തിരുന്നു. ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ച ഒൻപത് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കും സർക്കാരിന്റെ മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1.7.3. ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

സംസ്ഥാന സർക്കാർ 2010–ലും 2017–ലും പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും ഐ.ആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നീ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് ഖണ്ഡികകളിൻമേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ച ശേഷം രണ്ടു മാസത്തിനുള്ളിൽ നേരിട്ട് നിയമസഭാ സെക്രട്ടറിയേറ്റിനും പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും അയക്കേണ്ടതാണ്. ഭരണവകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 2014–15 മുതൽ 2018–19 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 12 ഖണ്ഡികകളിൻമേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത ഒൻപത് വകുപ്പുകളുടെ 2020 ആഗസ്റ്റ് വരെയുള്ള വിശദവിവരം **അനുബന്ധം 1.4**–ൽ കൊടുത്തിരിക്കുന്നു.

### 1.7.4. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുള്ള ഖണ്ഡികകൾ

2021 ആഗസ്റ്റ് വരെ, 2013–14 മുതൽ 2018–19 വരെയുള്ള കാലയളവിലെ 20 വകുപ്പുകളുടെ 33 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുണ്ട് (**അനുബന്ധം 1.5**).

# അനുവർത്തന ഓഡിറ്റ്

# അദ്ധ്യായം II
# അനുവർത്തന ഓഡിറ്റ്

## *തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളുടെ ഓഡിറ്റ്*

## ആരോഗ്യകുടുംബക്ഷേമ വകുപ്പ്

### 2.1. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് നിയമം, 2006 നടപ്പിലാക്കൽ

#### 2.1.1. ആമുഖം

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ) സംസ്ഥാനങ്ങളിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (എഫ്.എസ്.എസ്) നിയമത്തിന്റെയും ചട്ടങ്ങളുടെയും വിവിധ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഒരു സ്വതന്ത്ര നിയമപരമായ അതോറിറ്റിയാണ്. കേരളത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറെ (കമ്മീഷണർ) 2008 ജൂലൈയിൽ നിയമിച്ചു.

സംസ്ഥാന ഭക്ഷ്യസുരക്ഷാ സൂചികയിൽ (എസ്.എഫ്.എസ്.ഐ) 2019–20 വർഷത്തിൽ നാലാം സ്ഥാനം ആയിരുന്ന കേരളം 2020–21[9] വർഷത്തിൽ എസ്.എഫ്.എസ്.ഐയിൽ രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു.

#### 2.1.2. ഘടനാനില

ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഭരണത്തിന്റെ മൊത്തത്തിലുള്ള ഉത്തരവാദിത്വവും സംസ്ഥാന ഭക്ഷ്യഅതോറിറ്റിയായ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് സംസ്ഥാനത്ത് നിയമവും ചട്ടവും റെഗുലേഷനുകളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വവുമുണ്ട്. കൂടാതെ, കമ്മീഷണറെ സഹായിക്കുന്നതിനായി രണ്ടു ജോയിന്റ് കമ്മീഷണർമാരും അഡ്മിനിസ്ട്രേഷൻ, ലീഗൽ, വിജിലൻസ് എന്നിവയ്ക്ക് ഒരാളും എൻഫോഴ്മെന്റിന് മറ്റൊരാളും, മൂന്ന്[10] മേഖലകളിലേക്കായി മൂന്ന് ഡെപ്യൂട്ടി കമ്മീഷണർമാരുമുണ്ട്. ജില്ലാതലത്തിൽ ഇവ നടപ്പിലാക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണർമാർ കമ്മീഷണറെ സഹായിക്കുന്നു. ഫുഡ് സേഫ്റ്റി ഓഫീസർമാർക്കാണ് (എഫ്.ബി.ഒ) സർക്കിൾ ഓഫീസുകളുടെ ചുമതല. ഇവർക്കാണ് ഫീൽഡ്തല പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തവും, ഘടനാനില സൂചിപ്പിക്കുന്ന ഓർഗനോഗ്രാം താഴെക്കൊടുത്തിരിക്കുന്നു.

---

9 2020–21 വർഷത്തേക്കുള്ള റാങ്കിംഗ് 2021 സെപ്റ്റംബറിൽ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

10 തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

**ഓർഗനോഗ്രാം**




### 2.1.3. ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതിശാസ്ത്രം

2016–21 കാലയളവിലെ അനുവർത്തന ഓഡിറ്റ് 2021 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെ നടത്തിയത് താഴെ പറയുന്നവ പരിശോധിക്കുന്നതിന് വേണ്ടി ആയിരുന്നു.

- മനുഷ്യ ഉപഭോഗത്തിനായി സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നിയമം/ചട്ടം/ റെഗുലേഷനുകൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കപ്പെട്ടോ
- വരുമാനം വസൂലാക്കിയത് നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരികൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച റെഗുലേഷനുകൾ/ ഓർഡറുകൾ പ്രകാരമായിരുന്നോ

- സ്ഥാപനങ്ങൾക്ക് മതിയായ മനുഷ്യവിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരുന്നോ

കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്, വിജ്ഞാപനം ചെയ്ത മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്), പത്തനംതിട്ടയിലെ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി, നാല് അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഓഫീസുകൾ (തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, കാസർഗോഡ് എന്നിങ്ങനെ തെരഞ്ഞെടുക്കപ്പെട്ട നാലു ജില്ലകളിലെ), ഈ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കീഴിൽ നിന്നും തെരഞ്ഞെടുത്ത 13 സർക്കിൾ ഓഫീസുകൾ എന്നിവിടങ്ങളിലെ 2016–21 കാലയളവിലെ രേഖകൾ പരിശോധന നടത്തി (**അനുബന്ധം 2.1**). തെരഞ്ഞെടുത്ത ഓരോ ജില്ലയിൽ നിന്നും സർക്കിളിൽ നിന്നും ഓരോ വർഷത്തെയും[11] യഥാക്രമം 20 ലൈസൻസുകളും ആറ് രജിസ്ട്രേഷനുകളും വിശദമായ പരിശോധനയ്ക്കായി തെരഞ്ഞെടുത്തു.

2021 ജനുവരി 27-ന് സർക്കാരുമായി പ്രാരംഭ കൂടിക്കാഴ്ച നടത്തി. അതിൽ ഓഡിറ്റ് ലക്ഷ്യങ്ങളും വ്യാപ്തിയും മാനദണ്ഡങ്ങളും ചർച്ച ചെയ്യുകയും അവ സർക്കാർ അംഗീകരിക്കുകയും ചെയ്തു. 2021 നവംബർ 18-ന് പ്രിൻസിപ്പൽ സെക്രട്ടറിയുമായി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്) അന്തിമ കൂടിക്കാഴ്ച നടത്തി. അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും സർക്കാരിന്റെ പ്രതികരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

### *ഓഡിറ്റ് കണ്ടെത്തലുകൾ*

എഫ്.എസ്.എസ് നിയമം, 2006-ലെ 31-ാം വകുപ്പ് അനുസരിച്ച് ലൈസൻസോ രജിസ്ട്രേഷനോ[12] ഇല്ലാതെ ഒരു വ്യക്തിയും ഇന്ത്യയിൽ ഏതെങ്കിലും ഭക്ഷ്യബിസിനസ് ആരംഭിക്കുകയോ നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. എഫ്.എസ്.എസ് നിയമം നടപ്പിലാക്കുന്നതിലെ വിവിധ ഘട്ടങ്ങളായ ലൈസൻസിംഗും രജിസ്ട്രേഷനും, പരിശോധനയും സാമ്പിൾ ശേഖരണവും, ഭക്ഷ്യ വിശകലനം തുടർ നടപടികൾ/ നിരീക്ഷണം മുതലായവയിലെ പോരായ്മകൾ ഓഡിറ്റ് കണ്ടെത്തിയത് താഴെ വിശദീകരിച്ചിരിക്കുന്നു.

## 2.1.4. ലൈസൻസുകളും രജിസ്ട്രേഷനുകളും നൽകുന്നതു സംബന്ധിച്ച്

### *2.1.4.1. ലൈസൻസുകളും രജിസ്ട്രേഷനുകളും നൽകുന്നതിലെ പോരായ്മകൾ*

നിയമത്തിലെ 31-ാം വകുപ്പിലും റെഗുലേഷനിലും[13] പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ₹12 ലക്ഷത്തിൽ കൂടുതൽ വാർഷിക

---

11 ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത ഓരോ ജില്ലയിൽ നിന്നും ആകെ 100 ലൈസൻസുകളും തെരഞ്ഞെടുത്ത ഓരോ സർക്കിളിൽ നിന്നും 30 രജിസ്ട്രേഷനുകളും വിശദമായി പരിശോധിച്ചു.

12 ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) 2011-ലെ റെഗുലേഷൻ 1.2.1(4) ൽ വിശദമാക്കിയിരിക്കുന്ന പ്രകാരം ചെറുകിട ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

13 ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷനുകൾ, 2011

വിറ്റുവരവുള്ള ഏതൊരു ഫുഡ് ബിസിനസ് ഓപ്പറേറ്റർക്കും (എഫ്.ബി.ഒ)[14] ലൈസൻസ് നിർബന്ധമാണ്. അതേസമയം ₹12 ലക്ഷം വരെ വാർഷിക വിറ്റുവരവുള്ള ചെറുകിട എഫ്.ബി.ഓകൾ റെഗുലേഷനുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദിഷ്ട അധികാരികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

കൂടാതെ, 2.1.1(3), 2.1.4(1) എന്നീ റെഗുലേഷനുകൾ പ്രകാരം അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനകം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും അപേക്ഷ ഐ.ഡി[15] നൽകിയ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ലൈസൻസും നൽകേണ്ടതാണ്. ഭക്ഷ്യസുരക്ഷാ അധികാരികൾ അപേക്ഷ നിരസിക്കുകയോ പോരായ്മകൾ അറിയിക്കുകയോ ചെയ്യാതെ നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രേഷനോ ലൈസൻസോ നൽകിയില്ലെങ്കിൽ എഫ്.ബി.ഒയ്ക്ക് ബിസിനസ് ആരംഭിക്കുവാൻ കഴിയും. തെരഞ്ഞെടുത്ത ജില്ലകളിലെയും സർക്കിൾ ഓഫീസുകളിലെയും ലൈസൻസുകളും രജിസ്ട്രേഷനുകളും നൽകുന്നതിന്റെ പ്രക്രിയ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്ന പോരായ്മകൾ ശ്രദ്ധിക്കുകയും ചെയ്തു.

### *ലൈസൻസുകളും രജിസ്ട്രേഷനുകളും നൽകുന്നതിലെ കാലതാമസം*

സെൻട്രൽ ലൈസൻസ് ഒഴികെയുള്ള ലൈസൻസുകൾ[16] നൽകാൻ ഡെസിഗ്നേറ്റഡ് ഓഫീസർമാർക്ക് (ഡി.ഒ)[17] അധികാരമുണ്ടെങ്കിലും രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അധികാരം ഡി.ഓമാർക്കു കീഴിലുള്ള ഫുഡ് സേഫ്റ്റി ഓഫീസർമാരിൽ[18] നിക്ഷിപ്തമാണ്.

തെരഞ്ഞെടുത്ത നാലു ജില്ലകളിൽ 2016–21 കാലയളവിലെ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മ പരിശോധന ഓഡിറ്റ് നടത്തിയതിൽ, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ ലൈസൻസ് നൽകിയതിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടു. ഈ രണ്ട് ജില്ലകളിലും ലൈസൻസിനായി ആകെ ലഭിച്ച 21,712[19] അപേക്ഷകളിൽ 19,035 എണ്ണത്തിന് ലൈസൻസുകൾ നൽകി. അനുവദിച്ച 19,035 ലൈസൻസുകളിൽ 3,844 കേസുകളിൽ (20 ശതമാനം) കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടു. നിശ്ചിത സമയമായ 60 ദിവസത്തിന് ശേഷം നൽകിയ ലൈസൻസുകൾ വിശകലനം ചെയ്തപ്പോൾ 61 മുതൽ 100

---

14 എഫ്.ബി.ഒ എന്നതുകൊണ്ട് ഭക്ഷ്യബിസിനസ് നടത്തുന്നതോ ഭക്ഷ്യബിസിനസിന്റെ ഉടമസ്ഥനോ ആയ ഒരു വ്യക്തിയെ അർത്ഥമാക്കുന്നു. കൂടാതെ, 2006–ലെ എഫ്.എസ്.എസ് നിയമത്തിന്റെ വകുപ്പ് 3(ഒ) പ്രകാരം ഉണ്ടാക്കിയ നിയമവും ചട്ടങ്ങളും റെഗുലേഷനുകളും പാലിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരുമാണ് ഇവർ.

15 ലൈസൻസിന് അപേക്ഷ നൽകുന്ന അതേദിവസം തന്നെ ഫോസ്കോസ് (സോഫ്റ്റ് വെയർ) വഴി ലഭിക്കുന്ന ഐ.ഡി.

16 റെഗുലേഷന്റെ ഷെഡ്യൂൾ 1–നു കീഴിൽ വരുന്ന ഭക്ഷ്യ ബിസിനസുകൾ ആരംഭിക്കുന്നതിനോ നടത്തുന്നതിനോ ഉള്ള ലൈസൻസ് സെൻട്രൽ ലൈസൻസിംഗ് അതോറിറ്റിയാണ് അനുവദിക്കുന്നത്

17 എഫ്.എസ്.എസ് നിയമം, 2006–ലെ വകുപ്പ് 36 പ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണർ ഓരോ ജില്ലയ്ക്കും ഒരു സബ് ഡിവിഷണൽ ഓഫീസറുടെ റാങ്കിൽ കുറയാത്ത ഡെസിഗ്നേറ്റഡ് ഓഫീസറെ ഭക്ഷ്യസുരക്ഷാ അഡ്മിനിസ്ട്രേഷന്റെ ചുമതലയിൽ നിയമിക്കേണ്ടതാണ്. സാധാരണയായി ജില്ലയിലെ അസിസ്റ്റന്റ് കമ്മീഷണർമാരെയാണ് ഡെസിഗ്നേറ്റഡ് ഓഫീസർമാരായി നിയമിക്കുന്നത്.

18 ഒരു സർക്കിളിന്റെ ചുമതല എഫ്.എസ്.ഒ വഹിക്കുന്നു; സംസ്ഥാനത്ത് 140 സർക്കിളുകൾ ഉണ്ട്.

19 തിരുവനന്തപുരം – 15,939, കോട്ടയം – 5,773

ദിവസത്തിനിടയിൽ 2,468 ലൈസൻസുകളും, 101–നും 500–നും ഇടയിൽ 1,317 ലൈസൻസുകളും നൽകിയതായും, 59 കേസുകളിൽ 500–ൽ അധികം ദിവസത്തെ താമസം നേരിട്ടതായും കണ്ടെത്തി.

അതുപോലെ, തെരഞ്ഞെടുത്ത സർക്കിൾ ഓഫീസുകളിലെ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ വൈക്കം ഒഴികെയുള്ള സർക്കിൾ ഓഫീസുകൾ നൽകിയ 43,649 രജിസ്ട്രേഷനുകളിൽ 18,191 കേസുകളിലും കാലതാമസമുണ്ടായതായി ഓഡിറ്റ് കണ്ടെത്തി. ഇതിൽ 14,967 കേസുകളിൽ 50 ദിവസം വരെയും 1,624 കേസുകളിൽ 51 മുതൽ 100 ദിവസം വരെയും കാലതാമസം നേരിട്ടു. 1,600 കേസുകളിൽ രജിസ്ട്രേഷൻ നൽകുന്നതിലുള്ള കാലതാമസം 100 ദിവസത്തിൽ കൂടുതലായിരുന്നു (**അനുബന്ധം 2.2**).

നിലവിലുണ്ടായിരുന്ന എഫ്.എൽ.ആർ.എസ്സിൽ നിന്നും ഫോസ്കോസ്[20] പ്ലാറ്റ്ഫോമിലേക്കുള്ള മൈഗ്രേഷൻ നടത്തിയത് 2020 നവംബറിലാണ് എന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). മൈഗ്രേഷൻ കാരണം ഫോസ്കോസ് സോഫ്റ്റ്‌വെയറിലുണ്ടായ ചില പ്രശ്നങ്ങൾ ഓഡിറ്റ് നടക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ പ്രശ്നം പരിഹരിച്ചുവെന്നും എഫ്.ബി.ഓകൾക്ക ഫോസ്കോസ് സോഫ്റ്റ്‌വെയർ മുഖേന ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല എന്നും സർക്കാർ മറുപടി നൽകി.

ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കാലയളവ് 2016–17 മുതൽ 2020–21 വരെയായിരുന്നു. ഈ കാലയളവിൽ ലൈസൻസുകൾ/രജിസ്ട്രേഷനുകൾ നൽകുന്നതിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെടുകയും തെരഞ്ഞെടുത്ത ജില്ലകളുടെ/സർക്കിളുകളുടെ എ.സി/എഫ്.എസ്.ഓമാർ ടി വസ്തുതകൾ അംഗീകരിക്കുകയും ചെയ്തു. കൂടാതെ, 2020 ആഗസ്റ്റ് 05–ന് നടന്ന എഫ്.എസ്.എസ്.എ.ഐയുടെ കേന്ദ്ര ഉപദേശക സമിതിയുടെ 29–ാമത് യോഗത്തിന്റെ മിനിറ്റ്സിൽ, ലൈസൻസ്/ രജിസ്ട്രേഷൻ ജില്ലാതലത്തിൽ നൽകുന്നതിൽ കൂടുതൽ കാലതാമസമുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്നും ചൂണ്ടിക്കാണിക്കപ്പെട്ടു.

റെഗുലേഷനിൽ ലൈസൻസു രജിസ്ട്രേഷനും നൽകുന്നതിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇത് പാലിക്കപ്പെടേണ്ടതാണ്. സമയപരിധി പാലിക്കാത്തതുമൂലം വകുപ്പിന്റെ ഡാറ്റാബേസിൽ ഉൾപ്പെടാതെ തന്നെ എഫ്.ബി.ഓകൾ പ്രവർത്തനം ആരംഭിക്കുകയും വകുപ്പിന്റെ സൂക്ഷ്മപരിശോധനയിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുകവഴി നിയമം/ചട്ടം/റെഗുലേഷനുകൾ പാലിക്കാതിരിക്കാനും കാരണമാകും.

### *2.1.4.2. ഭക്ഷ്യ സ്ഥാപനങ്ങളുടെ ഡാറ്റാബേസ്*

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റൂൾസ്, 2011–ന്റെ ചട്ടം 2.1.3, ഫുഡ് സേഫ്റ്റി ഓഫീസർ തന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ എല്ലാ ഭക്ഷ്യബിസിനസുകളുടെയും ഒരു ഡാറ്റാബേസ് സൂക്ഷിക്കണമെന്ന്

[20] എഫ്.എസ്.എസ്.എ.ഐ അവതരിപ്പിച്ച രജിസ്ട്രേഷനും ലൈസൻസിംഗിനുമുള്ള പുതിയ സോഫ്റ്റ്‌വെയറായ ഫോസ്കോസ്, പഴയ സോഫ്റ്റ്‌വെയർ ആയ എഫ്.എൽ.ആർ.എസ്സിന് പകരമായി 2020 നവംബർ 01–ന് ഇന്ത്യയിലുടനീളം പ്രവർത്തനക്ഷമമായി.

വിഭാവനം ചെയ്യുന്നു. എന്നാൽ തെരഞ്ഞെടുത്ത സർക്കിൾ ഓഫീസുകളിലെ എഫ്.എസ്.ഓമാരാരും തന്നെ തങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശത്തെ എഫ്.ബി.ഓകളുടെ സമഗ്രമായ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

മറ്റ് വകുപ്പുകളിൽ നിന്നും ഡാറ്റ നേടുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുമെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). സംസ്ഥാനത്തെ ഭക്ഷ്യവ്യാപാര സ്ഥാപനങ്ങളുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഉണ്ടാക്കുന്നതിന് ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനും ക്യാമ്പുകൾ നടത്താനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വകുപ്പ് തീരുമാനിച്ചതായും അറിയിച്ചു.

ഡാറ്റാബേസ് സൂക്ഷിക്കേണ്ടത് ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം നിർബന്ധിതമായ ഒരു കർത്തവ്യമാണെന്നു ഓഡിറ്റ് കണ്ടെത്തി. സമഗ്രമായ ഒരു ഡാറ്റബേസിന്റെ അഭാവത്തിൽ പൗരന്മാരുടെ ആരോഗ്യത്തെ ഗുരുതരമായി അപകടത്തിലാക്കാവുന്ന അനധികൃത എഫ്.ബി.ഓകൾ പ്രവർത്തിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

### *2.1.4.3. ഫോസ്കോസ് സോഫ്റ്റ്‌വെയർ ഡാറ്റാബേസിൽ ഉൾപ്പെടാത്ത എഫ്.ബി.ഓകൾ*

വകുപ്പ് സൂക്ഷിക്കുന്ന ഡാറ്റാബേസിൽ ഉൾപ്പെടുത്താത്തതിനാൽ എഫ്.ബി.ഓകൾ ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ പരിശോധനയിൽ നിന്നു എത്രത്തോളം ഒഴിവായി എന്ന് വ്യക്തമായി മനസ്സിലാക്കുവാൻ, മറ്റ് വകുപ്പുകൾ/തദ്ദേശ സ്ഥാപനങ്ങൾ എന്നിവർ സൂക്ഷിക്കുന്ന ഡാറ്റയുമായി ഫോസ്കോസ് ഡാറ്റയുടെ ഒരു താരതമ്യപഠനം തെരഞ്ഞെടുത്ത ജില്ലകളിൽ ഓഡിറ്റ് നടത്തിയത് ചുവടെ വിശദീകരിക്കുന്നു.

#### *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈൻസുമായുള്ള താരതമ്യം*

തെരഞ്ഞെടുത്ത ജില്ലകളിലെ 2020–21 വർഷത്തെ ഫോസ്കോസ് ഡാറ്റയും വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരം, സംരംഭകത്വ പ്രവർത്തനങ്ങൾ, മറ്റ് സേവനചട്ടങ്ങൾ 2018–ന് കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ ബിസിനസുകൾക്ക് നൽകിയ[21] ലൈസൻസുകളുടെ വിശദാംശങ്ങളും തമ്മിൽ ഒരു താരതമ്യ പഠനം ഓഡിറ്റ് നടത്തി. തെരഞ്ഞെടുത്ത ജില്ലകളിലെ നാലു[22] തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യവ്യാപാരത്തിനായി നൽകിയ 348 ലൈസൻസുകൾ ഫോസ്കോസ് ഡാറ്റയുമായി ഓഡിറ്റ് താരതമ്യം ചെയ്തപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസുകളുള്ള 144 എഫ്.ബി.ഓകൾ ഭക്ഷ്യസുരക്ഷാ അതോറിറ്റി

---

[21] നേരത്തെ ബിസിനസ് ആരംഭിക്കുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് 'അപകടകരവും കുറ്റകരവുമായ ട്രേഡ്സ് ആന്റ് ഫാക്ടറീസ് റൂൾസ്, 1996'–ന് കീഴിൽ നൽകിയ ലൈസൻസുകളായിരുന്നു. നിലവിൽ 'വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാര സംരംഭകത്വ പ്രവർത്തനങ്ങൾ, മറ്റ് സേവന ചട്ടങ്ങൾ 2018' എന്നിവയ്ക്ക് നൽകുന്ന ലൈസൻസ് എന്നതിന് കീഴിലാണ് അവ പരിരക്ഷിക്കപ്പെട്ടിരിക്കുന്നത്.

[22] തിരുവനന്തപുരം, കോഴിക്കോട് നഗരസഭകൾ; കോട്ടയം, കാസർഗോഡ് മുനിസിപ്പാലിറ്റികൾ

പരിപാലിക്കുന്ന ഫോസ്കോസ് ഡാറ്റയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് വെളിപ്പെട്ടു (**അനുബന്ധം 2.3**).

*ചരക്ക് സേവന നികുതി ഡാറ്റയുമായുള്ള താരതമ്യം*

സംസ്ഥാന ചരക്ക് സേവന നികുതി അധികാരികൾ സൂക്ഷിക്കുന്ന റെസ്റ്റോറന്റ് ഡീലർമാരുടെ 2021 മാർച്ച് 31-ലെ ഡാറ്റയുമായി ഓഡിറ്റ് നടത്തിയ താരതമ്യപഠനത്തിൽ എഫ്.എസ്.എസ്.എ.ഐ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ധാരാളം എഫ്.ബി.ഓകൾ ഉണ്ടെന്ന് കണ്ടെത്തി. തെരഞ്ഞെടുത്ത ജില്ലകളിലെ ചരക്ക് സേവന നികുതി ഡാറ്റ പ്രകാരമുള്ള 338 റെസ്റ്റോറന്റുകളിൽ, 122 എഫ്.ബി.ഓകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഡാറ്റാബേസിൽ ഇടം പിടിച്ചിട്ടില്ല (**അനുബന്ധം 2.3**).

സർക്കാർ, ഓഡിറ്റിന്റെ കണ്ടെത്തലുകൾ അംഗീകരിക്കുകയും (2021 ഡിസംബർ) അതോടൊപ്പം തന്നെ ചരക്ക് സേവന നികുതി വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനും മൂന്നു മാസത്തിനുള്ളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിൽ ലഭ്യമായ ഡാറ്റയുമായി താരതമ്യം ചെയ്യാനും അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയതായി അറിയിച്ചു.

*അറവുശാലകൾ*

മൃഗസംരക്ഷണ വകുപ്പിൽ ലഭ്യമായിരുന്ന അറവുശാലകളുടെ എണ്ണവും (2020-21) ഭക്ഷ്യസുരക്ഷാ അധികാരികളിൽ നിന്നും ലഭ്യമായ ഡാറ്റയും താരതമ്യം ചെയ്തപ്പോൾ തെരഞ്ഞെടുത്ത ജില്ലകളിൽ 17 അറവുശാലകൾ ഉണ്ടെങ്കിലും അവയൊന്നും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഡാറ്റാബേസിൽ പ്രതിഫലിച്ചിട്ടില്ല എന്ന് വെളിപ്പെട്ടു (**അനുബന്ധം 2.3**).

നിശ്ചിത ലൈസൻസിംഗ് വ്യവസ്ഥകൾ പാലിച്ചു മാത്രമേ അറവുശാലകൾക്കു ലൈസൻസ് നൽകാനാവൂ എന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). റെഗുലേഷനിലെ നാലാംഭാഗത്തിലെ ഷെഡ്യൂൾ 4-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അറവുശാലകൾക്ക് എഫ്.എസ്.എസ്.എ.ഐ ലൈസൻസ് നൽകാൻ കഴിഞ്ഞില്ല. ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്യും.

ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെയും ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നിബന്ധനകൾ പാലിക്കാതെയും അറവുശാലകൾ പ്രവർത്തിക്കുന്നത് പൊതുജനാരോഗ്യത്തിനു അപകടകരമാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ അനവധി എഫ്.ബി.ഓകൾ ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് മേൽപ്പറഞ്ഞ ഖണ്ഡികകളിൽ നിന്നും വ്യക്തമാണ്. സമഗ്രമായ ഒരു ഡാറ്റാബേസിന്റെ അഭാവത്തിൽ എഫ്.ബി.ഓകളുടെ എണ്ണം വിലയിരുത്താൻ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ പക്കൽ ഒരു സംവിധാനവും നിലവിലില്ല. തൽഫലമായി ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപ്പന, സംഭരണം തുടങ്ങിയവയ്ക്കായി വിജ്ഞാപനം ചെയ്ത മാനദണ്ഡങ്ങൾ പിന്തുടരുന്നത് ഉൾപ്പെടെയുള്ള

അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ വകുപ്പിനു കഴിഞ്ഞില്ല. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എഫ്.ബി.ഓകളെയും കണ്ടെത്താത്തതുമൂലം വകുപ്പിന് ലഭിക്കേണ്ടിയിരുന്ന രജിസ്ട്രേഷൻ/ ലൈസൻസ് ഫീസുകളും നഷ്ടമാകുന്നു.

### *ആരാധനാലയങ്ങൾ*

ഭക്ഷ്യസുരക്ഷയും ശുചിത്വവും സ്വീകരിക്കുക, അവ പരിപാലിക്കുക, ഉത്തരവാദിത്തത്തോടെ പിന്തുടരേണ്ട ഭക്ഷ്യ സുരക്ഷാസന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക എന്നിവ പ്രാവർത്തികമാക്കാൻ ആരാധനാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ) ആവിഷ്കരിച്ച ഒരു സംരംഭമാണ് "ബ്ലിസ്ഫുൾ ഹൈജീനിക് ഓഫറിംഗ് ടു ഗോഡ്" (ബോഗ്). കേരളത്തിൽ ബോഗ് സംസ്ഥാനതലത്തിൽ നടപ്പാക്കിയിട്ടുണ്ട് (2019 ജനുവരി). ഇത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രധാന മുൻനിര പരിപാടികളിൽ ഒന്നാണ്. ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിനും 2006-ലെ എഫ്.എസ്.എസ് നിയമത്തിന്റെയും അതിനനുസരിച്ചുള്ള ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും അനുവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി ആരാധനാലയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതാണ് ഈ സംരംഭം. തെരഞ്ഞെടുത്ത ജില്ലകളിൽ 647[23] ആരാധനാലയങ്ങൾ മാത്രമാണ് (2021 ഒക്ടോബർ) ലൈസൻസോ രജിസ്ട്രേഷനോ എടുത്തിട്ടുള്ളതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിരിക്കേണ്ട സംസ്ഥാനത്തെ ആരാധനാലയങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ വകുപ്പിന്റെ പക്കലില്ല. ആരാധനാലയങ്ങളുടെ എണ്ണം സംബന്ധിച്ചുള്ള വിശദാംശങ്ങളുടെ അഭാവത്തിൽ എല്ലാ ആരാധനാലയങ്ങളും ലൈസൻസോ രജിസ്ട്രേഷനോ യഥാനുസരണം നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും അസിസ്റ്റന്റ് കമ്മീഷണർമാർക്കും അവരുടെ അധികാരപരിധിയിൽ ബോഗ് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ).

### *2.1.4.4. എഫ്.ബി.ഓകളുടെ തരംതിരിയ്ക്കലിലുള്ള പ്രശ്നങ്ങൾ*

### *കാറ്ററേഴ്സ്*

2011-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻ 1.2.1(4)(എ) പ്രകാരം ഒരു ചെറുകിട ഭക്ഷ്യ നിർമ്മാതാവ് എന്നാൽ കാറ്ററർ ഒഴികെ ഏതെങ്കിലും ഭക്ഷ്യ ഉത്പന്നം സ്വയം നിർമ്മിക്കുകയോ വിൽക്കുകയോ, അല്ലെങ്കിൽ ഒരു ചില്ലറ വ്യാപാരി, ചെറുകിട കച്ചവടക്കാരൻ, വില്പനക്കാരൻ, താല്ക്കാലിക സ്റ്റാൾ ഉടമ, ഏതെങ്കിലും മതപരമോ സാമൂഹികമോ ആയ സമ്മേളനസ്ഥലങ്ങളിൽ ഭക്ഷണ വിതരണം ചെയ്യുന്ന ഏതൊരു നിർമ്മാതാവിനെയും

[23] തിരുവനന്തപുരം – 241, കോട്ടയം – 288, കോഴിക്കോട് – 58, കാസർഗോഡ് – 60

അർത്ഥമാക്കുന്നു. ഒരു ചെറുകിട ഭക്ഷ്യനിർമ്മാതാവ് എന്നതിന്റെ നിർവചനത്തിൽ കാറ്ററർ വരാത്തതിനാൽ, അവർ രജിസ്ട്രേഷനു പകരം ലൈസൻസ് എടുക്കേണ്ടതാണ്.

തെരഞ്ഞെടുത്ത സർക്കിൾ ഓഫീസുകളിൽ 2016–21 കാലയളവിൽ നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ പരിശോധനയിൽ, ഏഴ് സർക്കിൾ ഓഫീസുകളിലെ കാറ്ററിങ്ങ് സേവനങ്ങളിൽ ഏർപ്പെട്ടിരുന്ന 58[24] എഫ്.ബി.ഓകൾ ലൈസൻസിനു പകരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നു എന്നു കണ്ടെത്തി. ഇത് നിയമത്തിലും റെഗുലേഷനുകളിലും അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കു വിരുദ്ധമാണ്. കൂടാതെ ലൈസൻസ് നേടുന്നതിനുള്ള ഫീസ് പ്രതിവർഷം ₹2,000 ആയതിനാൽ ലൈസൻസിനു പകരം ₹100–ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എടുത്ത് കച്ചവടം നടത്താൻ കാറ്ററർമാരെ അനുവദിച്ചത് വഴി ലൈസൻസ് ഫീസ് വരുമാനത്തിൽ പ്രതിവർഷം ₹1.10 ലക്ഷത്തിന്റെ[25] കുറവുണ്ടായി.

എഫ്.എസ്.ഓമാരുടെ ഭാഗത്ത് നിന്നുള്ള നിഷ്ക്രിയത്വം നിയമത്തിന്റെയും റെഗുലേഷനുകളിലെയും വ്യവസ്ഥകളുടെ ലംഘനത്തിലേക്ക് നയിച്ചു. ഇതു കൂടാതെ, കാറ്ററിംഗ് നടത്തുന്നവർക്കു ലൈസൻസിനു പകരം രജിസ്ട്രേഷൻ നൽകിയത് വഴി സർക്കാരിലേക്കുള്ള വരുമാനത്തിൽ തെരഞ്ഞെടുത്ത സർക്കിളുകളിൽ നിന്നു മാത്രം ₹1.10 ലക്ഷത്തിന്റെ കുറവുണ്ടായി.

എല്ലാ ജില്ലകളിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുമെന്നും പോരായ്മകൾ പരിഹരിക്കുമെന്നും എല്ലാ കാറ്ററർമാരും എഫ്.എസ്.എസ്.എ.ഐ ലൈസൻസ് നേടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരുകയാണെന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ).

### *ജൈവ ഉത്പന്നങ്ങളുടെ വിൽപ്പന*

ജൈവ ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/ സംസ്കരണം നടത്തുന്ന അല്ലെങ്കിൽ കൈകാര്യം ചെയ്യുന്ന എല്ലാ എഫ്.ബി.ഓകൾക്കും എഫ്.എസ്.എസ് നിയമം, 2006 പ്രകാരം ലൈസൻസ് നേടാനോ നിലവിലുള്ള ലൈസൻസിൽ ജൈവ ഭക്ഷ്യവസ്തു ഉൾപ്പെടുത്തുവാനോ എഫ്.എസ്.എസ്.എ.ഐ നിർദ്ദേശം നൽകിയിരുന്നു (2018 ജൂൺ).

ജൈവ ഉത്പന്നങ്ങളുടെ വിൽപ്പനയിൽ ഏർപ്പെട്ടിരുന്ന നാല് എഫ്.ബി.ഓകളുടെ പരിശോധനയിൽ ജൈവ ഉത്പന്നങ്ങൾ വിൽക്കുന്ന മൂന്ന്[26] എഫ്.ബി.ഓകൾക്കും അത്തരം ഉത്പന്നങ്ങൾ വിൽക്കാനുള്ള ലൈസൻസ് ഇല്ലെന്നു ഓഡിറ്റ് ശ്രദ്ധിച്ചു. റെഗുലേഷൻ[27] അനുസരിച്ച് വിൽപ്പന നടത്തുന്നതിനായുള്ള ഒരു ജൈവ ഉത്പന്നം താഴെ പറയുന്ന ഏതെങ്കിലും ഒരു സിസ്റ്റത്തിന്റെ ബാധകമായ എല്ലാ വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

---

24 തിരുവനന്തപുരം – 19, ആറ്റിങ്ങൽ – 5, കഴക്കൂട്ടം – 20, വട്ടിയൂർക്കാവ് – 6, കൊടുവള്ളി – 3, കാസർഗോഡ് – 3, മഞ്ചേശ്വരം – 2

25 58 X ₹1,900 = ₹1.10 ലക്ഷം

26 കോട്ടയത്തുള്ള വെൽഗേറ്റ് ഷോപ്പ്, തിരുവനന്തപുരത്തുള്ള പത്തായം ഓർഗാനിക് ഹെൽത്ത് ഫുഡ് റെസ്റ്റോറന്റും വെൽഗേറ്റ് ഷോപ്പിയും

27 ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റെഗുലേഷൻസ്, 2017

അതായത്, നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ, പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം ഫോർ ഇന്ത്യ അല്ലെങ്കിൽ ഭക്ഷ്യ അതോറിറ്റി കാലാകാലങ്ങളിൽ അറിയിക്കുന്ന മറ്റേതെങ്കിലും സംവിധാനം അഥവാ മാനദണ്ഡം. ജൈവഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന എഫ്.ബി.ഓകൾ അതിനുള്ള ലൈസൻസ് എടുക്കാത്തതിനാലോ നിലവിലുള്ള ലൈസൻസിൽ അത് ഉൾപ്പെടുത്താതിനാലോ, എഫ്.ബി.ഓകൾ റെഗുലേഷനുകൾ പാലിക്കാതിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജൈവ ഭക്ഷ്യസ്ഥാപനങ്ങൾ പരിശോധിക്കാൻ എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ).

### *ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾ*

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻസ്, 2011-ലെ റെഗുലേഷൻ 2.1.3 പ്രകാരവും ഷെഡ്യൂൾ 3-ൽ നിർദ്ദേശിച്ചിരിക്കുന്ന ഫീസ് പ്രകാരവും, ത്രീ സ്റ്റാറും അതിനുമുകളിലുമുള്ള ഹോട്ടലുകൾക്ക്[28] ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനുമുള്ള വാർഷിക ഫീസ് ₹5,000 ആണ്. മറ്റു എഫ്.ബി.ഓകൾക്കു ഇത് പ്രതിവർഷം ₹2,000 ആണ്.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കൈവശമുള്ള നാഷണൽ ഡാറ്റാബേസ് ഫോർ അക്കോമഡേഷൻ യൂണിറ്റ്സിലെ (2021 മാർച്ച്) ത്രീ സ്റ്റാർ, ഫോർ സ്റ്റാർ റേറ്റിംഗ് ഉള്ള ഹോട്ടലുകളുടെ പട്ടിക വിശകലനം ചെയ്തപ്പോൾ, തെരഞ്ഞെടുത്ത ജില്ലകളിൽ കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ 41 ഹോട്ടലുകൾ അവരുടെ യഥാർത്ഥ സ്റ്റാർ കാറ്റഗറി വെളിപ്പെടുത്താതെ എഫ്.എസ്.എസ്.എ.ഐ സ്റ്റേറ്റ് ലൈസൻസ് നേടിയിട്ടുണ്ടെന്ന് കണ്ടെത്തി. ഇത് ലൈസൻസ് ഫീസ് ₹5,000-ന് പകരം ₹2,000 അടയ്ക്കുന്നതിന് കാരണമായി.

തെരഞ്ഞെടുത്ത ജില്ലകളിൽ, ഹോട്ടലുകൾ അപേക്ഷഫോമിൽ നൽകിയിരുന്ന കാറ്റഗറിയുടെ കൃത്യത ഉറപ്പുവരുത്തുന്നതിൽ ഡി.ഒമാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സർക്കാരിലേക്കുള്ള വരുമാനത്തിൽ ₹1.23 ലക്ഷത്തിന്റെ[29] കുറവുണ്ടാക്കി.

എല്ലാ ജില്ലകളിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിക്കുമെന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ). തെറ്റായി തരംതിരിയ്ക്കപ്പെട്ടവ പരിഷ്ക്കരിക്കുമെന്നും കൂട്ടി ചേർത്തു.

---

[28] ഫീസ് ഘടന അനുസരിച്ച് ഫൈവ്സ്റ്റാറും അതിനുമുകളിലും ഉള്ള ഹോട്ടലുകൾക്ക് വാർഷിക ഫീസ് ₹7,500 വരുന്ന സെൻട്രൽ ലൈസൻസ് ആവശ്യമാണ്.

[29] 41 x ₹3,000 = ₹1.23 ലക്ഷം

### 2.1.4.5. അപൂർണ്ണമായ രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച ലൈസൻസുകൾ

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻസ്, 2011–ലെ റെഗുലേഷൻ 2.1.3, ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷാ രീതി വിവരിക്കുന്നു. ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിക്ക് ഷെഡ്യൂൾ 2–ലെ ഫോം ബി–യിൽ അപേക്ഷ നൽകണം. അതോടൊപ്പം ലേഔട്ട് പ്ലാൻ, സ്ഥലം കൈവശം വച്ചതിന്റെ തെളിവ്, ഡിക്ലറേഷൻ, ജലത്തിന്റെ വിശകലന റിപ്പോർട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള എൻ.ഒ.സി തുടങ്ങിയ രേഖകളുടെ പകർപ്പുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുത്ത നാല് ജില്ലകളിൽ നിന്നും പരിശോധിച്ച 400 ലൈസൻസുകളിൽ 259[30] എണ്ണം പുതിയ ലൈസൻസുകളാണെന്ന് ഓഡിറ്റ് കണ്ടെത്തി. പുതിയ ലൈസൻസുകൾക്കായുള്ള 259 അപേക്ഷകളുടെ സൂക്ഷ്മപരിശോധനയിൽ 165[31] അപേക്ഷകൾ (64 ശതമാനം) ആവശ്യമായ രേഖകളുടെ/ ഡിക്ലറേഷനുകളുടെ അഭാവത്തിൽ അപൂർണ്ണമാണെന്ന് കണ്ടെത്തി.

2021 മാർച്ച് 19–ന് എഫ്.എസ്.എസ്.എ.ഐ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അപ് ലോഡ് ചെയ്യേണ്ട രേഖകൾ ബിസിനസ്സിന്റെ ഇനം അനുസരിച്ച് വ്യത്യാസപ്പെടുന്നതിനാൽ റെഗുലേഷനിൽ പറഞ്ഞിരിക്കുന്ന എല്ലാ രേഖകളും എല്ലാത്തരം ബിസിനസുകൾക്കും നിർബന്ധമല്ലെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). ഓഡിറ്റ് കണ്ടെത്തലുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ഡി.ഓമാർക്കും/എഫ്.എസ്.ഓമാർക്കും നൽകാമെന്നും കൂട്ടിച്ചേർത്തു.

2021 മാർച്ചിന് ശേഷം ലഭിക്കുന്ന പുതിയ ലൈസൻസുകൾക്കായുള്ള അപേക്ഷകൾക്ക് മാത്രമേ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാകൂ എന്നതിനാൽ മറുപടി സ്വീകാര്യമല്ല. ചൂണ്ടിക്കാട്ടിയ പോരായ്മകൾ 2016–17 മുതൽ 2020–21 കാലയളവിലെയാണ്.

### 2.1.4.6. നിർമ്മാതാക്കൾ/ഇമ്പോർട്ടർ റിട്ടേണുകൾ സമർപ്പിക്കാത്തത്

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻ 2011, റെഗുലേഷൻ 2.1.13(1) പ്രകാരം, ലൈസൻസ് നൽകിയിട്ടുള്ള എല്ലാ നിർമ്മാതാക്കളും ഇമ്പോർട്ടറും മുൻ സാമ്പത്തിക വർഷത്തിൽ അവർ കൈകാര്യം ചെയ്ത ഓരോ തരം ഭക്ഷ്യ ഉത്പന്നങ്ങൾക്കും ഇലക്ട്രോണിക് അല്ലെങ്കിൽ ഭൗതിക രൂപത്തിൽ ഓരോ വർഷവും മെയ് 31–നോ അതിന് മുമ്പോ ഒരു റിട്ടേൺ സമർപ്പിക്കേണ്ടതാണ്. എന്നാൽ, പാൽ അല്ലെങ്കിൽ പാൽ ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ലൈസൻസിയും അർദ്ധവാർഷിക റിട്ടേണുകൾ കാലയളവ് അവസാനിച്ച് ഒരു മാസത്തിനുള്ളിൽ ഫയൽ ചെയ്യുകയും വേണം.

---

30 തിരുവനന്തപുരം – 72, കോട്ടയം – 65, കോഴിക്കോട് – 62, കാസർഗോഡ് – 60
31 തിരുവനന്തപുരം – 52, കോട്ടയം – 39, കോഴിക്കോട് – 46, കാസർഗോഡ് – 28

വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിലെ കാലതാമസത്തിന് പ്രതിദിനം ₹100 പിഴ ഈടാക്കണം.

തെരഞ്ഞെടുത്ത ജില്ലകളിൽ 400 ലൈസൻസുകളിൽ പരിശോധിച്ചതിൽ 85[32] എണ്ണവും നിർമ്മാതാക്കളാണെന്നും അതിൽ നാലുപേർ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2016–20 കാലയളവിലെ 85 നിർമ്മാതാക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഏഴ് പേർ റിട്ടേൺ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ രണ്ട് പേർ അർദ്ധവാർഷിക റിട്ടേൺ സമർപ്പിച്ച പാൽ നിർമ്മാതാക്കളാണെന്നും കണ്ടെത്തി. വീഴ്ച വരുത്തിയവരുടെ മേൽ ഡെസിഗ്നേറ്റഡ് ഓഫീസർ പിഴ ചുമത്തിയതായി കണ്ടില്ല.

ജീവനക്കാരുടെ നിലവിലെ അംഗസംഖ്യ വച്ച്, ഫയൽ ചെയ്ത/ ശേഷിക്കുന്ന വാർഷിക റിട്ടേണുകളുടെ ഡാറ്റ സൂക്ഷ്മമായി പരിശോധിക്കുന്നത് വളരെ ബുദ്ധിമുട്ടാണ് എന്നാണ് സർക്കാർ നൽകിയ മറുപടി (2021 ഡിസംബർ). വിഷയം എഫ്.എസ്.എസ്.എ.ഐയുടെ പരിഗണനയിലാണെന്നും, വാർഷിക റിട്ടേൺ ഫയൽ ചെയ്യാത്തതുകൊണ്ടുള്ള പിഴ ഒഴിവാക്കാനുള്ള നടപടികൾ എടുത്തു വരികയാണെന്നും അറിയിച്ചു.

നിർമ്മാതാക്കൾ റിട്ടേൺ ഫയൽ ചെയ്യേണ്ടത് 2014 ജൂൺ മുതൽ നിർബന്ധിത ആവശ്യകതയാണെന്നും പിഴ ഒഴിവാക്കാനുള്ള തീരുമാനമൊന്നും എടുക്കാത്തതിനാൽ (2021 ഒക്ടോബർ) അത് ഈടാക്കാൻ വകുപ്പിന് ബാധ്യതയുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, റിട്ടേണുകൾ സമർപ്പിക്കാത്തതിലുള്ള പിഴ ഒഴിവാക്കിയാലും, അത് റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ നിന്ന് നിർമ്മാതാക്കളെ/ഇമ്പോർട്ടറെ ഒഴിവാക്കുന്നില്ല.

### *2.1.4.7. പരിശോധനയും സാമ്പിൾ ശേഖരണവും*

#### *എഫ്.ബി.ഓകളെ പരിശോധിക്കുന്നതിലെ കുറവ്*

2011–ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ[33] അനുസരിച്ച് തനിക്ക് നിയോഗിക്കപ്പെട്ട പ്രദേശത്തെ ഭക്ഷ്യവസ്തുവിന്റെ നിർമ്മാണം, കൈകാര്യം ചെയ്യൽ, പായ്ക്ക് ചെയ്യൽ അല്ലെങ്കിൽ വിൽക്കൽ എന്നിവയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ള എല്ലാ ഭക്ഷ്യസ്ഥാപനങ്ങളേയും ഡി.ഒ നിർദ്ദേശിക്കുന്ന കാലയളവിൽ പരിശോധിക്കേണ്ടത് എഫ്.എസ്.ഓയുടെ കടമയാണ്. ഉപനിയമം (ബി) പറയുന്നത്, തനിക്ക് നിയുക്തമാക്കിയ പ്രദേശത്തിനുള്ളിൽ ബിസിനസ്സ് നടത്തുന്ന ഓരോ എഫ്.ബി.ഓകളും ലൈസൻസിന്റെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഫ്.എസ്.ഒ സ്വയം ഉറപ്പുവരുത്തുകയും ഡി.ഓയ്ക്ക് റിപ്പോർട്ട് ചെയ്യുകയും വേണം. നിയമത്തിന്റെ 36(3) (എഫ്) വകുപ്പ്, എഫ്.എസ്.ഓകൾ നടത്തിയ എല്ലാ പരിശോധനകളുടെയും അവരുടെ

---

[32] തിരുവനന്തപുരം – 19, കോട്ടയം – 28, കോഴിക്കോട് – 17, കാസർഗോഡ് – 21

[33] ചട്ടം 2.1.3.4(iii)(എ)

ചുമതലകൾ നിർവഹിക്കുന്നതിൽ അവർ സ്വീകരിച്ച നടപടികളുടെയും രേഖകൾ ഡി.ഓകൾ സൂക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നു. കൂടാതെ, റെഗുലേഷൻ അനുസരിച്ച്[34] രജിസ്ട്രേഷൻ അതോറിറ്റിയോ അല്ലെങ്കിൽ ഇതിനായി പ്രത്യേകം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഏജൻസിയോ രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന്റെ ഭക്ഷ്യ സുരക്ഷാ പരിശോധന വർഷത്തിൽ ഒരിക്കലെങ്കിലും നടത്തേണ്ടതാണ്. അങ്ങനെ, ലൈസൻസുകൾ കൈവശം വെച്ചിരിക്കുന്ന എഫ്.ബി.ഓകളുടെ പരിശോധനയുടെ ആവർത്തി റെഗുലേഷൻ നിർദ്ദേശിക്കുന്നില്ല. അത് ഡി.ഓയാണ് നിശ്ചയിക്കേണ്ടത്. അതേസമയം, രജിസ്റ്റർ ചെയ്ത എഫ്.ബി.ഒകളുടെ പരിശോധനയുടെ ആവർത്തി വർഷത്തിൽ ഒരിക്കലെങ്കിലും എന്നു നിശ്ചയിച്ചിട്ടുണ്ട്.

അധികാരികൾ എഫ്.ബി.ഓകളെ പരിശോധിക്കുന്നതിന്റെ വ്യാപ്തി ഓഡിറ്റ് പരിശോധിക്കുകയും ഇനിപ്പറയുന്ന രീതിയിൽ നിരീക്ഷിക്കുകയും ചെയ്തു.

### *ലൈസൻസ് കൈവശമുള്ള എഫ്.ബി.ഓകൾ*

തെരഞ്ഞെടുത്ത ജില്ലകളിൽ ഓഡിറ്റ് കാലയളവിൽ നൽകിയ 32,268 ലൈസൻസുകളിൽ ലൈസൻസ് കൈവശമുള്ള 8,453 എഫ്.ബി.ഓകൾ (26 ശതമാനം) മാത്രമാണ് പരിശോധിക്കപ്പെട്ടതെന്ന് ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി. കൂടാതെ ഡി.ഓമാർ പരിശോധനയുടെ ആവർത്തി നിശ്ചയിച്ചിട്ടില്ലെന്നും എഫ്.എസ്.ഓമാർ നടത്തിയ പരിശോധനകളുടെയും അവർ സ്വീകരിച്ച നടപടികളുടെയും നിയമ പ്രകാരം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

എഫ്.എസ്.ഓമാർ തങ്ങൾക്ക് നിയോഗിക്കപ്പെട്ട പ്രദേശത്തെ എല്ലാ ഭക്ഷ്യസ്ഥാപനങ്ങളിലും പരിശോധന നടത്തേണ്ടതിനാൽ, ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ കാലാനുസൃതമായി നടത്തേണ്ട പരിശോധനകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല എന്നാണ് ഡെസിഗ്നേറ്റഡ് ഓഫീസർമാർ[35] അറിയിച്ചത്.

ആവർത്തി അവർ നിശ്ചയിക്കണമെന്ന് നിയമം ആവശ്യപ്പെടുന്നതിനാൽ എ.സിയുടെ മറുപടി സ്വീകാര്യമല്ല. കൂടാതെ, ആവർത്തി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ധാരാളം ലൈസൻസ് ഉടമകൾ പരിശോധിക്കപ്പെടുന്നില്ല.

അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിൽ ലൈസൻസ് ഉടമകളെ ഒരിക്കലെങ്കിലും പരിശോധിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിന്, തെരഞ്ഞെടുത്ത ഓരോ ജില്ലയിൽ നിന്നും 100 ലൈസൻസ് സർട്ടിഫിക്കറ്റുകൾ[36] അതായത് 400 ലൈസൻസുകൾ പരിശോധിച്ചു. 2016–

---

34 ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഫുഡ് ബിസിനസുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻ 2011, റെഗുലേഷൻ 2.1.1(6)

35 അസിസ്റ്റന്റ് കമ്മീഷണർ

36 ഫോസ്കോസ് ഡാറ്റയിൽ നിന്ന്

21 കാലയളവിൽ 119 ലൈസൻസ് ഉടമകളെ[37] മാത്രമാണ് ഒരിക്കലെങ്കിലും പരിശോധിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

*രജിസ്ട്രേഷൻ കൈവശമുള്ള എഫ്.ബി.ഓകൾ*

പരിശോധിച്ച സർക്കിളുകളിൽ രജിസ്റ്റർ ചെയ്ത എഫ്.ബി.ഓകളുടെ പരിശോധനയിൽ, ഓഡിറ്റ് കാലയളവിൽ നൽകിയ 47,059 രജിസ്ട്രേഷനുകളിൽ 4,062 എഫ്.ബി.ഓകൾ (8.63 ശതമാനം) മാത്രമാണ് പരിശോധിക്കപ്പെട്ടതെന്ന് കണ്ടെത്തി.

എൻഫോഴ്സ്മെന്റ് ഓഫീസർമാരുടെ കുറവും വാഹനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമാണ് പരിശോധന, സാമ്പിൾ എടുക്കൽ തുടങ്ങിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിലുണ്ടായ പ്രധാന തടസ്സങ്ങളെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഫലപ്രദമായ പ്രവർത്തന പദ്ധതി നടപ്പാക്കും എന്നും എഫ്.എസ്.എസ്.എ.ഐ ഓരോ പാദത്തിലും ഓരോ എഫ്.എസ്.ഓയ്ക്ക് 15 പരിശോധനകൾ ലക്ഷ്യം വച്ചിട്ടുണ്ടെന്നും അത് നിറവേറ്റിയിട്ടുണ്ട് എന്നും സർക്കാർ പ്രസ്താവിച്ചു.

ഓരോ പാദത്തിലും ഓരോ എഫ്.എസ്.ഓമാർക്കും നിശ്ചയിച്ച 15 പരിശോധനകൾ എന്ന ലക്ഷ്യത്തെ സംബന്ധിച്ച്, എല്ലാ പരിശോധനകൾക്കും ഫോസ്കോറിസ്[38] സജീവമായി ഉപയോഗിക്കാൻ എഫ്.എസ്.എസ്.എ.ഐ എല്ലാ സംസ്ഥാനങ്ങൾക്കും (29-ാം കേന്ദ്ര ഉപദേശക സമിതിയുടെ (സി.എ.സി) മീറ്റിംഗ്, 2020 ആഗസ്റ്റ് 05) നിർദ്ദേശം നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, മറുപടിയിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രസ്തുത യോഗം പരിശോധനകൾ 15 ആയി പരിമിതപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ മിനിട്ട്സിനൊപ്പം ഉണ്ടായിരുന്ന ഫോർമാറ്റുകൾ (സംസ്ഥാനങ്ങളുടെ പ്രകടനത്തെക്കുറിച്ചുള്ള ത്രൈമാസ അവലോകനങ്ങൾക്കായി വികസിപ്പിച്ചെടുത്ത ഫോർമാറ്റുകൾ) അനുസരിച്ച് 15 പുതിയ ഭക്ഷണശാലകളുടെ പരിശോധനയുടെ വിശദാംശങ്ങൾ ആയിരുന്നു ഉൾക്കൊള്ളിക്കേണ്ടിയിരുന്നത്. കൂടാതെ, സി.എ.സിയുടെ തീരുമാനം, പരിശോധനകൾ സംബന്ധിച്ച നിയമങ്ങളിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങളെ അസാധുവാക്കുന്നതായി കണക്കാക്കാനാവില്ല.

രജിസ്റ്റർ ചെയ്ത എല്ലാ സ്ഥാപനങ്ങളും വർഷത്തിലൊരിക്കൽ പരിശോധിക്കാൻ ഭക്ഷ്യസുരക്ഷാ അതോറിറ്റികൾ ബാധ്യസ്ഥരാണെന്നും ലൈസൻസുള്ള സ്ഥാപനങ്ങളുടെ പരിശോധനയുടെ ആവർത്തി ഡി.ഒ മാർ നിർദ്ദേശിക്കണമെന്നും ഓഡിറ്റ് ചൂണ്ടിക്കാട്ടി. നിർദ്ദിഷ്ട പരിശോധനകൾ നടത്താതെ, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ എഫ്.ബി.ഒ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ അധികാരികൾക്ക് കഴിയില്ല.

---

37 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഒരിക്കലെങ്കിലും പരിശോധിച്ച എഫ്.ബി.ഓകളുടെ എണ്ണം, തിരുവനന്തപുരം – 27, കോട്ടയം – 47, കോഴിക്കോട് – 32, കാസർഗോഡ് – 13

38 ഫോസ്കോറിസ് എന്നാൽ ഫുഡ് സേഫ്റ്റി കംപ്ലയൻസ് വിത്ത് ഇൻസ്പെക്ഷൻ ആന്റ് സാംപ്ലിംഗ്.

### 2.1.4.8. ഇമ്പ്രൂവ്മെന്റ് നോട്ടീസ് നൽകിയിട്ടും തുടർ നടപടികൾ ഉണ്ടാകാത്തത്

നിയമത്തിന്റെ വകുപ്പ് 32(1) പ്രകാരം, ഏതെങ്കിലും എഫ്.ബി.ഒ ഏതെങ്കിലും റെഗുലേഷനുകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് വിശ്വസിക്കാൻ ഡെസിഗ്നേറ്റഡ് ഓഫീസർക്ക് (ഡി.ഒ) ന്യായമായ കാരണമുണ്ടെങ്കിൽ, ആ എഫ്.ബി.ഓയ്ക്ക് അറിയിപ്പ് (നിയമത്തിൽ ഇമ്പ്രൂവ്മെന്റ് നോട്ടീസ് എന്ന് പരാമർശിക്കുന്നു) നൽകാം. ന്യായമായ ഒരു കാലയളവിനുള്ളിൽ (14 ദിവസത്തിൽ കുറയാത്തത്), അറിയിപ്പിൽ വ്യക്തമാക്കിയതിന് തത്തുല്യമായ നടപടികൾ എങ്കിലും സ്വീകരിക്കാൻ എഫ്.ബി.ഒ ബാദ്ധ്യസ്ഥനാണ്. ക്ലോസ് (2) പറയുന്നത്, ഒരു ഇമ്പ്രൂവ്മെന്റ് നോട്ടീസ് പാലിക്കുന്നതിൽ എഫ്.ബി.ഒ പരാജയപ്പെട്ടാൽ, അദ്ദേഹത്തിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെടാം എന്നാണ്. കൂടാതെ ക്ലോസ് (3) പ്രകാരം, ഇമ്പ്രൂവ്മെന്റ് നോട്ടീസ് പാലിക്കുന്നതിൽ എഫ്.ബി.ഒ വീണ്ടും പരാജയപ്പെട്ടാൽ, കാരണം കാണിക്കാൻ ലൈസൻസിക്ക് അവസരം നൽകിയതിന് ശേഷം ഡി.ഓയ്ക്ക് ലൈസൻസ് റദ്ദാക്കാം.

തെരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ, അതായത് തിരുവനന്തപുരത്തും, കോഴിക്കോട്ടും നൽകിയ ഇമ്പ്രൂവ്മെന്റ് നോട്ടിസുകളിൽ, എഫ്.ബി.ഓകൾ നൽകിയ അറിയിപ്പ് പാലിച്ചതിന്റെ വിശദാംശങ്ങൾ ഡി.ഓമാരുടെ പക്കൽ ലഭ്യമല്ലായിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത്തരം 85 കേസുകളിൽ[39] ഒമ്പത് വീതം 2017–18–ലും 2018–19–ലും 30 എണ്ണം 2019–20–ലും 37[40] എണ്ണം 2020–21–ലും ആണ് നൽകിയത്. എഫ്.ബി.ഓകൾ സ്വീകരിച്ച നടപടിയെക്കുറിച്ചുള്ള വിവരങ്ങളുടെ അഭാവത്തിൽ, ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ട വീഴ്ചകൾ പരിഹരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് ഉറപ്പാക്കാൻ കഴിയില്ല.

നിരീക്ഷണം ഗൗരവമായി കാണുമെന്നും പോരായ്മകൾ ഫലപ്രദമായി പരിഹരിക്കുമെന്നും, കർശനമായ അനുവർത്തനം ഉറപ്പാക്കുന്നതിനായി എല്ലാ ഓഫീസുകളിലും മിന്നൽ പരിശോധനകൾ നടത്താൻ എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും, അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകി എന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ).

### 2.1.4.9. സർവൈലൻസ് സാമ്പിളുകൾ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത കേസുകളിൽ എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുക്കാത്തത്

എഫ്.എസ്.എസ് ചട്ടങ്ങൾ 2011–ലെ ചട്ടം 2.1.3–ലെ ക്ലോസ് 4 iii (ഡി), നിരീക്ഷണം, സർവ്വേ, ഗവേഷണം എന്നിവയ്ക്കായി സാമ്പിളുകൾ എടുക്കേണ്ടത് എഫ്.എസ്.ഓമാരുടെ കടമയാണെന്നും അവ പ്രോസിക്യൂഷന് ഉപയോഗിക്കില്ല എന്നും പ്രസ്താവിക്കുന്നു. എഫ്.എസ്.എസ്.എ.ഐ പുറപ്പെടുവിച്ച (2017) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്കുള്ള മാനുവൽ അനുസരിച്ച്, ഏതെങ്കിലും സർവൈലൻസ് സാമ്പിൾ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ വരികയാണെങ്കിൽ,

---

39 തിരുവനന്തപുരം – 83, കോഴിക്കോട് – 2
40 തിരുവനന്തപുരം – 35, കോഴിക്കോട് – 2

എൻഫോഴ്സ്മെന്റ് സാമ്പിൾ എടുക്കുകയും പ്രോസിക്യൂഷൻ ആരംഭിക്കുകയും ചെയ്യാം.

തെരഞ്ഞെടുത്ത സർക്കിളുകളിൽ 2016–21 കാലയളവിൽ സർവൈലൻസ് സാമ്പിൾ വ്യവസ്ഥകൾക്ക് അനുസൃതമല്ലായെന്ന് കണ്ടെത്തിയ സന്ദർഭങ്ങളിൽ എടുത്ത എൻഫോഴ്സ്മെന്റ് സാമ്പിളുകളുടെ വിശകലനം ഓഡിറ്റ് നടത്തി. പരിശോധന നടത്തിയ പത്ത് സർക്കിളുകളിൽ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത 708 സാമ്പിളുകളിൽ 56 കേസുകളിൽ മാത്രമാണ് എൻഫോഴ്സ്മെന്റ് സാമ്പിളുകൾ ശേഖരിച്ചതെന്നും, മൂന്ന് സർക്കിളുകൾ ഒരു എൻഫോഴ്സ്മെന്റ് സാമ്പിൾ പോലും ശേഖരിച്ചിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 2.4**–ൽ നൽകിയിരിക്കുന്നു.

എൻഫോഴ്സ്മെന്റ് സാമ്പിൾ എടുക്കാത്തതിന്റെ ഫലമായി നിയമത്തിന്റെയും ചട്ടങ്ങളുടെയും സത്തയെ പരാജയപ്പെടുത്തുംവിധം വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങൾ ഉപയോഗിക്കുന്നതിന് കാരണമായി. ഓഡിറ്റ് ശ്രദ്ധിച്ച അത്തരം രണ്ട് സന്ദർഭങ്ങൾ താഴെ വിവരിക്കുന്നു.

ഒരു പരാതിയുടെ അടിസ്ഥാനത്തിൽ സംക്രാന്തി ക്ഷീര സഹകരണ സംഘത്തിൽ നിന്ന് കോട്ടയം സർക്കിളിലെ എഫ്.എസ്.ഒ പാലിന്റെ സർവൈലൻസ് സാമ്പിൾ എടുത്തിരുന്നു (2019 ജൂലൈ 23). തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയുടെ വിശകലന റിപ്പോർട്ട് പ്രകാരം (2019 ആഗസ്റ്റ് 08) സാമ്പിൾ നിലവാരമില്ലാത്തതായിരുന്നു. വിശകലന റിപ്പോർട്ടിന്റെ തീയതി മുതൽ 16 മാസം കഴിഞ്ഞ് 2021 ഫെബ്രുവരി 03–നാണ് നിലവാരമില്ലെന്നു കണ്ടെത്തിയ ഉത്പന്നത്തിന്റെ എൻഫോഴ്സ്മെന്റ് സാമ്പിൾ എടുത്തതെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ഫലം ഇതുവരെയും ലഭിച്ചിട്ടില്ല (2021 സെപ്റ്റംബർ).

ഒരു പരാതിയുടെ അടിസ്ഥാനത്തിൽ, ചങ്ങനാശ്ശേരി സർക്കിളിലെ എഫ്.എസ്.ഒ (2018 ജൂൺ 22) ഡയറ്ററി ഫൈബ്രസ് പാനീയത്തിന്റെ ഒരു സർവൈലൻസ് സാമ്പിൾ ലഭ്യമാക്കിയിരുന്നു. തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയുടെ വിശകലന റിപ്പോർട്ട് അനുസരിച്ച്, സിന്തറ്റിക് കളർ (അമരന്ത് സി.ഐ 16185) അടങ്ങിയതിനാൽ ഉത്പന്നം സുരക്ഷിതമല്ലായിരുന്നു. ഈ ഫുഡ് അഡിറ്റീവ് ഭക്ഷ്യ വസ്തുക്കളിൽ അനുവദനീയമല്ല. ഉത്പന്നം ഓൺലൈനിൽ മാത്രം ലഭ്യമായതിനാൽ എൻഫോഴ്സ്മെന്റ് സാമ്പിൾ എടുത്തിട്ടില്ലെന്ന് എഫ്.എസ്.ഒ, ഡി.ഓയെ (2018 ഡിസംബർ) അറിയിച്ചു.

പൊതുവായ നിരീക്ഷണം, സർവേ, ഗവേഷണം എന്നിവയ്ക്കായാണ് സർവൈലൻസ് സാമ്പിളുകൾ എടുക്കുന്നതെന്നും പ്രോസിക്യൂഷന് ഉപയോഗിക്കാൻ കഴിയില്ലെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ). രാജ്യത്ത് നിർമ്മിക്കുന്നതോ വിൽക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ ഭക്ഷ്യ വസ്തുക്കളുടെ സുരക്ഷയും ഗുണനിലവാരവും നിരീക്ഷിക്കുന്നതിനാണ് ഇത്തരത്തിലുള്ള സാമ്പിളുകൾ ശേഖരിക്കുന്നത്.

സർവൈലൻസ് സാമ്പിളുകൾ സുരക്ഷിതമല്ലെന്ന് റിപ്പോർട്ട് ചെയ്യുമ്പോൾ എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുക്കണമെന്ന് എഫ്.എസ്.എസ് നിയമത്തിലോ ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിർബന്ധമാക്കിയിട്ടില്ല. പ്രസക്തമായ കേസുകളിൽ സുരക്ഷിതമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട, വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത സാമ്പിൾ ലഭിച്ചതിനെത്തുടർന്ന് വകുപ്പ് എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുത്തു. കൂടാതെ, വ്യവസ്ഥിതി തിരുത്താനുള്ള മാർഗങ്ങളിലൊന്ന് മാത്രമാണ് പ്രോസിക്യൂഷനെന്നും പ്രസ്താവിച്ചു.

2017-ൽ പുറപ്പെടുവിച്ച മാനുവലിൽ, വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്തതിനാൽ ഏതെങ്കിലും സർവൈലൻസ് സാമ്പിൾ പരാജയപ്പെട്ടാൽ, എൻഫോഴ്സ്മെന്റ് സാമ്പിൾ എടുക്കുകയും പ്രോസിക്യൂഷൻ ആരംഭിക്കുകയും ചെയ്യാമെന്ന് വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല. സർവൈലൻസ് സാമ്പിളുകൾ സുരക്ഷിതമല്ലാതായപ്പോൾ വകുപ്പ് റീകോൾ നടപടികളൊന്നും ആരംഭിച്ചില്ലെന്നും അതിനാൽ സുരക്ഷിതമല്ലാത്ത ഭക്ഷണം പൊതുജനങ്ങൾ ഉപയോഗിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. മനുഷ്യ ഉപഭോഗത്തിന് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്. അതിനാൽ സർവൈലൻസ് സാമ്പിളുകൾ സുരക്ഷിതമല്ലെന്ന് റിപ്പോർട്ട് ചെയ്യുമ്പോൾ എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുക്കണം എന്ന് എഫ്.എസ്.എസ് നിയമത്തിലോ ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിർബന്ധമാക്കിയിട്ടില്ലെന്ന് പ്രസ്താവിച്ചുകൊണ്ട് അത് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് വകുപ്പിന് ഒഴിഞ്ഞു മാറാൻ കഴിയില്ല.

സാമ്പിൾ വ്യവസ്ഥകൾക്ക് അനുസൃതമല്ലായെന്ന അവബോധം ഉണ്ടായിരുന്നിട്ടും ഉപഭോക്താക്കൾക്ക് അപകടമുണ്ടാകാവുന്ന സാഹചര്യം തുടരാൻ അധികാരികൾ അനുവദിച്ചതിനാൽ സർവൈലൻസ് സാമ്പിൾ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത സന്ദർഭങ്ങളിൽ എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എഫ്.എസ്.ഒമാർ എടുക്കാതിരുന്നത് ന്യായികരിക്കാനാവില്ല.

### *2.1.4.10. അങ്കണവാടികളിൽ നിന്ന് എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുക്കാത്തത്*

സംയോജിത ശിശു വികസന സേവന പദ്ധതിയ്ക്ക് (ഐ.സി.ഡി.എസ്) കീഴിൽ ദേശീയ പോഷകാഹാര മിഷൻ (പോഷൻ അഭിയാൻ) നടപ്പിലാക്കുന്നു. ഈ ദൗത്യത്തിന്റെ പ്രധാന ഉദ്ദേശ്യം ഭക്ഷണവും പോഷകാഹാരവുമായിരുന്നു. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ സാമ്പിൾ പരിശോധന നടത്തേണ്ടതുണ്ട്. 2020 സെപ്റ്റംബർ 09 മുതൽ 15 വരെ സംസ്ഥാനത്തെ അങ്കണവാടികളിൽ നിന്ന് പ്രതിദിനം മൂന്ന് മുതൽ അഞ്ച് വരെ സർവൈലൻസ് സാമ്പിളുകൾ എടുക്കാൻ എല്ലാ എഫ്.എസ്.ഓമാരോടും എഫ്.എസ്.എസ്.എ.ഐ നിർദ്ദേശിച്ചു (2020 സെപ്റ്റംബർ). അതനുസരിച്ച് 2020 സെപ്റ്റംബർ രണ്ടാം വാരത്തിൽ സംസ്ഥാനത്തെ അങ്കണവാടികളിൽ നിന്നും മൂന്ന് മുതൽ അഞ്ച് വരെ

സർവൈലൻസ് സാമ്പിളുകൾ എടുക്കാൻ ഫുഡ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു (2020 സെപ്റ്റംബർ). ഓഡിറ്റ് തെരഞ്ഞെടുത്ത 13 സർക്കിളുകളിൽ ഏഴ് സർക്കിളുകൾ[41] മാത്രമാണ് ഭക്ഷ്യ സാമ്പിളുകൾ പരിശോധനയ്ക്കായി എടുത്തതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിൽ നാല് സർക്കിളുകളിലെ എഫ്.എസ്.ഓമാർ എടുത്ത ഭക്ഷ്യ സാമ്പിളുകൾ സുരക്ഷിതമല്ലായിരുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷ്യ സാമ്പിളുകളിൽ തിരുവനന്തപുരം (2020 സെപ്റ്റംബർ 15), കാസർഗോഡ് (2020 സെപ്റ്റംബർ 14), വൈക്കം (2020 സെപ്റ്റംബർ 11) സർക്കിളുകളിൽ നിന്നുള്ള അമൃതം ന്യൂട്രിമിക്സും[42] കഴക്കൂട്ടം (2020 സെപ്റ്റംബർ 09) സർക്കിളിൽ നിന്നുള്ള ബംഗാൾ പയറും സുരക്ഷിതമല്ലാത്ത ഭക്ഷ്യ സാമ്പിളുകളിൽ ഉൾപ്പെട്ടിരുന്നു. അതേ ബാച്ചിന്റെ ഭക്ഷ്യ ഉത്പന്നം ലഭ്യമല്ലെന്ന് ചൂണ്ടിക്കാട്ടി വൈക്കം സർക്കിളിലെ എഫ്.എസ്.ഒ എൻഫോഴ്സ്മെന്റ് സാമ്പിൾ എടുത്തിരുന്നില്ല. തിരുവനന്തപുരം ജില്ലയിലെ സർക്കിൾ ഓഫീസുകളെ സംബന്ധിച്ചാണെങ്കിൽ നാലു മാസം കഴിഞ്ഞ് നിർമ്മാണ യൂണിറ്റിലെ മറ്റൊരു ബാച്ചിൽ നിന്നാണ് സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ എടുത്തത് (2021 ഏപ്രിൽ 07). ഇതിന്റെ ഫലം തൃപ്തികരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കാസർഗോഡ് സർക്കിളിൽ അമൃതം ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഒരു അങ്കണവാടിയിൽ നിന്നും വ്യത്യസ്ത ബാച്ചുകളിലെ രണ്ട് സാമ്പിളുകൾ ഒരു നിർമ്മാണ യൂണിറ്റിൽ നിന്നുമാണ് ശേഖരിച്ചത് (2020 സെപ്റ്റംബർ 14). വിശകലനം ചെയ്തപ്പോൾ അവ സുരക്ഷിതമല്ലാത്തതാണെന്ന് കണ്ടെത്തി (2020 ഡിസംബർ 10), എട്ട് മാസത്തിന് ശേഷം മറ്റൊരു ബാച്ചിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി സാമ്പിൾ 2021 ആഗസ്റ്റ് 13-നാണ് എടുത്തത്. പരിശോധിച്ചപ്പോൾ നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തി. മൂന്ന് സർക്കിളുകളിൽ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയ അമൃതം ന്യൂട്രിമിക്സിന്റെ 3,556.50 കിലോഗ്രാം അതിനോടകം വിതരണം ചെയ്യപ്പെട്ടിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. മേൽ പറഞ്ഞ പോലെ, ബംഗാൾ പയറിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ വിതരണക്കാരന്റെ അടുക്കലുള്ള മറ്റൊരു ബാച്ചിൽ നിന്നും 2021 ഫെബ്രുവരി 15-ന് ശേഖരിച്ചിരുന്നു. ഇതിന്റെ പരിശോധനാഫലം തൃപ്തികരമായിരുന്നു. എന്നാൽ, സുരക്ഷിതമല്ലെന്ന് കണ്ടെത്തിയ അതേ ബാച്ചിലെ 444 കിലോഗ്രാം ബംഗാൾ പയർ അങ്കണവാടികൾ ഉപയോഗിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്കണവാടികളിൽ നിന്ന് മൂന്ന് മുതൽ അഞ്ച് വരെ സർവൈലൻസ് സാമ്പിളുകൾ എടുക്കുന്നത് സംബന്ധിച്ച എഫ്.എസ്.എസ്.എ.ഐയുടെ നിർദ്ദേശങ്ങൾ മറ്റ് സർക്കിൾ ഓഫീസുകൾ പാലിച്ചില്ല.

അങ്കണവാടികളിൽ നിന്ന് സർവൈലൻസ് സാമ്പിളുകൾ എടുത്തിരുന്നുവെന്നും അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണ യൂണിറ്റുകളിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ എടുത്തിരുന്നുവെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ). സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പ്രക്രിയയ്ക്ക് ഒരു പ്രത്യേക

---

41 തിരുവനന്തപുരം, വട്ടിയൂർക്കാവ്, ആറ്റിങ്ങൽ, കഴക്കൂട്ടം, വൈക്കം, കൊടുവള്ളി, കാസർഗോഡ്

42 അമൃതം ന്യൂട്രിമിക്സ് ആറുമാസം മുതൽ മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് നൽകുന്ന ഒരു അനുബന്ധപോഷകാഹാരമാണ്.

ബാച്ചിന്റെ നിശ്ചിത അളവിലുള്ള ഭക്ഷ്യ ഉത്പന്നങ്ങൾ ആവശ്യമാണെന്നും അറിയിച്ചു. അങ്കണവാടികളിൽ കുട്ടികൾക്ക് ആവശ്യമായ അളവിലുള്ള ഭക്ഷണസാധനങ്ങൾ മാത്രമേ എല്ലായ്പ്പോഴും സൂക്ഷിക്കാറുള്ളൂ. സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾക്കായി വകുപ്പ് നാല് പാക്കറ്റുകൾ എടുത്താൽ, കുട്ടികൾക്ക് ഭക്ഷണ സാധനങ്ങൾ ലഭിക്കാതെ പോകാം. അത് പ്രായോഗികമല്ല. ഭക്ഷ്യ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ, നിർമ്മാണ യൂണിറ്റുകളിൽ നിന്ന് എൻഫോഴ്സ്മെന്റ് സാമ്പിളുകൾ പതിവായി എടുക്കാറുണ്ട്.

എഫ്.എസ്.എസ്.എ.ഐ എല്ലാ എഫ്.എസ്.ഓമാരോടും പ്രതിദിനം മൂന്ന് മുതൽ അഞ്ച് വരെ സാമ്പിളുകൾ എടുക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും പരിശോധിച്ച 13 സർക്കിളുകളിൽ ആറിലും എഫ്.എസ്.ഒമാർ ആ നിർദ്ദേശങ്ങൾ പാലിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർവൈലൻസ് സാമ്പിൾ സുരക്ഷിതമല്ലായെന്ന് കണ്ടെത്തിയ മൂന്ന് സർക്കിളുകളിൽ, നിർമ്മാണ യൂണിറ്റുകളിൽ നിന്ന് എൻഫോഴ്സ്മെന്റ് സാമ്പിളുകൾ എടുക്കുന്നതിന് നാല് മുതൽ എട്ട് മാസം വരെ കാലതാമസമുണ്ടായി. ഒരു സർക്കിൾ എൻഫോഴ്സ്മെന്റ് സാമ്പിളുകൾ ഒന്നുപോലും എടുത്തിരുന്നില്ല. എഫ്.എസ്.ഓമാർ സമയോചിതമായി നടപടികളെടുക്കാത്തിനാൽ സുരക്ഷിതമല്ലാത്ത ബാച്ചിലെ ഭക്ഷണം മുഴുവൻ കുട്ടികൾക്ക് വിതരണം ചെയ്യപ്പെട്ടു.

അമൃതം ന്യൂട്രിമിക്സ് സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടും പിടിച്ചെടുക്കൽ, റീകോൾ തുടങ്ങിയ തുടർ നടപടികളൊന്നും ആരംഭിക്കാത്തത് ആറ് മാസം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക് സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം/ ഉപഭോഗം ചെയ്യുന്നതിലേക്ക് നയിച്ചു.

### *2.1.4.11. റീകോൾ നടപടിക്രമം നിരീക്ഷിക്കാത്തത്*

സുരക്ഷിതമല്ലെന്ന് നിർണ്ണയിച്ചതോ പ്രഥമദൃഷ്ട്യാ പരിഗണിച്ചതോ ആയ ഭക്ഷണമോ ഭക്ഷ്യ ഉത്പന്നങ്ങളോ വീണ്ടെടുക്കുകയോ നശിപ്പിക്കുകയോ പുനഃസംസ്കരിക്കുകയോ ചെയ്യണമെന്ന് എഫ്.എസ്.എസ് (ഫുഡ് റീകോൾ പ്രൊസീജ്യർ) റെഗുലേഷൻസ്, 2017 ആവശ്യപ്പെടുന്നു. റീകോൾ ഫലപ്രദമായി പുരോഗമിക്കുന്നുണ്ടോ എന്ന് എഫ്.ബി.ഒ ഉറപ്പാക്കുകയും റീകോളിന്റെ പുരോഗതി അറിയിക്കാൻ സംസ്ഥാന ഭക്ഷ്യ അതോറിറ്റിക്ക് ആനുകാലിക സ്റ്റാറ്റസ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണമെന്ന് റെഗുലേഷൻ 9 പറയുന്നു. കൂടാതെ, ഫുഡ് സേഫ്റ്റി കമ്മീഷണർ, റീകോൾ അലർട്ട് ലഭിച്ചതിന് ശേഷം എഫ്.ബി.ഓയുടെ റീകോൾ ചെയ്യാനുള്ള കഴിവ് പരിശോധിക്കുകയും റീകോൾ പൂർത്തിയാക്കുന്നതിൽ മേൽനോട്ടം വഹിക്കുകയും അവരുടെ റീകോൾ റിപ്പോർട്ടുകൾ വിലയിരുത്തുകയും ചെയ്യണമെന്ന് റെഗുലേഷൻ 15 വ്യവസ്ഥ ചെയ്യുന്നു. ഫുഡ് സേഫ്റ്റി കമ്മീഷണർ, ഭക്ഷ്യവസ്തുക്കൾ റീകോൾ ചെയ്യാനുള്ള അധികാരം ഡി.ഓമാർക്ക് നൽകികൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് (2018 മെയ്).

2017–21[43] കാലയളവിൽ തെരഞ്ഞെടുത്ത 13 സർക്കിളുകളിൽ 159 കേസുകൾ സുരക്ഷിതമല്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എല്ലാ

---

43 ഫുഡ് റീകോൾ പ്രൊസീജ്യർ റെഗുലേഷൻ, 2017 ജനുവരി 18 മുതൽ പ്രാബല്യത്തിൽ വന്നു

കേസുകളിലും പ്രോസിക്യൂഷൻ നടപടി ആരംഭിച്ചിരുന്നു. തെരഞ്ഞെടുത്ത സർക്കിളുകളിലെ പ്രോസിക്യൂഷൻ കേസുകൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചു. 35 കേസുകളിൽ, റീകോൾ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് ഡി.ഒ, എഫ്.ബി.ഓയെ അറിയിച്ചിട്ടില്ലെന്ന് കണ്ടെത്തി. കൂടാതെ, ശേഷിച്ച 124 കേസുകളിൽ 106 എണ്ണത്തിലും റീകോൾ നോട്ടീസിന്മേൽ സ്വീകരിച്ച തുടർനടപടികൾ എഫ്.ബി.ഓകൾ ഡി.ഓകൾക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽപെട്ടു. അതിനാൽ റീകോൾ നോട്ടീസിന്മേൽ എടുത്ത നടപടിയെ സംബന്ധിച്ച രേഖകളൊന്നും ലഭ്യമായിരുന്നില്ല.

റെഗുലേറ്ററി അതോറിറ്റി അനുശാസിക്കുന്ന നിയമങ്ങൾ ലംഘിച്ച് വിപണനം ചെയ്ത ഭക്ഷ്യ ഉത്പന്നങ്ങളും അവയുടെ ലേബലിംഗും നീക്കം ചെയ്യുന്നതിനോ തിരുത്തുന്നതിനോ ഉള്ള ഉചിതമായ രീതിയാണ് ഭക്ഷ്യ വസ്തുക്കളുടെ റീകോൾ. റീകോൾ നടപടിക്രമത്തിൽ നിരീക്ഷണ സംവിധാനത്തിന്റെ അഭാവം റീകോൾ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നതിനും അതുവഴി സുരക്ഷിതമല്ലാത്ത ഉത്പന്നം വിപണിയിലെത്തുന്നതിനും കാരണമായേക്കാം.

എല്ലാ റിപ്പോർട്ടുകളും സമഗ്രമായി പരിശോധിക്കുന്നതിനും എല്ലാ കാര്യങ്ങളിലും തുടർനടപടികൾ ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ഡി.ഓമാർക്കും നൽകുമെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). നിരോധിത ഭക്ഷ്യ ഉത്പന്നങ്ങൾ പത്രക്കുറിപ്പുകളിലൂടെയും മാധ്യമങ്ങളിലൂടെയും റീകോൾ ചെയ്യുന്നതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കാൻ വകുപ്പ് നടപടികൾ സ്വീകരിച്ചിരുന്നു.

എന്നിരുന്നാലും, നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിക്കുന്നില്ലെന്നും മിക്ക കേസുകളിലും സുരക്ഷിതമല്ലാത്ത ഭക്ഷണം പൂർണ്ണമായും റീകോൾ ചെയ്തതായി ഉറപ്പാക്കാൻ കഴിഞ്ഞില്ലെന്നും ഓഡിറ്റ് ശ്രദ്ധിച്ചു.

### 2.1.5. ഭക്ഷ്യ വിശകലനം

സുരക്ഷിതവും ആരോഗ്യദായകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പാക്കുക എന്നതാണ് ഭക്ഷ്യസുരക്ഷാ അതോറിറ്റിയെ ഏൽപ്പിച്ചിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്ന്. ഇത് നേടുന്നതിൽ ലബോറട്ടറി പരിശോധന വളരെ നിർണായക പങ്ക് വഹിക്കുന്നു. വകുപ്പിന് കീഴിലുള്ള ലബോറട്ടറികളുടെ പ്രവർത്തനത്തിന്റെ ചില മേഖലകൾ ഓഡിറ്റ് പരിശോധിച്ചു. കൂടാതെ, എല്ലാ വർഷവും ലക്ഷക്കണക്കിന് ഭക്തർ പ്രാർത്ഥനയ്ക്കായി എത്തുന്ന പ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശബരിമല ക്ഷേത്രത്തിൽ അർപ്പിക്കുന്ന അസംസ്കൃത ഭക്ഷ്യ പദാർത്ഥങ്ങളും വഴിപാടുകളും പരിശോധിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള ലബോറട്ടറികളിൽ ഈ നിയമം നടപ്പിലാക്കുന്നതും ഓഡിറ്റ് പരിശോധിച്ചു. ലബോറട്ടറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

### 2.1.5.1. വേണ്ടത്ര പരിശോധനകൾ നടത്താത്തതിനാൽ സുരക്ഷിതമായ ഭക്ഷണത്തെക്കുറിച്ച് ഉറപ്പില്ലാത്തത്

എഫ്.എസ്.എസ് നിയമം, 2006 വകുപ്പ് 43(1) പ്രകാരം ഫുഡ് അനലിസ്റ്റുകളാൽ സാമ്പിളുകളുടെ വിശകലനം നടത്തുന്നതിനായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് (എൻ.എ.ബി.എൽ) അല്ലെങ്കിൽ മറ്റേതെങ്കിലും അക്രഡിറ്റേഷൻ ഏജൻസിയുടെ അംഗീകാരമുള്ള ഭക്ഷ്യ ലബോറട്ടറികളെയും ഗവേഷണ സ്ഥാപനങ്ങളെയും ഭക്ഷ്യഅതോറിറ്റിയ്ക്ക് വിജ്ഞാപനം ചെയ്യാവുന്നതാണ്.

എഫ്.എസ്.എസ് (ഫുഡ് പ്രോഡക്ട്സ് സ്റ്റാൻഡേർഡ്സ് ആന്റ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ്, 2011, ആവശ്യ ഘടനയുടെയും ഗുണനിലവാര ഘടകങ്ങളുടെയും മാനദണ്ഡങ്ങൾ, അനുവദനീയമായ പരിധി, ഭക്ഷ്യ അഡിറ്റീവുകൾ, മലിനീകരണ വസ്തുക്കൾ, വിഷവസ്തുക്കൾ, അവശിഷ്ടങ്ങൾ, ശുചിത്വം, ലേബലിംഗ്, ഓരോ ഭക്ഷണത്തിനും ഭക്ഷ്യഉത്പന്നത്തിനും പിന്തുടരേണ്ട സാംപ്ലിംഗ്, വിശകലന രീതികൾ എന്നിവ വ്യക്തമാക്കുന്നു. ഓരോ ഭക്ഷ്യ വസ്തുക്കൾക്കും ബാധകമായ അത്തരം ഘടകങ്ങൾ ലബോറട്ടറികൾ പരിശോധിക്കേണ്ടതാണ്. പരിശോധനയിൽ, ഭക്ഷണ സാമ്പിളുകളെ വ്യവസ്ഥകൾക്ക് അനുസൃതമായത്, സുരക്ഷിതമല്ലാത്തത്[44], നിലവാരമില്ലാത്തത്[45] അല്ലെങ്കിൽ തെറ്റായി ബ്രാൻഡ് ചെയ്തത്[46] എന്നിങ്ങനെ തരംതിരിക്കുന്നു.

സംസ്ഥാനത്തെ ഭക്ഷ്യസാമ്പിളുകളുടെ വിശകലനത്തിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് മൂന്ന് ലബോറട്ടറികളെ[47] വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ ലബോറട്ടറികളിൽ വിശകലനം ചെയ്യാൻ കഴിയുന്ന ഭക്ഷണ വിഭാഗങ്ങൾ (1) പാലും പാലുത്പന്നങ്ങളും (2) ധാന്യങ്ങളും ധാന്യഉത്പന്നങ്ങളും (3) സുഗന്ധവ്യഞ്ജനങ്ങളും മസാലകളും (4) ചായ, കാപ്പി, പാനീയങ്ങൾ (5) കൊഴുപ്പുകൾ, എണ്ണകൾ, മിഠായികൾ (6) പായ്ക്ക് ചെയ്ത കുടിവെള്ളം (7) മത്സ്യവും മാംസവും (8) പ്രൊപ്രൈറ്ററി ഫുഡ്സ്[48] എന്നിവയാണ്.

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ പാൽ, മത്സ്യം, വെളിച്ചെണ്ണ, കാപ്പി, പായ്ക്ക് ചെയ്ത കുടിവെള്ളം (മിനറൽ വാട്ടർ ഒഴികെ) എന്നിവയുടെ സാമ്പിളുകളിൽ ഈ ലബോറട്ടറികൾ പരിശോധിച്ച ഘടകങ്ങളുടെ വിശദമായ വിശകലനം ഓഡിറ്റ് നടത്തി. മലിനീകരണ

---

44 ഒരു ഭക്ഷണ വസ്തുവിന്റെ സവിശേഷതകളോ പദാർത്ഥമോ ഗുണനിലവാരമോ ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിൽ ആണെങ്കിൽ അതിനെ സുരക്ഷിതമല്ലാത്ത ഭക്ഷണമായി കണക്കാക്കുന്നു.

45 നിലവാരമില്ലാത്ത ഭക്ഷണങ്ങൾ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെങ്കിലും സുരക്ഷിതമല്ലാത്തവയല്ല.

46 തെറ്റായ, തെറ്റിദ്ധരിപ്പിക്കുന്ന അല്ലെങ്കിൽ വഞ്ചനാപരമായ വാഗ്ദാനങ്ങൾ ഉപയോഗിച്ച് വിൽക്കുന്നവയോ മറ്റൊരു ഭക്ഷ്യവസ്തുവിന്റെ പേരിലോ അല്ലെങ്കിൽ ഒരു സാങ്കൽപിക പേരിലോ വിൽക്കുന്നവയോ ആയവയാണ് തെറ്റായി ബ്രാൻഡ് ചെയ്ത ഭക്ഷണം.

47 ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി (ജി.എ.എൽ), തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി (ആർ.എ.എൽ), എറണാകുളം, റീജണൽ അനലിറ്റിക്കൽ ലബോറട്ടറി (ആർ.എ.എൽ), കോഴിക്കോട്

48 ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ്(ഫുഡ് പ്രൊഡക്ട്സ് സ്റ്റാൻഡേർഡ്സ് ആന്റ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011-ൽ മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടില്ലാത്ത ഭക്ഷണം.

വസ്തുക്കൾ, വിഷവസ്തുക്കൾ, അവശിഷ്ടങ്ങൾ, ആന്റിബയോട്ടിക്കുകൾ, മൈക്രോബയോളജിക്കൽ വശങ്ങൾ എന്നിവയുടെ അനുവദനീയമായ പരിധികളും മാനദണ്ഡങ്ങളും വിശകലനം ചെയ്യുന്നതിനുള്ള എല്ലാ നിർദ്ദിഷ്ട ഘടകങ്ങളെയും ഈ ലബോറട്ടറികളിലൊന്നും പരിശോധിക്കുന്നില്ലെന്നും അതിനാൽ ഉപഭോഗത്തിന് ലഭ്യമായ ഭക്ഷ്യവസ്തു, സുരക്ഷിതമാണെന്ന് ഉറപ്പാക്കാൻ കഴിയില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഉദാഹരണത്തിന്, 2016–17 മുതൽ 2020–21 വരെയുള്ള കാലയളവിൽ പാലിൽ 33 മുതൽ 99 വരെ ഘടകങ്ങൾ പരിശോധിക്കേണ്ടതായിരുന്നു. എന്നാൽ, ജി.എ.എൽ തിരുവനന്തപുരത്ത് ഏഴ് മുതൽ എട്ട് വരെയും, എറണാകുളത്തെ ആർ.എ.എല്ലിൽ നാല് മുതൽ എട്ട് വരെയും, കൂടാതെ കോഴിക്കോട് ആർ.എ.എല്ലിൽ ഏഴ് മുതൽ 42 വരെയും ഘടകങ്ങൾ മാത്രമാണ് പരിശോധിച്ചത്. 2016–17 മുതൽ 2020–21 വരെയുള്ള കാലയളവിൽ മൂന്ന് ലാബുകളിലായി വിശകലനം ചെയ്ത 2,769 പാൽ സാമ്പിൾ റിപ്പോർട്ടുകളുടെ ഓഡിറ്റ് പരിശോധനയിൽ 2,442 എണ്ണത്തിൽ (88.19 ശതമാനം) എഫ്.എസ്.എസ്.എ.ഐ കാലാകാലങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പരിശോധനകളും വിശകലനം ചെയ്യാതെ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചതായി പ്രഖ്യാപിച്ചിരുന്നു. യഥാക്രമം 1.44, 10.29 ശതമാനം സാമ്പിളുകൾ സുരക്ഷിതമല്ലാത്തത്, നിലവാരമില്ലാത്തത് എന്നിങ്ങനെ പ്രഖ്യാപിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. മറ്റ് ഉത്പന്നങ്ങളുടെ പരിശോധനയുടെ വിശദാംശങ്ങൾ **അനുബന്ധം 2.5**–ൽ വിശദമാക്കിയിട്ടുണ്ട്.

2019–20 വരെ, ഈ മൂന്ന് ലബോറട്ടറികളിലും വേണ്ടത്ര പരിശോധനകൾ നടത്താത്തത് ഉയർന്ന നിലവാരമുള്ള ഉപകരണങ്ങളുടെ സംഭരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ജീവനക്കാരുടെ കുറവും കാരണമാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). എന്നാൽ, 2020–21 വർഷത്തിൽ, അത്യാധുനിക ഉപകരണങ്ങൾ വാങ്ങുകയും മിക്കവാറും എല്ലാ ഘടകങ്ങളും മൂന്ന് ലാബുകളിൽ പരിശോധിക്കുകയും ചെയ്തു.

എന്നാൽ, അത്തരം ഉപകരണങ്ങൾ വാങ്ങിയതിന് ശേഷവും, പാലൊഴികെ[49] (ഇത് കോഴിക്കോട് ആർ.എ.എല്ലിൽ ഒമ്പതിൽ നിന്ന് 42 ശതമാനമായി വർദ്ധിച്ചു) തെരഞ്ഞെടുത്ത ഇനങ്ങളുടെ നിർദ്ദിഷ്ട ഘടകങ്ങളുടെ പരിശോധനാ ശതമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

---

[49] ജി.എ.എൽ തിരുവനന്തപുരം, ആർ.എ.എൽ എറണാകുളം എന്നിവിടങ്ങളിൽ 2019–20, 2020–21 വർഷങ്ങളിൽ പാലിന്റെ പരിശോധിച്ച ഘടകങ്ങളുടെ എണ്ണത്തിൽ വർധനയില്ല. എന്നാൽ, ആർ.എ.എൽ കോഴിക്കോട്, 2019–20–ൽ ആവശ്യമായിരുന്ന 99–ലെ ഒൻപത് ഘടകങ്ങളിൽ നിന്നും 2020–21 കാലയളവിൽ 99–ൽ 42 ആയി ഉയർന്നു.

### 2.1.5.2. ഭക്ഷ്യസാമ്പിളുകളുടെ പരിശോധനയിൽ എഫ്.എസ്.എസ്.എ.ഐ നിർദ്ദേശിച്ചിരിക്കുന്ന ചില ഘടകങ്ങളുടെ പരിശോധനയ്ക്ക് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഇല്ലാത്തത്

ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ ഭക്ഷണത്തിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ഭൗതികവും രാസപരവും സൂക്ഷ്മാണുപരവുമായ മലിനീകരണ പരിശോധന പ്രധാനമാണ്. നിയമത്തിന്റെ 38-ാം വകുപ്പ് പ്രകാരം ഫുഡ് സേഫ്റ്റി ഓഫീസർക്ക് ഭക്ഷ്യസാമ്പിളുകൾ എടുക്കുവാനും ആ പ്രദേശത്തെ ഫുഡ് അനലിസ്റ്റിന് അയക്കുവാനും അധികാരമുണ്ട്.

മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾക്കു പുറമേ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും പ്രവർത്തിക്കുന്നു. എഫ്.എസ്.എസ് നിയമം, 2006, ചട്ടങ്ങൾ, റെഗുലേഷനുകൾ 2011 എന്നിവ പ്രകാരവും ഐ.എസ്.ഒ/ഐ.ഇ.സി 17025 : 2017[50]-ലെ നിബന്ധനകൾക്ക് വിധേയമായും ലബോറട്ടറികൾ ഭക്ഷ്യ വസ്തുക്കളുടെയും വെള്ളത്തിന്റെയും ഭൗതിക, രാസ, സൂക്ഷ്മാണുപരമായ മലിനീകരണ പരിശോധനകൾ നടത്തുന്നു.

മൂന്ന് ലബോറട്ടറികൾക്കും രാസപരിശോധനയ്ക്കുള്ള എൻ.എ.ബി.എൽ അംഗീകാരം ഉണ്ടെങ്കിലും ചില ഘടകങ്ങൾക്ക് മാത്രമായി ഇത് പരിമിതമാണ് എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എല്ലാവിധ ഫുഡ് അഡിറ്റീവുകൾ, കീടനാശിനി അവശിഷ്ടങ്ങൾ, റേഡിയോആക്ടീവ് അവശിഷ്ടങ്ങൾ, ലോഹ/വിള മലിനീകരണ വസ്തുക്കൾ, വിഷവസ്തുക്കൾ ആന്റിബയോട്ടിക്കുകൾ എന്നിവയുമായി ബന്ധപ്പെട്ട രാസഘടകങ്ങൾ പരിശോധിക്കുന്നതിന് മൂന്ന് ലബോറട്ടറികളിൽ ഒന്നിനുപോലും അംഗീകാരം ലഭിച്ചിട്ടില്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മൈക്രോബയോളജി ലബോറട്ടറിയുടെ അംഗീകാരത്തിന് ആവശ്യമായ മാനദണ്ഡങ്ങൾ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഐ.എസ്.ഒ/ ഐ.ഇ.സി 17025 : 2017-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഘടന, ലബോറട്ടറിയുടെ ആവശ്യകതകൾ, പ്രവർത്തനത്തിനാവശ്യമായ അന്തരീക്ഷഘടന, റഫറൻസ് കൾച്ചർ, ഉപകരണങ്ങൾ എന്നിവയും ഇതിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും അഭാവം നിമിത്തം വിജ്ഞാപനം ചെയ്യപ്പെട്ട മൂന്ന് ലബോറട്ടറികളിലേയും മൈക്രോബയോളജിക്കൽ ഘടകങ്ങളുടെ പരിശോധനയ്ക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

എഫ്.എസ്.എസ്.എ.ഐ നിർദ്ദേശിച്ചിരിക്കുന്ന 23 മൈക്രോബയോളജിക്കൽ ഘടകങ്ങളിൽ തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ 18 എണ്ണവും എറണാകുളത്തെ റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ 11 എണ്ണവും, കോഴിക്കോട്ടെ റീജിയണൽ അനലറ്റിക്കൽ

50 എൻ.എ.ബി.എൽ അംഗീകാരത്തിനായുള്ള മാനദണ്ഡം

ലബോറട്ടറിയിൽ 13 എണ്ണവും മാത്രമേ പരിശോധിക്കപ്പെടുന്നുള്ളൂ. ഇ–കോളി 0157, കൊറോണബാക്ടർ എസ്.പി, ക്ലോസ്ട്രിയഡിയം ബോട്ടുലിനം, കാംഫിലോ ബാക്ടർ എസ്.പി.പി എന്നിവ പരിശോധിക്കാത്ത ഘടകങ്ങളിൽ ഉൾപ്പെടുന്നു. പാൽ, പാൽ ഉത്പന്നങ്ങളും, പഴങ്ങളും പച്ചക്കറികളും,സുഗന്ധവ്യഞ്ജനങ്ങൾ, മാംസവും മാംസ ഉത്പന്നങ്ങളും, മത്സ്യവും മത്സ്യഉത്പന്നങ്ങളും, മുട്ടയും മുട്ടഉത്പന്നങ്ങളും, ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട സാമ്പിളുകൾ, ശിശുക്കൾക്ക് വേണ്ടിയുള്ള പാൽ ഉത്പന്നങ്ങൾ, ടിന്നിലടച്ച മാംസം എന്നിവയിൽ ഇവ പരിശോധിക്കപ്പെടേണ്ടതാണ്.

നവജാതശിശുക്കളുടെ ജീവന് ഭീഷണിയായ അണുബാധയുമായി ബന്ധപ്പെട്ട രോഗകാരികളാണ് കൊറോണബാക്ടർ എസ്.പി ബാക്ടീരിയ. പനി, ഹെമറാജിക് ഡയേറിയ എന്നിവയുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങൾക്ക് ഇ–കോളി 0157 കാരണമാകുന്നു.

രോഗകാരികളായ സൂക്ഷ്മജീവികളെ വിശകലനം ചെയ്യുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതകുറവ്, ജീവനക്കാരുടെ അഭാവം, രാസവസ്തുക്കളുടെയും കിറ്റുകളുടെയും ലഭ്യതക്കുറവ് എന്നിവ മേൽപ്പറഞ്ഞ പോരായ്മകൾക്ക് കാരണമായി ലബോറട്ടറികളിലെ ഗവൺമെന്റ് അനലിസ്റ്റുകൾ ചൂണ്ടിക്കാട്ടി.

ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ മൈക്രോബയോളജിക്കൽ ലബോറട്ടറിയിൽ നടത്തുന്ന പരിശോധനകൾ അപര്യാപ്തമാണ്. കൂടാതെ, എല്ലാ ഘടകങ്ങൾക്കും എൻ.എ.ബി.എൽ അംഗീകാരം ലഭിക്കാത്തതിനാൽ ഒരു തർക്കമുണ്ടായാൽ പരിശോധനാഫലങ്ങൾക്ക് നിയമപരമായി നിലനില്പില്ലാതെ വരും.

മൂന്ന് ലബോറട്ടറികളിലുമായി 2020–21 വർഷത്തെ 130 പരിശോധന റിപ്പോർട്ടുകൾ ഓഡിറ്റ് വിശകലനം ചെയ്തപ്പോൾ, ആകെ പരിശോധിച്ച 1,425 ഘടകങ്ങളിൽ 706 എണ്ണത്തിന് (49.54 ശതമാനം) എൻ.എ.ബി.എൽ അംഗീകാരം ഇല്ല എന്ന് കണ്ടെത്തി (രാസപരവും മൈക്രോ ബയോളജിപരവുമായി).

മൂന്നു ലബോറട്ടറികളിലേയും മൈക്രോബയോളജി വിഭാഗത്തിന് എൻ.എ.ബി.എൽ അംഗീകാരം ഇല്ലെന്നും സൗകര്യങ്ങളുടേയും ഉപകരണങ്ങളുടേയും അപര്യാപ്തതയാണ് ഇതിന് കാരണമെന്നും ഫുഡ് സേഫ്റ്റി കമ്മീഷണർ സമ്മതിച്ചു. (2021 സെപ്റ്റംബർ). മൈക്രോബയോളജി ലബോറട്ടറിയുമായി ബന്ധപ്പെട്ട റേറ്റ് കോൺട്രാക്റ്റ് എഫ്. എസ്. എസ്.എ.ഐയുടെ പരിഗണനയിൽ ആണെന്നും അതിനാൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്നത് പൂർത്തിയായിട്ടില്ലെന്നും കമ്മീഷണർ അന്തിമ കൂടിക്കാഴ്ചയിൽ അറിയിച്ചു (2021 നവംബർ). എന്നാൽ, ആവശ്യമായ ഘടകങ്ങൾ പരിശോധിക്കപ്പെടാതെ പോകുന്ന വിഷയം കമ്മീഷണറുടെ മറുപടിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. മൈക്രോബയോളജി ലാബ് സ്ഥാപിക്കുന്നതിന് (2020 മാർച്ച്) മൂന്ന് ലബോറട്ടറികൾക്കും ₹ ഒരു കോടി

വീതം അനുവദിച്ചത് ഉപയോഗശൂന്യമായി എന്ന വസ്തുത അവശേഷിക്കുന്നു (2021 സെപ്റ്റംബർ).

നവജാതശിശുക്കളുടെ ജീവന് ഭീഷണിയാകുന്ന അണുബാധകൾ, വയറിളക്കരോഗങ്ങൾ എന്നിവയ്ക്ക് കാരണമാകുന്ന നിർണായക ഘടകങ്ങൾ പരിശോധിക്കപ്പെടാതെ പോകുന്നതിനാൽ ലബോറട്ടറികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

### *2.1.5.3. സർവൈലൻസ് സാമ്പിളുകൾ, ശബരിമലയിൽ പ്രസാദ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ എന്നിവയുടെ അപൂർണ്ണമായ പരിശോധന*

പ്രതിവർഷം ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ദർശനം നടത്തുന്ന കേരളത്തിലെ ഏറ്റവും പ്രശസ്തമായ തീർത്ഥാടന കേന്ദ്രമാണ് ശബരിമല ശ്രീധർമ്മ ശാസ്താക്ഷേത്രം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ (1992, 2012[51]) ശബരിമല ക്ഷേത്രത്തിലെ വഴിപാട്[52] സാധനങ്ങൾ പരിശോധിക്കുക എന്ന മുഖ്യഉദ്ദേശത്തോടുകൂടിയാണ് പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് സ്ഥാപിതമായത് (1998 ഒക്ടോബർ). അസംസ്കൃത വസ്തുക്കളുടെയും ക്ഷേത്രത്തിലെ വഴിപാട് സാധനങ്ങളുടെയും സാമ്പിളുകൾ പരിശോധിക്കുന്നതിനായി യഥാക്രമം പമ്പയിലും സന്നിധാനത്തും[53] ഓരോ ലബോറട്ടറികൾ[54] കൂടി പ്രവർത്തിക്കുന്നുണ്ട്.

പത്തനംതിട്ടയിലെ ലബോറട്ടറി 1998–ൽ പ്രവർത്തനം ആരംഭിച്ചതാണെങ്കിലും എഫ്.എസ്.എസ്.എ.ഐ വിജ്ഞാപനം ചെയ്ത ലബോറട്ടറികളുടെ പട്ടികയിൽ ഉൾപ്പെടുകയോ നാളിതുവരെ ഈ ലബോറട്ടറിക്ക് എൻ.എ.ബി.എൽ അംഗീകാരം[55] ലഭിക്കുകയോ ചെയ്തിട്ടില്ലാ എന്ന വസ്തുത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ശബരിമല സീസണിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിവിധ കടകളിൽ നിന്നുള്ള ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പത്തനംതിട്ടയിലെ ലബോറട്ടറിയിൽ പരിശോധിക്കുന്നു. 2016–21 കാലയളവിൽ 807 ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 685 എണ്ണം തൃപ്തികരവും 122 എണ്ണം തൃപ്തികരമല്ലായെന്നും കണ്ടെത്തി. തൃപ്തികരം എന്ന് പരിശോധനാ റിപ്പോർട്ട് നൽകിയ 685 എണ്ണത്തിൽ നിന്നും തെരഞ്ഞെടുത്ത 30 എണ്ണം എഫ്.എസ്.എസ് (ഫുഡ് പ്രോഡക്ട്സ് ആന്റ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011, എഫ്.എസ്.എസ് (കണ്ടാമിനന്റ്സ്, ടോക്സിൻ ആന്റ് റസിഡ്യൂസ്) റെഗുലേഷൻസ് 2011 എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ്

---

51 പമ്പയിലേയും സന്നിധാനത്തിലേയും ലബോറട്ടറികൾ

52 ക്ഷേത്രത്തിലെ പ്രസാദം

53 ശബരിമലക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം

54 ഈ ലബോറട്ടറികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ദേവസ്വം ബോർഡ് സ്ഥാപിച്ചതാണെങ്കിലും ജീവനക്കാർ ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരാണ്.

55 എഫ്.എസ്.എസ് നിയമം, 2006 വകുപ്പ് 43(1) പ്രകാരം ഫുഡ് അനലിസ്റ്റുകളാൽ സാമ്പിളുകളുടെ വിശകലനം നടത്തുന്നതിനായി എൻ.എ.ബി.എൽ അല്ലെങ്കിൽ മറ്റേതെങ്കിലും അക്രഡിറ്റേഷൻ ഏജൻസിയുടെ അംഗീകാരമുള്ള ഭക്ഷ്യ ലബോറട്ടറികളെയും ഗവേഷണ സ്ഥാപനങ്ങളെയും ഭക്ഷ്യഅതോറിറ്റിയ്ക്ക് വിജ്ഞാപനം ചെയ്യാവുന്നതാണ്.

വിശദമായി വിലയിരുത്തി. വിവിധ ഭക്ഷ്യവസ്തുക്കൾക്ക് ഉണ്ടായിരിക്കേണ്ട നിലവാരവും, ലോഹങ്ങൾ, കീടനാശിനി അവശിഷ്ടങ്ങൾ എന്നിവയുടെ അനുവദനീയമായ പരിധിയും മേൽ പ്രതിപാദിച്ച റെഗുലേഷനുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് വിശദമായി വിലയിരുത്തിയ 30 പരിശോധനാ ഫലങ്ങളിൽ 25 എണ്ണവും (83.33 ശതമാനം) എഫ്.എസ്.എസ്.എ.ഐ നിർദ്ദേശിച്ചിട്ടുള്ള ഘടകങ്ങളിൽ ചിലതുമാത്രം പരിശോധിച്ചശേഷം തൃപ്തികരം എന്ന് പരിശോധനാ റിപ്പോർട്ട് നൽകിയതാണെന്ന് കണ്ടെത്തി. പരിശോധിക്കപ്പെടാത്ത ഘടകങ്ങൾ **അനുബന്ധം 2.6**–ൽ കൊടുത്തിരിക്കുന്നു.

വഴിപാട് സാധനങ്ങളുടെ (അപ്പം, അരവണ എന്നിവ) നിർമ്മാണത്തിന് ഉപയോഗിക്കുന്ന ശർക്കര, അരി, ഉണക്കമുന്തിരി, ഏലം, ചുക്ക്, പഞ്ചസാര, കൽക്കണ്ടം, ജീരകം, പരിപ്പ് തുടങ്ങിയവ പമ്പയിൽ സ്ഥാപിച്ചിട്ടുള്ള ലബോറട്ടറിയിലാണ് പരിശോധിക്കുന്നത്. ഓഡിറ്റ് കാലയളവിലെ പരിശോധനാ ഫലങ്ങൾ വിലയിരുത്തിയപ്പോൾ 849 ഭക്ഷ്യസാമ്പിളുകൾ പരിശോധിച്ചതിൽ 834 എണ്ണം തൃപ്തികരം എന്നും 15 എണ്ണം തൃപ്തികരമല്ല എന്നും കണ്ടെത്തി. തൃപ്തികരം എന്ന് റിപ്പോർട്ട് നൽകിയ പരിശോധനാ ഫലങ്ങളിൽ 100 എണ്ണം വിശദമായി വിലയിരുത്തിയപ്പോൾ എഫ്.എസ്.എസ്.എ.ഐ നിർദ്ദേശിച്ചിരിക്കുന്ന ഘടകങ്ങളിൽ ചിലത് മാത്രമാണ് പരിശോധിച്ചിരുന്നത് എന്ന് കണ്ടെത്തി.

രണ്ട് ലബോറട്ടറികളിലും പരിശോധിക്കപ്പെടാതെ പോയ ഘടകങ്ങളിൽ ഫുഡ് അഡിറ്റീവുകൾ, ലോഹമാലിന്യങ്ങൾ, കീടനാശിനി അവശിഷ്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. അതിനാൽ എല്ലാ ഘടകങ്ങളും പരിശോധിക്കാതെയാണ് ഭക്ഷ്യ സാമ്പിളുകൾ തൃപ്തികരം എന്ന് പരിശോധനാ റിപ്പോർട്ട് നൽകിയതെന്ന് ഓഡിറ്റ് കണ്ടെത്തി. ആ നിലയ്ക്ക് എല്ലാവർഷവും ഭക്തർ കഴിക്കുന്ന ഈ ഭക്ഷണസാധനങ്ങൾ നിശ്ചിത ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമലയിൽ നിന്നുള്ള വഴിപാട് സാധനങ്ങൾ പരിശോധിക്കുന്നതിനായി പമ്പയിലും സന്നിധാനത്തും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിച്ചതായി സർക്കാർ അറിയിച്ചു (2021 ഡിസംബർ). ക്ഷേത്രം ചുരുങ്ങിയ കാലയളവിൽ മാത്രം തുറക്കുന്നതിനാൽ, ഈ ലബോറട്ടറികളുടെ പ്രവർത്തനവും ഈ കാലയളവിൽ മാത്രമാണ്. സർവൈലൻസ് ഭക്ഷ്യ സാമ്പിളുകളിലും അസംസ്കൃത വസ്തുക്കളിലും കൃത്രിമ നിറങ്ങൾ ഉൾപ്പെടെ സാധാരണയായി മായം കലർത്താനായി ചേർക്കുന്നവ ഈ ലാബിൽ പരിശോധിക്കുന്നു എന്നും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിമിത്തമാണ് പൂർണ്ണമായ പരിശോധന നടക്കാത്തതെന്നും സർക്കാർ അറിയിച്ചു. ശബരിമല സീസണിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ച് അവിടെ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചു.

ഫുഡ് സേഫ്റ്റി കമ്മീഷണർ ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള ഫുഡ് ടെസ്റ്റിംഗ് ലാബ് തിരുവിതാംകൂർ ദേവസ്വം

ബോർഡ് സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2012 ജനുവരി 12–ലെ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ആവശ്യമായ എല്ലാ ഘടകങ്ങളും പരിശോധിക്കുന്നതിനായി പമ്പയിൽ പ്രവർത്തിക്കുന്ന ലബോറട്ടറി നവീകരിക്കുന്നതിനായി ഫുഡ് സേഫ്റ്റി കമ്മീഷണർ ദേവസ്വം ബോർഡിന് പ്രത്യേകിച്ച് പ്രൊപ്പോസലുകളൊന്നും തന്നെ നൽകിയിരുന്നില്ല.

നിയമത്തിന്റെ വകുപ്പ് 43(1) ഫുഡ് അനലിസ്റ്റിന് ഭക്ഷ്യസാമ്പിളുകൾ വിശകലനം ചെയ്യുന്നതിനായി ഭക്ഷ്യലബോറട്ടറികളെയും ഗവേഷണസ്ഥാപനങ്ങളെയും വിജ്ഞാപനം ചെയ്യാൻ ഭക്ഷ്യ അതോറിട്ടിയെ അധികാരപ്പെടുത്തുന്നു. അതിനാൽ, ഈ നിയമം ഫലപ്രദവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം ഭക്ഷ്യ അതോറിറ്റിക്കാണ്. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പത്തനംതിട്ട ലബോറട്ടറിയും വിജ്ഞാപനം ചെയ്യപ്പെടാൻ മതിയായ രീതിയിൽ സജ്ജീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

### *2.1.5.4. ശബരിമല 'അരവണ പ്രസാദം' - 2011–ലെ എഫ്.എസ്.എസ് (പായ്ക്കേജിംഗ് ആന്റ് ലേബലിംഗ്) ചട്ടങ്ങൾ പാലിക്കാത്തതുമായി ബന്ധപ്പെട്ട്*

ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിലൊന്നാണ് 'അരവണ പ്രസാദം'. അരവണപ്രസാദം ഭക്തജനങ്ങൾക്ക് ടിന്നുകളിലാണ് നൽകുന്നത്. പ്രതിവർഷം ഏകദേശം 29 ലക്ഷം ലിറ്റർ അരവണപ്രസാദമാണ് ശബരിമലയിൽ നിർമ്മിക്കുന്നത്.

പായ്ക്ക് ചെയ്ത ഭക്ഷണസാധനങ്ങളുടെ ലേബലിംഗിനെപ്പറ്റി വിശദമാക്കുന്നതാണ് എഫ്.എസ്.എസ് (പായ്ക്കേജിംഗ് ആന്റ് ലേബലിംഗ്) റെഗുലേഷൻസ് 2011. ഈ റെഗുലേഷനിലെ വിവിധ ക്ലോസുകൾ പ്രകാരം പായ്ക്ക് ചെയ്യപ്പെട്ട ഭക്ഷണത്തിന്റെ പായ്ക്കേജിന് പുറത്ത്–ഭക്ഷണത്തിന്റെ പേര്, ചേരുവകളുടെ വിശദാംശങ്ങൾ, പോഷകവിവരങ്ങൾ അല്ലെങ്കിൽ 100 ഗ്രാം/ 100 മില്ലിഗ്രാം/ ഭക്ഷണ പദാർത്ഥത്തിൽ അടങ്ങിയിരിക്കുന്ന പോഷകവിവരങ്ങൾ, ഫുഡ് അഡിറ്റീവുകളെ സംബന്ധിച്ച ഡിക്ലറേഷൻ, ഭക്ഷ്യനിർമ്മാതാവിന്റെ പേരും പൂർണ്ണ വിലാസവും, ലോട്ട്/കോഡ്/ബാച്ച് വിവരങ്ങൾ, മൊത്തം അളവ്, എഫ്.എസ്.എസ്.എ.ഐ ലൈസൻസ് നമ്പർ, നിർമ്മിച്ച/ പായ്ക്കിംഗ് തീയതി, കാലഹരണപ്പെടുന്ന തീയതി, എന്നിവ അടങ്ങിയ ലേബൽ ഉണ്ടായിരിക്കണം.




ചിത്രം 2.1: പൂർണ്ണമായ ലേബലിംഗ് വിവരങ്ങൾ ഇല്ലാത്ത അരവണ പ്രസാദത്തിന്റെ ടിൻ 20.09.2021–ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം

അരവണ പ്രസാദം അടങ്ങിയ സീൽ ചെയ്ത ടിന്നിലെ ലേബൽ ഓഡിറ്റ് വിശകലനം ചെയ്തപ്പോൾ അതിൽ പേര്, ബാച്ച് നമ്പർ, നിർമ്മാതാവിന്റെ പേരും വിലാസവും, പായ്ക്കിംഗ് തീയതി എന്നിവ മാത്രമേ അടങ്ങിയിട്ടുള്ളൂ എന്ന് ശ്രദ്ധയിൽപ്പെട്ടു. റെഗുലേഷൻ നിഷ്കർഷിക്കുന്ന മറ്റ് വിവരങ്ങൾ, പ്രത്യേകിച്ച്, 'കാലഹരണപ്പെടുന്ന തിയതി' ലേബലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ വിശദാംശങ്ങൾ അടങ്ങിയ ലേബലിന്റെ അഭാവം ഉപയോക്താവിന് ഭക്ഷണത്തിന്റെ ചേരുവകൾ, സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന കാലാവധി തുടങ്ങിയ വിവരങ്ങൾ ലഭിക്കാതിരിക്കുന്നതിന് കാരണമാകുന്നു.

ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് എഫ്.എസ്.എസ്.എ.ഐ ലൈസൻസ് എടുക്കുവാനും, എഫ്.എസ്.എസ് (പായ്ക്കേജിംഗ് ആന്റ് ലേബലിംഗ്) ചട്ടങ്ങൾ പാലിക്കുവാനുമുള്ള നിർദ്ദേശങ്ങൾ ദേവസ്വം കമ്മീഷണർക്ക് നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ).

### 2.1.6. മാനവവിഭവശേഷി

#### *2.1.6.1. ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ കുറവ് നിമിത്തം നിയമം നടപ്പാക്കുന്നതിലെ പോരായ്മകൾ*

എഫ്.എസ്.എസ് നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി എഫ്.എസ്.എസ് നിയമത്തിന്റെ 37–ാം വകുപ്പ് പ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണർ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിക്കേണ്ടതാണ്.

ഏറ്റവും താഴെത്തട്ടിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നത് എഫ്.എസ്.ഓമാരാണ്. ഭക്ഷ്യ സാമ്പിളുകൾ ശേഖരിക്കുക, ഭക്ഷ്യസ്ഥാപനങ്ങളുടെ പരിശോധന, ഭക്ഷ്യസാധനങ്ങൾ പിടിച്ചെടുക്കുക, തുടങ്ങിയവ അവരുടെ ചുമതലകളിൽപ്പെടുന്നു. സംസ്ഥാനത്തൊട്ടാകെ എഫ്.എസ്.ഓമാരുടെ ചുമതലയിൽ 140 സർക്കിൾ ഓഫീസുകളുണ്ട്. ഇതുകൂടാതെ, എഫ്.എസ്.ഓമാരെ മറ്റ് ഓഫീസുകളിലും[56] നിയമിക്കുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിൽ എഫ്.എസ്.ഓമാരുടെ 160 തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിലും 2021 മാർച്ച് 31–ന് 126 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ മാത്രമാണുണ്ടായിരുന്നത് (21 ശതമാനത്തിന്റെ കുറവ്) എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 140 സർക്കിൾ ഓഫീസുകളിൽ 34 എണ്ണത്തിൽ മുഴുവൻ സമയ

[56] ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം, അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയം

എഫ്.എസ്.ഓമാർ ഇല്ലാതിരുന്നതിനാൽ മറ്റ് സർക്കിൾ ഓഫീസുകളിലെ എഫ്.എസ്.ഓ അധിക ചുമതല[57] നിർവ്വഹിക്കേണ്ടതായി വന്നു.

എഫ്.എസ്.ഓമാരുടെ അനുവദിക്കപ്പെട്ട തസ്തികകളിൽ 21 ശതമാനത്തിന്റെ കുറവിലാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രവർത്തിക്കുന്നതെന്നും ഇത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും അന്തിമ കൂടിക്കാഴ്ചയിൽ കമ്മീഷണർ പ്രസ്താവിച്ചു (2021 നവംബർ). എഫ്.എസ്.ഓമാരുടെ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുമെന്നും പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണെന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ).

എഫ്.എസ്.ഒ എന്നത് പ്രധാന തസ്തികയായതിനാൽ അവരുടെ കുറവ് ഭക്ഷ്യസാമ്പിളുകളുടെ ശേഖരണം, ഭക്ഷ്യസ്ഥാപനങ്ങളുടെ പരിശോധന തുടങ്ങിയ നിയമനിർവ്വഹണത്തിലെ പ്രധാന വ്യവസ്ഥകളെ സാരമായി ബാധിക്കുന്നു.

### 2.1.7. ശിക്ഷാനടപടികൾ

#### *2.1.7.1. പ്രോസിക്യൂഷൻ അനുവദിക്കുന്നതിന് കമ്മീഷണർക്ക് ശിപാർശകൾ അയയ്ക്കുന്നതിലെ കാലതാമസം*

എഫ്.എസ്.എസ് നിയമത്തിലെ 42(3) വകുപ്പ് പ്രകാരം ഫുഡ് അനലിസ്റ്റിന്റെ റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം നിയമലംഘനത്തിന് തടവുശിക്ഷയാണോ പിഴഒടുക്കലാണോ വേണ്ടതെന്ന് ഡെസിഗ്നേറ്റഡ് ഓഫീസർ തീരുമാനമെടുക്കുന്നു. തടവുശിക്ഷ ലഭിക്കാവുന്ന നിയമലംഘനമാണെങ്കിൽ പ്രോസിക്യൂഷൻ അനുമതി ലഭിക്കുന്നതിനായി പതിനാല് ദിവസത്തിനകം ഡെസിഗ്നേറ്റഡ് ഓഫീസർ തന്റെ ശിപാർശകൾ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് അയക്കണം.

തെരഞ്ഞെടുത്ത ജില്ലകളിലെ 2016–21 കാലയളവിലെ പ്രോസിക്യൂഷൻ രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ (തിരുവനന്തപുരം ജില്ലയിൽ) തടവ് ശിക്ഷ ലഭിക്കാവുന്ന നിയമ ലംഘനങ്ങളുള്ള 18 കേസുകളിൽ 16 എണ്ണത്തിലും ഡെസിഗ്നേറ്റഡ് ഓഫീസർ, കമ്മീഷണർക്ക് പ്രോസിക്യൂഷൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് ശിപാർശ അയക്കുന്നതിൽ കാലതാമസം ഉണ്ടായതായി കണ്ടെത്തി. ഈ കാലതാമസം 30 ദിവസം മുതൽ 300 ദിവസം വരെ നീളുന്നതായിരുന്നു. പരിശോധന നടത്തിയ മറ്റ് ജില്ലകളിൽ ഇത്തരം കാലതാമസം ഇല്ലാതിരുന്നതിനാൽ ഇത് ഒഴിവാക്കാമായിരുന്ന ഒന്നായിരുന്നു.

ഡെപ്യൂട്ടി കമ്മീഷണർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ എന്നിവരുമായി നടത്തിയ യോഗങ്ങളിൽ തീർപ്പാകാത്ത കേസുകൾ അവലോകനം ചെയ്യുന്നുണ്ടെന്നും ഈ വിഷയം സൂക്ഷ്മമായി നിരീക്ഷിക്കുമെന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ).

---

[57] 31 എഫ്.എസ്.ഓമാർ ഒരു സർക്കിളിന്റേയും, രണ്ട് എഫ്.എസ്.ഓമാർ മറ്റ് രണ്ട് സർക്കിളുകളുടെയും ഒരു എഫ്.എസ്.ഒ രണ്ടിൽകൂടുതൽ സർക്കിളിന്റെയും അധികചുമതല വഹിക്കുന്നു.

### 2.1.7.2. അഡ്ജൂഡിക്കേഷനിലെ കാലതാമസം

എഫ്.എസ്.എസ് നിയമം, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനം ഒരു വ്യക്തി/ഫുഡ് ബിസിനസ് ഓപ്പറേറ്റർ നടത്തിയതായി അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർക്ക് (അഡീഷണൽ ജില്ലാമജിസ്ട്രേറ്റിന്റെ റാങ്കിൽ കുറയാത്ത ആളായിരിക്കണം) ബോധ്യപ്പെട്ടാൽ, ആ കുറ്റവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് അനുസൃതമായി തനിക്ക് അനുയോജ്യമെന്ന് തോന്നുന്ന പിഴ ചുമത്താവുന്നതാണ്. എഫ്.എസ്.എസ് ചട്ടങ്ങൾ 2011[58] അനുസരിച്ച് ആദ്യഹിയറിംഗ് നടത്തി 90 ദിവസങ്ങൾക്കുള്ളിൽ അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർ അന്തിമവിധി പ്രസ്താവിക്കണം.

ഓഡിറ്റ് കാലയളവായ 2016-21-ൽ തെരഞ്ഞെടുത്ത ജില്ലകളിൽ 722 കേസുകൾ അഡ്ജൂഡിക്കേഷനായി റഫർ ചെയ്തു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിൽ 269 എണ്ണത്തിൽ (37.26 ശതമാനം) ആദ്യഹിയറിംഗ് നടത്തി 90 ദിവസത്തിലധികമായിട്ടും അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർ അന്തിമതീർപ്പ് കൽപ്പിച്ചിട്ടില്ല.

### 2.1.7.3. പിഴ ഈടാക്കാത്തത് സംബന്ധിച്ച്

എഫ്.എസ്. എസ് നിയമത്തിന്റെ 96-ാം വകുപ്പ് പ്രകാരം, ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ചുമത്തിയ പിഴ അടച്ചില്ലെങ്കിൽ അത് ഭൂവരുമാനത്തിന്റെ കുടിശ്ശിക പോലെ തിരിച്ചു പിടിക്കുകയും കുടിശ്ശിക വരുത്തുന്നയാളുടെ ലൈസൻസ് പിഴ അടയ്ക്കുന്നതുവരെ റദ്ദാക്കുകയും ചെയ്യാവുന്നതാണ്.

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ സംസ്ഥാനത്ത് 2016-21 കാലയളവിൽ പിഴയിനത്തിൽ ചുമത്തിയ ₹4.40 കോടിയിൽ ₹1.88 കോടി ഇനിയും ഈടാക്കാനുണ്ടെന്ന് വെളിപ്പെട്ടു (2021 ഒക്ടോബർ).

തെരഞ്ഞെടുത്ത നാല് ജില്ലകളിൽ (2021 മാർച്ചുവരെ) 225 കേസുകളിലായി പിഴയായി ചുമത്തിയ ₹68.16 ലക്ഷം ഈടാക്കാനുണ്ടായിരുന്നു. ഇതിൽ 89 കേസുകളിൽ ചുമത്തിയ ₹23.95 ലക്ഷം മൂന്നു വർഷത്തിലധികമായുള്ള കുടിശ്ശികയാണ്.

ഈയിനത്തിൽ ഗണ്യമായ തുക ഇനിയും ഈടാക്കാനുണ്ടായിരുന്നെങ്കിലും ഓഡിറ്റ് കാലയളവിൽ ലൈസൻസുകളൊന്നും തന്നെ റദ്ദുചെയ്യപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

2.1.7.2, 2.1.7.3 ഖണ്ഡികകളുമായി ബന്ധപ്പെട്ട വിഷയം ലാൻഡ് റവന്യൂ കമ്മീഷണറോട് ഉന്നയിച്ചു എന്നും റവന്യൂ ഡിവിഷൻ ഓഫീസർമാരുടെയും സബ് കളക്ടർമാരുടെയും പ്രതിമാസ അവലോകന യോഗത്തിൽ അഡ്ജൂഡിക്കേഷൻ കേസുകളുടെ അവലോകനം ഉൾപ്പെടുത്തണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടതായും സർക്കാർ അറിയിച്ചു

[58] എഫ്.എസ്.എസ് ചട്ടങ്ങൾ, 2011-ന്റെ ചട്ടം 3.1.1(9)

(2021 ഡിസംബർ). കൂടാതെ, എഫ്.എസ്.എസ് നിയമം, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവയെക്കുറിച്ചുള്ള വർക്ക്ഷോപ്പുകളിൽ ആർ.ഡി.ഓമാരുടെയും സബ്കളക്ടർമാരുടെയും പങ്കാളിത്തം ഉറപ്പാക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണറോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും സർക്കാർ അറിയിച്ചു.

### *2.1.7.4. കോമ്പൗണ്ടിംഗ് കേസുകൾ തീർപ്പാക്കാത്തത്*

ഏതെങ്കിലും ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുകയും, വിൽക്കുകയും ചെയ്യുന്ന ചെറുകിട നിർമ്മാതാക്കൾ, ചില്ലറ വ്യാപാരികൾ, വഴി വാണിഭക്കാർ, സഞ്ചരിക്കുന്ന കച്ചവടക്കാർ, താൽക്കാലിക സ്റ്റാൾ ഉടമ തുടങ്ങിയവർ എഫ്.എസ്.എസ് നിയമവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയമലംഘനം നടത്തിയെന്ന് ബോധ്യപ്പെട്ടാൽ അത്തരം ആളുകളിൽ നിന്ന് അവർ ചെയ്തു എന്ന് സംശയിക്കുന്ന കുറ്റകൃത്യത്തിന് ആനുപാതികമായി ഒരു തുക ഈടാക്കാൻ എഫ്.എസ്.എസ് നിയമത്തിന്റെ 69(1) വകുപ്പ് അനുസരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് ഉത്തരവുമൂലം ഡെസിഗ്നേറ്റഡ് ഓഫീസറെ അധികാരപ്പെടുത്താം.

തെരഞ്ഞെടുത്ത ജില്ലകളിലെ രേഖകൾ പരിശോധിച്ചപ്പോൾ 2021 മാർച്ച് 31 വരെ കോമ്പൗണ്ടിംഗ് ചുമത്തിയിട്ടുള്ള 324 ഫുഡ് ബിസിനസ് ഓപ്പറേറ്ററുകളിൽ നിന്നായി ₹18.39 ലക്ഷം ഇനിയും ഈടാക്കാനുണ്ട് എന്ന് വെളിപ്പെട്ടു. മേൽപ്പറഞ്ഞ 324 കേസുകളിൽ 225 എണ്ണം (₹13.84 ലക്ഷം) 2016–19 കാലയളവിലെയാണ്.

തെരഞ്ഞെടുത്ത നാല് ജില്ലകളിലെ കോമ്പൗണ്ടിംഗ് രജിസ്റ്ററുകളുടെ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ കുറ്റക്കാരായ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരിൽ നിന്നും തുക ഈടാക്കാൻ ഡെസിഗ്നേറ്റഡ് ഓഫീസർ തുടർ നടപടികളൊന്നും എടുത്തിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വീണ്ടെടുക്കാനുള്ള വൻ തുക സൂചിപ്പിക്കുന്നത്, എഫ്.ബി.ഓകളിൽ നിന്നും കുടിശ്ശിക തിരിച്ചുപിടിക്കാൻ കാര്യമായ ശ്രമങ്ങളൊന്നും നടത്തിയിരുന്നില്ല എന്നാണ്.

കൃത്യസമയത്ത് പിഴ ഈടാക്കാൻ എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ).

## 2.1.8. തുടർ നടപടികൾ /നിരീക്ഷണ നടപടികൾ

### *2.1.8.1. നിരീക്ഷണ സംവിധാനത്തിന്റെ അഭാവം*

നിയമത്തിലെ 29(2) വകുപ്പ് പ്രകാരം ഭക്ഷ്യവ്യവസായത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിയമത്തിൽ അനുശാസിക്കുന്ന കാര്യങ്ങൾ എഫ്.ബി.ഓമാർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഭക്ഷ്യഅതോറിട്ടിയും സംസ്ഥാന ഭക്ഷ്യസുരക്ഷാ അതോറിറ്റിയും നിരീക്ഷിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ലൈസൻസ് എടുക്കേണ്ടിയിരുന്ന ഏതെങ്കിലും ഒരു വ്യക്തിയോ ഫുഡ് ബിസിനസ് ഓപ്പറേറ്ററോ സ്വന്തമായിട്ടോ പകരം മറ്റൊരാൾ വഴിയോ ലൈസൻസില്ലാതെ ഏതെങ്കിലും ഭക്ഷ്യവസ്തുക്കൾ

നിർമ്മിക്കുയോ, വിൽക്കുകയോ, സംഭരിക്കുകയോ, വിതരണം ചെയ്യുകയോ, ഇറക്കുമതി ചെയ്യുകയോ ചെയ്താൽ ആറുമാസം വരെയുള്ള തടവും ₹ അഞ്ചുലക്ഷം വരെയുള്ള പിഴയും ലഭിക്കാവുന്ന കുറ്റമാണെന്ന് ചട്ടത്തിന്റെ 63-ാം വകുപ്പിൽ വ്യക്തമാക്കുന്നു.

2.1.7(1) മുതൽ (5) വരെയുള്ള റെഗുലേഷനുകൾ[59] പ്രകാരം ലൈസൻസോ രജിസ്ട്രേഷനോ അത് നൽകുന്ന തീയതി മുതൽ (എഫ്.ബി.ഒ തെരഞ്ഞെടുക്കുന്നതു പോലെ) ഒരു വർഷം മുതൽ അഞ്ചു വർഷം വരെ സാധുതയുള്ളതായിരിക്കും. കൂടാതെ ലൈസൻസോ രജിസ്ട്രേഷനോ പുതുക്കുന്നതിനായുള്ള അപേക്ഷകൾ കാലാവധി തീരുന്നതിന് 30 ദിവസങ്ങൾക്ക് മുമ്പായി സമർപ്പിക്കണം. അല്ലാത്തപക്ഷം, കാലാവധി തീരുന്നതിന് മുൻപ് സമർപ്പിക്കുന്ന അപേക്ഷകൾക്ക് പ്രതിദിന നിരക്കിൽ ലേറ്റ് ഫീ[60] നൽകേണ്ടതാണ്. മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ പുതുക്കുവാൻ അപേക്ഷിച്ചിട്ടില്ലാത്ത ലൈസൻസ്/ രജിസ്ട്രേഷനുകൾ റദ്ദാവുകയും അതിനാൽ, എഫ്.ബി.ഒ അവിടത്തെ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുകയും വേണം. പിന്നീട് ബിസിനസ് പുനരാരംഭിക്കണമെങ്കിൽ പുതിയ രജിസ്ട്രേഷനോ ലൈസൻസിനോ അപേക്ഷ നൽകണം.

തെരഞ്ഞെടുത്ത നാല് ജില്ലകളിൽ വിശദമായി പരിശോധിച്ച 166[61] ലൈസൻസുകളിൽ 65 എഫ്.ബി.ഓകൾ ലൈസൻസ് പുതുക്കുകയോ, കാലാവധി തീർന്നപ്പോൾ പുതിയ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. 69 എഫ്.ബി.ഓകൾക്ക് നിലവിലെ ലൈസൻസ് കാലഹരണപ്പെട്ട ശേഷം വിവിധ കാലഘട്ടങ്ങളിലായി ഒന്നിലധികം ലൈസൻസുകൾ നൽകിയിട്ടുണ്ട്. അതേപോലെ തെരഞ്ഞെടുത്ത സർക്കിൾ ഓഫീസുകളിലെ വിശദമായ പരിശോധിച്ച 120[62] രജിസ്ട്രേഷനുകളിൽ, 71 എഫ്.ബി.ഓകൾ നിലവിലെ രജിസ്ട്രേഷൻ കാലാവധി തീർന്നപ്പോൾ പുതുക്കുകയോ പുതിയതിന് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലെന്നും 24 എഫ്.ബി.ഓകൾക്ക് നിലവിലെ രജിസ്ട്രേഷൻ കാലഹരണപ്പെട്ടതിനുശേഷം വ്യത്യസ്തകാലയളവുകളിലായി ഒന്നിൽ കൂടുതൽ രജിസ്ട്രേഷനുകൾ നൽകി എന്നും കണ്ടെത്തി. നിലവിലെ ലൈസൻസ്/രജിസ്ട്രേഷൻ കാലാവധി അവസാനിക്കുമ്പോൾ പുതുക്കാത്തത് ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ എഫ്.ബി.ഓകൾ പ്രവർത്തിക്കുന്നതിന് വഴി തെളിച്ചേക്കാം. ലൈസൻസിന്റെ/ രജിസ്ട്രേഷന്റെ കാലാവധി കഴിഞ്ഞ ശേഷം എപ്പോഴെങ്കിലും എഫ്.ബി.ഒ പുതിയ ലൈസൻസിനോ രജിസ്ട്രേഷനോ അപേക്ഷിക്കുന്നുവെന്നും അതോറിട്ടി

---

59 എഫ്.എസ്.എസ് (ഫുഡ് ബിസിനസ് ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻസ്, 2011

60 ലൈസൻസ് പുതുക്കുന്നതിലെ കാലതാമസത്തിന് മാത്രമേ ലേറ്റ് ഫീ ബാധകമാകുന്നുള്ളൂ. രജിസ്ട്രേഷൻ പുതുക്കുന്നതിലെ കാലതാമസത്തിന് ഇത് ബാധകമല്ല.

61 തെരഞ്ഞെടുത്ത നാല് ജില്ലകളിൽ നിന്നും 100 വീതം ലൈസൻസ് വിശദപരിശോധനയ്ക്കായി എടുത്തിരുന്നുവെങ്കിലും, 22.03.2020-ന് ലൈസൻസ് കാലാവധി തീരുന്ന എഫ്.ബി.ഓകൾക്ക് 20.04.2021 വരെ എഫ്.എസ്.എസ്.എ.ഐ ഗ്രേസ് പിരീഡ് അനുവദിച്ചിരുന്നതിനാൽ മൊത്തം 166 എണ്ണം മാത്രമേ അന്തിമമായി പരിഗണിക്കാനായുള്ളൂ.

62 തെരഞ്ഞെടുത്ത സർക്കിളുകളിൽ നിന്നും 30 വീതം രജിസ്ട്രേഷനുകൾ വിശദപരിശോധനയ്ക്കായി എടുത്തിരുന്നുവെങ്കിലും 22.03.2020-ന് രജിസ്ട്രേഷൻ കാലാവധി തീരുന്ന എഫ്.ബി.ഓകൾക്ക് 20.04.2021 വരെ എഫ്.എസ്.എസ്.എ.ഐ ഗ്രേസ് പിരീഡ് അനുവദിച്ചിരുന്നതിനാൽ അന്തിമമായി 120 എണ്ണം മാത്രമാണ് പരിഗണനയ്ക്ക് വിധേയമാക്കാനായത്.

ഇത് നൽകുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ആദ്യലൈസൻസ്/രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ് ഒരു പുതുക്കിയ ലൈസൻസോ രജിസ്ട്രേഷനോ എടുക്കുന്നതിന് ഇടയിലുള്ള സമയത്ത് ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ എഫ്.ബി.ഒ പ്രവർത്തിക്കുന്നതിന് കാരണമാകുന്നു.

ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്ത കാലയളവിൽ എഫ്.ബി.ഓകൾ പ്രവർത്തിച്ചിരുന്നോ എന്ന കാര്യത്തെപ്പറ്റി തങ്ങൾക്ക് അറിയില്ലെന്ന് അസിസ്റ്റന്റ് കമ്മീഷണർമാർ/ ഫുഡ് സേഫ്റ്റി ഓഫീസർമാർ മറുപടി നൽകി (**അനുബന്ധം 2.7**). ലൈസൻസ് പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്ന എഫ്.ബി.ഒകളെ കുറിച്ചുള്ള വിവരങ്ങൾ നൽകാൻ പൊതുജനങ്ങളോട് ആവശ്യപ്പെടുക, ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ വകുപ്പുമായി വിവരങ്ങൾ പങ്കിടാൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ അടിസ്ഥാനമാക്കിയുള്ള പരാതിപോർട്ടൽ തുടങ്ങുക തുടങ്ങിയ ക്രിയാത്മക നടപടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി അന്തിമ കൂടിക്കാഴ്ചയിൽ ഓഡിറ്റിനെ അറിയിച്ചു. (2021 നവംബർ 18). ഫോസ്കോസ് സോഫ്റ്റ്‌വെയറിന്റെ നിലവിലെ വേർഷനിൽ ലൈസൻസിന്റേയോ രജിസ്ട്രേഷന്റേയോ കാലാവധി തീരുന്നത് ട്രാക്ക് ചെയ്യുന്നതിന് ഒരു സംവിധാനം ഇല്ലെന്നും അതിനാൽ ഈ വിഷയം എഫ്.എസ്.എസ്.എ.ഐയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ).

എന്നാൽ എഫ്.ബി.ഓകൾ നിയമം പാലിക്കുന്നുണ്ടെന്ന് ഭക്ഷ്യ അധികാരികൾ നിരീക്ഷിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. ഇതിനായി എഫ്.ബി.ഓകൾ സാധുവായ ലൈസൻസ്/ രജിസ്ട്രേഷനോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാൻ അസിസ്റ്റന്റ് കമ്മീഷണർമാർ/ ഫുഡ് സേഫ്റ്റി ഓഫീസർമാർ ബാധ്യസ്ഥരാണ്.

ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ സമയബന്ധിതമായി പുതുക്കുന്നതിനു വേണ്ട സോഫ്റ്റ്‌വെയറിൽ ഒരു അലേർട്ട് മെക്കാനിസത്തിന്റെ അഭാവവും, കൃത്യമായ നിരീക്ഷണത്തിന്റെ കുറവും നിമിത്തം ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ പ്രവർത്തിക്കാനുള്ള സാധ്യത തള്ളിക്കളയാനാകില്ല.

### *2.1.8.2. ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കൽ*

എഫ്.എസ്.എസ് നിയമത്തിന്റെ 35-ാം വകുപ്പ് പ്രകാരം വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്ന പ്രദേശത്ത് ജോലി ചെയ്യുന്ന മെഡിക്കൽ പ്രാക്ടീഷണർമാരോട് അവരുടെ ശ്രദ്ധയിൽ വരുന്ന ഭക്ഷ്യവിഷബാധകൾ പരാമർശിച്ചിരിക്കുന്ന ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യാൻ ഫുഡ് അതോറിറ്റിയ്ക്ക് ആവശ്യപ്പെടാം.

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനതല ഉപദേശകസമിതി (എസ്.എൽ.എ.സി)[63] 2019 ഒക്ടോബറിൽ നടന്ന യോഗത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർ അവരുടെ ശ്രദ്ധയിൽ വരുന്ന ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട വിവരങ്ങൾ എഫ്.എസ്.ഓമാരെ അറിയിക്കാനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനോട് നിർദ്ദേശിച്ചു.

എന്നാൽ, ഫുഡ് സേഫ്റ്റി കമ്മീഷണർ അത്തരമൊരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്ന് പരിശോധനയിൽ വെളിപ്പെട്ടു (2021 ആഗസ്റ്റ് വരെ).

വകുപ്പ് 35 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് ഫുഡ് അതോറിറ്റി (എഫ്.എസ്.എസ്.എ.ഐ) ആണെന്നും അതിനാൽ ഈ വിഷയം എഫ്.എസ്.എസ്.എ.ഐയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സർക്കാർ അറിയിച്ചു (2021 ഡിസംബർ). എന്നാൽ, എഫ്.എസ്.എസ് നിയമത്തിന്റെ 30(1) വകുപ്പ് പ്രകാരം എഫ്.എസ്.എസ് നിയമം, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവ പ്രകാരമുള്ള ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും മറ്റും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാർ ഫുഡ് സേഫ്റ്റി കമ്മീഷണറെ നിയമിക്കുന്നത്. സംസ്ഥാനത്തിന്റെ ഫുഡ് അതോറിറ്റി, കമ്മീഷണർ ആയതിനാൽ ഇത്തരമൊരു വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിലുള്ള സർക്കാറിന്റെ മറുപടി സ്വീകാര്യമല്ല. കൂടാതെ, രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ വിജ്ഞാപനം പുറപ്പെടുവിക്കാൻ സംസ്ഥാനതല ഉപദേശകസമിതി 2019 ഒക്ടോബറിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ കമ്മീഷണർ ഇതുവരെ നടപടികളൊന്നുമെടുത്തിട്ടില്ല.

### *2.1.8.3. ഐ.ഇ.സിയ്ക്ക് അനുവദിച്ച തുകയിലും ചെലവിലും ഉണ്ടായ കുറവ്*

ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങൾ ഉൾപ്പെടുന്ന ഇൻഫർമേഷൻ, എജ്യുക്കേഷൻ കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പ്രവർത്തനങ്ങളിലൂടെയോ മറ്റ് വിധത്തിലോ വിവിധ തല്പര കക്ഷികളെ എഫ്.എസ്.എസ് നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവയുടെ അവശ്യ ഘടകങ്ങളെ കുറിച്ച് ബോധവാന്മാരാക്കേണ്ടതുണ്ട്. കൂടാതെ, ചെയ്യേണ്ടതും ചെയ്യരുതാത്തതും, ശുചിത്വം, ലേബലിംഗ്, മായം ചേർക്കൽ, ഭക്ഷ്യപദാർത്ഥങ്ങളുടെ ഷെൽഫ് കാലാവധി എന്നീ കാര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ, പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, ലഘുലേഖകൾ, ബുക്ക്‌ലെറ്റുകൾ എന്നിവ വഴി ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിയും. 2012 ജൂലൈയിലെ കേന്ദ്ര ഉപദേശക സമിതിയുടെ (സി.എ.സി) എട്ടാമത്തെ യോഗത്തിൽ, നിയമം നടപ്പിലാക്കുന്നതിനുള്ള നട്ടെല്ലാണ് ഐ.ഇ.സി പ്രവർത്തനങ്ങളെന്നും എഫ്.എസ്.എസ് നിയമം നടപ്പിലാക്കുന്നതിലെ പ്രധാന ഘടകങ്ങളിലൊന്നാണ് ബോധവൽക്കരണം എന്നും എഫ്.എസ്.എസ്.എ.ഐ എടുത്തു പറഞ്ഞു. ഐ.ഇ.സി പ്രവർത്തനങ്ങൾ

[63] എഫ്.എസ്.എസ് (ഫുഡ് ബിസിനസ് ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻ, 2011 റെഗുലേഷൻ 2.1.15 അനുസരിച്ചാണ് എസ്.എൽ.എ.സി സ്ഥാപിതമായത്. ചീഫ് സെക്രട്ടറിയാണ് ചെയർപേഴ്സൺ.

നടത്തുന്നതിനായി ലൈസൻസ് ഫീസിന്റെ 75 ശതമാനമെങ്കിലും ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർ അതാത് സർക്കാരുകളുമായി ചർച്ച ചെയ്യണമെന്ന് സി.എ.സി നിർദ്ദേശിച്ചു.

രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, ഓഡിറ്റ് കാലയളവിൽ ലൈസൻസും രജിസ്ട്രേഷനും ഫീസ് ഇനത്തിൽ സർക്കാരിന് ലഭിച്ച ₹55.18 കോടിയിൽ[64] വകുപ്പിന് ഐ.ഇ.സി പ്രവർത്തനങ്ങൾക്ക് ലഭിച്ചത് ₹5.58 കോടി മാത്രമാണെന്നും ₹4.18 കോടി ഐ.ഇ.സി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ ചെലവഴിച്ച തുക ലൈസൻസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ വഴിയുള്ള വരുമാനത്തിന്റെ 7.58 ശതമാനം മാത്രമായിരുന്നു.

ഇതുകൂടാതെ, വിവിധ ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. ₹41.50 ലക്ഷവും (2019–21) കേന്ദ്ര സർക്കാർ ₹63.65 ലക്ഷവും (2020–21) അനുവദിച്ചിരുന്നു. എൻ.എച്ച്.എമ്മിൽ നിന്നും ലഭിച്ച ₹41.50 ലക്ഷത്തിൽ ₹10.32 ലക്ഷം വിനിയോഗിക്കുകയും ബാക്കി എൻ.എച്ച്.എമ്മിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തു. കേന്ദ്ര സർക്കാർ അനുവദിച്ച തുക ഇതുവരെ വിനിയോഗിച്ചിട്ടില്ല (2021 സെപ്റ്റംബർ).

ലൈസൻസ് ഫീസായി ലഭിക്കുന്ന ഫണ്ടിന്റെ 75 ശതമാനം ഐ.ഇ.സി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്ന് സി.എ.സി നിർദ്ദേശിച്ചിരുന്നെങ്കിലും കേവലം 7.58 ശതമാനം മാത്രമാണ് ഇത്തരം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എൻ.എച്ച്.എം., കേന്ദ്ര സർക്കാർ തുടങ്ങിയ ഏജൻസികളിൽ നിന്നു ലഭിച്ച ഫണ്ടും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. ഐ.ഇ.സി പ്രവർത്തനങ്ങൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നട്ടെല്ലാണെങ്കിലും ഭക്ഷ്യസുരക്ഷാ വകുപ്പ് അതിന് വലിയ പ്രാധാന്യം നൽകിയിട്ടില്ലെന്നാണ് കാണുന്നത്.

സി.എ.സി യോഗത്തിലെ (2012) എഫ്.എസ്.എസ്.എ.ഐ യുടെ തീരുമാനം ആ കാലഘട്ടത്തിനു വേണ്ടി ആയിരുന്നുവെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). എന്നിരുന്നാലും, ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ച തുക 100 ശതമാനവും ഉപയോഗപ്പെടുത്തുമെന്ന് അന്തിമകൂടിക്കാഴ്ചയിൽ കമ്മീഷണർ ഓഡിറ്റിനെ അറിയിച്ചു.

എന്നാൽ, തല്പരകക്ഷികളെ ബോധവൽക്കരിക്കുവാൻ ഐ.ഇ.സി പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന വസ്തുത നിലനിൽക്കുന്നുണ്ട്.

### 2.1.9. ഉപസംഹാരം

സംസ്ഥാനങ്ങളുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ 2019–20, 2020–21 വർഷങ്ങളിൽ ഉയർന്ന സ്ഥാനം നേടിയിട്ടും സംസ്ഥാനത്ത് 2006–ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ലൈസൻസിംഗും രജിസ്ട്രേഷനും, പരിശോധനയും

---

[64] ലൈസൻസ് ഫീസും രജിസ്ട്രേഷൻ ഫീസും ഉൾപ്പെടുന്നു.

സാമ്പിൾ ശേഖരണവും, ഭക്ഷ്യ വിശകലനവും നിരീക്ഷണവും തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ അപാകതകൾ നേരിട്ടു. ലൈസൻസിന്റെ കാലവധി കഴിഞ്ഞ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കെതിരെ തുടർനടപടികളെടുക്കാനുള്ള സംവിധാനമില്ലായ്മ, രജിസ്ട്രേഡ് എഫ്.ബി.ഓകളുടെ പരിശോധനയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തത് എന്നിവയിലൂടെ നിയമം നടപ്പിലാക്കുന്നതിൽ വകുപ്പിനുള്ള പോരായ്മകൾ വെളിവാക്കപ്പെട്ടു. ലൈസൻസും രജിസ്ട്രേഷനും നൽകുന്നതിൽ വകുപ്പിന് കാലതാമസം നേരിട്ടു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഡാറ്റാബേസിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ വിവരങ്ങളും മറ്റ് സർക്കാർ ഏജൻസികൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ലഭ്യമായ സമാനസ്വഭാവമുള്ള വിവരങ്ങളും തമ്മിൽ താരതമ്യം ചെയ്യപ്പോൾ ധാരാളം ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിരീക്ഷണ പരിധിക്ക് പുറത്താണെന്ന് കണ്ടെത്തി. എഫ്.ബി.ഓകൾക്ക് ലൈസൻസിന് പകരം രജിസ്ട്രേഷൻ നൽകിയത് സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാക്കി. ഡെസിഗ്നേറ്റഡ് ഓഫീസർമാർ ലൈസൻസുള്ള ഭക്ഷ്യസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനുള്ള കാലയളവ് നിർദ്ദേശിച്ചിട്ടില്ല, അതേസമയം രജിസ്ട്രേഷനുള്ള ഭക്ഷ്യസ്ഥാപനങ്ങൾ വർഷംതോറും പരിശോധിക്കണമെന്നുള്ള വ്യവസ്ഥ ഭക്ഷ്യസുരക്ഷാ വകുപ്പ് പാലിച്ചിട്ടുമില്ല. നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങളിലേക്ക് എത്തുന്നില്ലെന്ന് ഉറപ്പാക്കാൻ വകുപ്പിന് കഴിഞ്ഞില്ല. സംസ്ഥാനത്തെ എഫ്.എസ്.എസ്.എ.ഐ വിജ്ഞാപനം ചെയ്ത ലബോറട്ടറികളിൽ എല്ലാ ഘടകങ്ങളുടെയും പരിശോധനയ്ക്ക് എൻ.എ.ബി.എൽ അംഗീകാരമില്ല. ഒരു പ്രത്യേക ഭക്ഷണസാമ്പിൾ സുരക്ഷിതമാണെന്ന് പ്രഖ്യാപിക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും പരിശോധിക്കാനും ഈ ലബോറട്ടറികൾ സജ്ജമല്ല. ശബരിമല ക്ഷേത്രത്തിലെ വഴിപാട് സാധനങ്ങൾ, അവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എന്നിവയുടെ പരിശോധന നടത്തുന്ന ലബോറട്ടറികൾ ആവശ്യമായ എല്ലാ ഘടകങ്ങളും പരിശോധിക്കാതെയാണ് ഭക്ഷ്യ സാധനങ്ങൾ തൃപ്തികരം എന്ന് വിലയിരുത്തുന്നത്. നിയമലംഘനം നടത്തിയ എഫ്.ബി.ഓകൾക്ക് മേൽ ചുമത്തിയ പിഴയും കോമ്പൗണ്ടിംഗ് ചാർജ്ജുകളും കുടിശ്ശികയായി നിലനിൽക്കുന്നു. എഫ്.എസ്.എസ് നിയമം, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കുന്നതിൽ കുറവുണ്ടായതായി കണ്ടെത്തി.

### 2.1.10. ശിപാർശകൾ

- ഒരു ഫുഡ് ബിസിനസ് ഓപ്പറേറ്ററും വകുപ്പിന്റെ അറിവോ അനുമതിയോ ഇല്ലാതെ ഫുഡ് ബിസിനസ് തുടങ്ങുന്ന സാഹചര്യം ഉണ്ടാകാതിരിക്കാനായി ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയ്ക്കായി ലഭിക്കുന്ന എല്ലാ അപേക്ഷകളിൻമേലും നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം എടുക്കുകയും ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ

അറിയിക്കുകയും ചെയ്യുന്നുണ്ടെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് ഉറപ്പാക്കണം.

- ലൈസൻസ്/രജിസ്ട്രേഷൻ കാലാവധി അവസാനിക്കാറാകുന്ന എഫ്.ബി.ഓയെക്കുറിച്ച് ഫുഡ് സേഫ്റ്റി ഓഫീസർക്ക് മുൻകൂർ വിവരം ലഭിക്കത്തക്ക വിധത്തിൽ ഒരു അലേർട്ട് സിസ്റ്റം സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്ന വിഷയം ഭക്ഷ്യസുരക്ഷാ വകുപ്പ് എഫ്.എസ്.എസ്.എ.ഐയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

- എല്ലാ എഫ്.ബി.ഓകളും സാധുവായ ലൈസൻസ്/ രജിസ്ട്രേഷനോടു കൂടിയാണ് പ്രവർത്തിക്കുന്നത് എന്നത് ഉറപ്പാക്കാൻ വകുപ്പ് സമയബന്ധിതമായ നടപടികൾ സ്വീകരിക്കണം. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഡാറ്റാ ബേസിലുള്ള എഫ്.ബി.ഓകളുടെ വിവരങ്ങളും മറ്റ് സർക്കാർ ഏജൻസികളുടെ പക്കലുള്ള സമാനസ്വഭാവമുള്ള വിവരങ്ങളും താരതമ്യം ചെയ്യുകയും അതിലൂടെ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന എഫ്.ബി.ഓകളെ കണ്ടെത്തുകയും വേണം.

- നിയമാനുസൃതമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ മാനവവിഭവ ശേഷി സർക്കാർ ഉറപ്പുവരുത്തണം.

- ഒരു സംസ്ഥാനത്തെ പൗരന്മാരുടെ ഭക്ഷണത്തിന്റെ ഗുണനിലവാരം പ്രാഥമിക പരിഗണനയുള്ള വിഷയമായതിനാൽ പരമാവധി ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കുന്നതിനും ഭക്ഷ്യയോഗ്യമല്ലാത്തവ വിപണിയിൽ നിന്നും ദ്രുതഗതിയിൽ നീക്കം ചെയ്യുന്നതിനും/ പിടിച്ചെടുക്കുന്നതിനും/റീകോൾ ചെയ്യുന്നതിനും ഉള്ള മാർഗങ്ങൾ സർക്കാർ ആവിഷ്കരിക്കേണ്ടതാണ്.

- എഫ്.എസ്.എസ്.എ.ഐ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കത്തക്കവിധത്തിൽ വകുപ്പിന് കീഴിലുള്ള ലബോറട്ടറികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, എഫ്.എസ്.എസ് (പാക്കേജിംഗ് ആന്റ് ലേബലിംഗ്) റെഗുലേഷൻസ് 2011 കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

- വകുപ്പിന് കീഴിലുള്ള എല്ലാ ലബോറട്ടറികൾക്കും എല്ലാ ഘടകങ്ങളുടെയും പരിശോധനയ്ക്കായുള്ള എൻ.എ.ബി.എൽ അംഗീകാരം നേടാൻ ആവശ്യമായ നടപടികളെടുക്കണം.

- ശുചിത്വം, മായം ചേർക്കൽ, ഭക്ഷ്യവസ്തുക്കളുടെ ഷെൽഫ് ലൈഫ് എന്നിവയെക്കുറിച്ച് തൽപര കക്ഷികളെ ബോധവാൻമാരാക്കാൻ ഐ.ഇ.സി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

# മേൽനോട്ടത്തിന്റെ/ഭരണപരമായ നിയന്ത്രണങ്ങളുടെ പരാജയം

## കൃഷി വകുപ്പ്

### 2.2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്ക് കീഴിലുള്ള പദ്ധതികളുടെ നിർവ്വഹണം

**വിശദമായ പദ്ധതി റിപ്പോർട്ടുകളിലെ പോരായ്മകൾ, നിർവഹണ ഏജൻസികളുടെ പദ്ധതി ഫണ്ട് വകമാറ്റം, പദ്ധതികൾ നടപ്പിലാക്കുന്നതിലും നിരീക്ഷിക്കുന്നതിലുമുള്ള അപാകതകൾ തുടങ്ങിയവ മൂലം പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരികയും, നിർമ്മിക്കപ്പെട്ട ആസ്തികൾ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ കഴിയാതെ വരികയും ചെയ്തു. തൽഫലമായി, പദ്ധതിയുടെ ലക്ഷ്യങ്ങളും ഉദ്ദേശിച്ച നേട്ടങ്ങളും കൈവരിക്കാനായില്ല.**

#### 2.2.1. ആമുഖം

രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം, സംസ്ഥാനതലത്തിൽ അനുമതി നൽകുന്ന സമിതി (എസ്.എൽ.എസ്.സി) അംഗീകരിച്ച പദ്ധതികളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരുകൾക്ക് ഫണ്ട് അനുവദിച്ചത്. സംസ്ഥാന തലത്തിലുള്ള നോഡൽ ഓഫീസർ കൃഷി ഡയറക്ടറായിരുന്നു. ആർ.കെ.വി.വൈയുടെ കീഴിലുള്ള പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങൾ (പി.എസ്.യു) ഉൾപ്പെടുന്ന വിവിധ ഏജൻസികൾ[65] മുഖേന നടപ്പിലാക്കി.

2014–15 മുതൽ 2018–19 വരെയുള്ള കാലയളവിൽ കേരള സർക്കാർ ആർ.കെ.വി.വൈയുടെ കീഴിലുള്ള 119 പദ്ധതികൾ 12 പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി. ഇതിൽ, 10 പൊതുമേഖലാ സ്ഥാപനങ്ങളിൽ[66] സെപ്റ്റംബർ 2019 മുതൽ ജനുവരി 2020 വരെ നടപ്പിലാക്കിയ 33 പദ്ധതികൾ[67] ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. (**അനുബന്ധം 2.8**). പദ്ധതികളുടെ ആസൂത്രണം, നടപ്പാക്കൽ, മേൽനോട്ടം എന്നിവയിൽ ആർ.കെ.വി.വൈ മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് പ്രസക്തമായ സർക്കാർ ഉത്തരവുകളും എത്രത്തോളം പാലിക്കപ്പെട്ടു എന്ന് വിലയിരുത്തുക

---

65 മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം എന്നീ വകുപ്പുകൾ

66 സ്ട്രാറ്റിഫൈഡ് റാൻഡം സാമ്പ്ലിംഗ് വഴി തെരഞ്ഞെടുത്തത്

67 കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.പി.ഡി.സി.എൽ), കേരള ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ), കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് (കെ.എൽ.ഡി.ബി), കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എൽ.ഡി.സി), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെയ്ക്കോ), വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട്സ് പ്രോസസ്സിംഗ്കമ്പനി ലിമിറ്റഡ് (വി.എ.എഫ്.പി.സി.എൽ), കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി), കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ), പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (പി.സി.കെ).

എന്നതായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യം. ആർ.കെ.വി.വൈയുടെ 2014-ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ, ആർ.കെ.വി.വൈ-ആർ.എ.എഫ്.റ്റി.എ.എ.ആർ[68] പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ (2017-18 മുതൽ 2019-20 വരെ) എന്നിവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ ഉരുത്തിരിഞ്ഞത്. ഓഡിറ്റ് കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ചചെയ്യുന്നു.

### 2.2.2. ആസൂത്രണം

*വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയതിലെ അപാകതകൾ*

സാധ്യതാപഠനങ്ങൾ ഉൾപ്പെടെ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയായിരിക്കണം വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡി.പി.ആർ) തയ്യാറാക്കേണ്ടതെന്ന് 2014-ലെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് താഴെ പറയുന്നവ നിരീക്ഷിച്ചു.

*2.2.2.1.* 'കാർഷിക യന്ത്രവത്കരണം' എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ വിഭാവനം ചെയ്തതുപോലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെയ്ക്കോ) ഡി.പി.ആർ തയ്യാറാക്കുകയോ, കമ്പൈൻഡ് ഹാർവെസ്റ്ററുകൾ (സി.എച്ചുകൾ) ഉപയോഗിക്കുന്നതിനുള്ള ഏതെങ്കിലും സാങ്കേതിക സാധ്യതാ പഠനം നടത്തുകയോ ചെയ്തില്ല. ഈ പദ്ധതിയുടെ ഭാഗമായി, കെയ്ക്കോ (ഏപ്രിൽ 2011) 50 കുബോട്ട നിർമ്മിതമായ സി.എച്ചുകൾ ₹10.80 കോടി ചെലവിൽ വാങ്ങി. ഈ സി.എച്ചുകൾ പ്രതിവർഷം 400 മണിക്കൂർ പ്രയോജനപ്പെടുത്തുമെന്നാണ് വിഭാവനം ചെയ്തിരുന്നത്.

നനഞ്ഞു കുഴഞ്ഞ നെൽപ്പാടങ്ങളിലും ഈർപ്പമുള്ള സാഹചര്യങ്ങളിലും അനുയോജ്യമല്ലാത്തതു കാരണം സി.എച്ചുകൾ ഉപയോഗിക്കുന്നതിൽ കർഷകർക്ക് എതിർപ്പുകൾ ഉണ്ടായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ, 20 സി.എച്ചുകൾ ഉപയേഗപ്പെടുത്താതെ നിഷ്ക്രിയമായി, ശേഷിക്കുന്ന 30 സി.എച്ചുകളുടെ ഉപയോഗം 2014-15 മുതൽ 2020-21 വരെ പ്രതിവർഷം 400 മണിക്കൂർ എന്ന മാനദണ്ഡത്തിന്റെ 1.70 ശതമാനം മുതൽ 75.64 ശതമാനം[69] വരെ ആയിരുന്നു.

വിശദമായ സാങ്കേതിക പഠനത്തിനു ശേഷമാണ് സി.എച്ചുകൾ വാങ്ങിയതെന്നും, സി.എച്ചുകളുടെ ഫീൽഡ് പരിശോധന നടത്തി അവയിൽ നിന്നും യോഗ്യമായ യന്ത്രങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളതെന്നും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). എന്നിരുന്നാലും, ചില പ്രത്യേക

[68] സംസ്ഥാനങ്ങളിൽ നിന്ന് ലഭിച്ച പ്രതികരണങ്ങളുടേയും തൽപരകക്ഷികൾ നൽകിയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ ആർ.കെ.വി.വൈ മാർഗ്ഗനിർദ്ദേശങ്ങൾ ആർ.കെ.വി.വൈ-റെമ്യൂണറേറ്റീവ് അപ്രോച്ചസ് ഫോർ അഗ്രികൾച്ചർ ആന്റ് അലൈഡ് സെക്ടർ റിജുവനേഷൻ (ആർഎഎഫ് റ്റിഎ എആർ) എന്ന് പരിഷ്കരിച്ചു.

[69] 10 ശതമാനം വരെ (മൂന്ന് സിഎച്ചുകൾ), 11 ശതമാനത്തിനും 20 ശതമാനത്തിനും ഇടയിൽ (11 സിഎച്ചുകൾ), 21 ശതമാനത്തിനും 30 ശതമാനത്തിനും ഇടയിൽ (അഞ്ച് സിഎച്ചുകൾ), 31 ശതമാനത്തിനും 40 ശതമാനത്തിനും ഇടയിൽ (നാല് സിഎച്ചുകൾ), 41 ശതമാനത്തിനും ഇടയിൽ 50 ശതമാനത്തിനും ഇടയിൽ (നാല് സിഎച്ചുകൾ) 51 ശതമാനത്തിനും 76 ശതമാനത്തിനും ഇടയിൽ (മൂന്ന് സിഎച്ചുകൾ).

ബ്രാൻഡുകളുടെ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് കർഷകർക്ക് വൈമുഖ്യം ഉണ്ടായിരുന്നതിനാൽ അവ നിഷ്ക്രിയമായി.

കുബോട്ട നിർമ്മിത സി.എച്ച്.കൾ വാങ്ങുന്നതിന് മുമ്പ് ഫീൽഡ് പരിശോധന നടത്തിയിട്ടില്ലാത്തിനാൽ മറുപടി സ്വീകാര്യമല്ല. തുടർന്നുള്ള ലോട്ടുകൾ വാങ്ങുന്നതിന് മുമ്പ് ഫീൽഡ് പരിശോധന നടത്തിയെങ്കിലും അതിൽ കുബോട്ട നിർമ്മിതമായവ യോഗ്യത നേടിയില്ല.

*2.2.2.2.* 1999 മാർച്ച് 31-ന് അവസാനിച്ച പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.എസ്.പി.ഡി.സി.എൽ) മാളയിലെ ഫീഡ് മിക്സിംഗ് പ്ലാന്റ് പദ്ധതി ഉപേക്ഷിച്ചതിനെ കുറിച്ചുള്ള ഒരു ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യാലോചനസഭ (കോപ്പ) മേൽപറഞ്ഞ റിപ്പോർട്ട് ചർച്ച ചെയ്യുകയും (2005 മാർച്ച്) സാധ്യമാണെങ്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി പദ്ധതി തുടരാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ പദ്ധതി എസ്.എൽ.എസ്.സി ആർ.കെ.വി.വൈ-ക്ക് കീഴിൽ അംഗീകരിക്കുകയും (2011 മാർച്ച്) കെ.എസ്.പി.ഡി.സി.എൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് പ്രകാരം 2014-15 വരെ ഈ പദ്ധതിക്ക് കേരള സർക്കാർ ₹15.36 കോടി നൽകുകയും ചെയ്തു.

പദ്ധതി പ്രായോഗികമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനമായ ഒരു മെട്രിക് ടൺ കോഴിത്തീറ്റയ്ക്ക് ₹11,000 എന്ന വിൽപ്പന വില നിർദ്ദേശിക്കുന്നതിന് പദ്ധതി റിപ്പോർട്ടിൽ ഒരു ന്യായീകരണവും ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതുപോലെ, പൂർത്തിയായ മൊത്തം ഉത്പന്നത്തിന്റെ 80 ശതമാനവും വിൽക്കുന്നതിനുള്ള ഒരു വിപണന തന്ത്രവും പദ്ധതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ കോഴിത്തീറ്റയുടെ നിലവിലെ ആവശ്യകത നിറവേറ്റുന്നത് ആറോ ഏഴോ സ്വകാര്യ സ്ഥാപനങ്ങൾ ആണെന്നും കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കാൻ കെ.എസ്.പി.ഡി.സി.എൽ-ന് സാധിക്കുമെന്നും പദ്ധതി റിപ്പോർട്ടിൽ പറഞ്ഞത് പ്രതിയോഗികളുടെ വിലയെ കുറിച്ചോ, പൂർത്തിയായ ഉൽപ്പന്നം ഏത് വിലയ്ക്കാണ് വിൽക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെ കുറിച്ചോ കൂടുതൽ വിവരങ്ങൾ നൽകാതെയാണ്. അതിനാൽ പദ്ധതിയുടെ പ്രായോഗികത തെളിയിക്കപ്പെട്ടിരുന്നില്ല.

₹ ഏഴ് കോടി മുതൽമുടക്കുള്ള ഈ പദ്ധതിക്ക് കേരള സർക്കാർ അനുമതി നൽകിയെങ്കിലും (2011 ജൂലൈ) പദ്ധതിയുടെ കൺസൾട്ടന്റ് (2011 ആഗസ്റ്റ്) പദ്ധതി ചെലവ് ₹22.63 കോടിയായി കണക്കാക്കിയതായി ഓഡിറ്റ് തുടർന്നു നിരീക്ഷിച്ചു. ₹17.97 കോടിയ്ക്ക് സർക്കാർ പുതുക്കിയ അനുമതി നൽകി (2016 മാർച്ച്). ₹15.36 കോടി ചെലവഴിച്ചിട്ടും പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല (2021 മാർച്ച്). കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന (2019 ഒക്ടോബർ) യോഗത്തിൽ, ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ₹18 കോടി അധിക ഫണ്ട്

നിക്ഷേപിച്ചാലും പദ്ധതി പ്രായോഗികമാവുകയില്ലെന്ന് അറിയിച്ചു. കെ.എസ്.പി.ഡി.സി.എൽ വിശദമായ സാദ്ധ്യതാ പഠനത്തിന് ശേഷമല്ല പദ്ധതി സമർപ്പിച്ചതെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

സാദ്ധ്യതാ പഠനം നടത്തിയില്ലെന്നും പക്ഷേ പദ്ധതി അംഗീകരിക്കപ്പെട്ട സമയത്ത് മുടക്കുമുതലും-നേട്ടവും വിശകലനം ചെയ്ത് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണെന്നും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). ഓഡിറ്റ് കണ്ടെത്തൽ ഭാവിയിലെ മാർഗനിർദ്ദേശത്തിന് വേണ്ടി കണക്കിലെടുത്തതായും കൂട്ടിചേർത്തു.

എന്നിരുന്നാലും 2011-ൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്ന സമയത്തോ അല്ലെങ്കിൽ പിന്നീട് പദ്ധതിച്ചെലവ് പുതുക്കിയ സമയത്തോ കോപ്പുവിന്റെ ശിപാർശ പാലിച്ചില്ല എന്ന വസ്തുത ആവശേഷിക്കുന്നു.

*2.2.2.3.* കേരള ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ) പ്രതിദിനം 300 ടൺ (ടി.പി.ഡി) സംയോജിത കന്നുകാലി-ആട്ടിൻ തീറ്റ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു ഡി.പി.ആർ തയ്യാറാക്കി (2012 ആഗസ്റ്റ്). 2007 വരെയുള്ള കന്നുകാലികളുടെയും കോഴികളുടെയും എണ്ണം, 2004-05 വരെയുള്ള കാലിത്തീറ്റയുടെ വിൽപ്പന, 1995 മുതൽ 2010 വരെയുള്ള കാലയളവിൽ പച്ചയും ഉണങ്ങിയതുമായ കാലിത്തീറ്റ ഉൽപ്പാദനവും വിൽപ്പന നിലവാരവും തുടങ്ങിയ വിവരങ്ങളെയാണ് ഡി.പി.ആർ ആശ്രയിച്ചത്. ആയതിനാൽ, സംസ്ഥാനത്ത് കാലിത്തീറ്റയുടെ നിലവിലുള്ള ആവശ്യവും, ഭാവിയിലുള്ള ആവശ്യവും, പ്രത്യേകിച്ച് പ്ലാന്റിൽ നിന്നുള്ള പൂർത്തിയായ ഉത്പന്നങ്ങൾ വിൽക്കേണ്ട പ്രദേശങ്ങളിലെ ആവശ്യകതയും യഥാർത്ഥ്യബോധത്തോടെ പരിഗണിച്ചല്ല പദ്ധതിയുടെ പ്രായോഗികത സമർത്ഥിക്കപ്പെട്ടത്.

വടക്കൻ കേരളത്തിൽ വിപണന സാധ്യതയുണ്ടായിരുന്നെന്നും, പുതിയ പ്ലാന്റ് ആരംഭിക്കുന്നതോടെ ഈ വിപണി പിടിച്ചെടുക്കാമെന്ന് കെ.എഫ്.എൽ പ്രതീക്ഷിച്ചിരുന്നതായും കേരള സർക്കാർ പ്രസ്താവിച്ചു (2021 ഒക്ടോബർ). നിലവിൽ കെ.എഫ്.എൽ ഈ പ്ലാന്റിൽ നിന്ന് പ്രതിമാസം 5,000 മെട്രിക് ടൺ മുതൽ 5,500 മെട്രിക് ടൺ വരെ ഉത്പാദിപ്പിക്കുന്നുണ്ട്, ഇത് പ്രതിമാസം 7,000 മെട്രിക് ടൺ മുതൽ 7,500 മെട്രിക് ടൺ വരെ വർദ്ധിപ്പിക്കാനുള്ള കഴിവുമുണ്ട്.

ആദ്യത്തെയും രണ്ടാമത്തെയും വർഷത്തിൽ 80 ശതമാനവും മൂന്നാം വർഷത്തിൽ 90 ശതമാനവും അതിനു ശേഷം 100 ശതമാനവും വിനിയോഗശേഷിയുണ്ടെങ്കിൽ പദ്ധതി പ്രാവർത്തികമാണെന്ന് കെ.എഫ്.എൽ കണ്ടെത്തിയിരുന്നു എന്ന വസ്തുതയുടെ വെളിച്ചത്തിൽ വേണം ഈ മറുപടി കാണേണ്ടത്. കമ്മീഷൻ ചെയ്തതിനുശേഷം 2021 ആഗസ്റ്റ് വരെയുള്ള യഥാർത്ഥ വിനിയോഗ ശേഷി 14.11 മുതൽ 62.10 ശതമാനം വരെ മാത്രമായിരുന്നു. ഉപരിപ്ലവമായ വിവരങ്ങളെ അടിസ്ഥാനമാക്കി കന്നുകാലി തീറ്റയുടെ ആവശ്യകതയെകുറിച്ച് യഥാർത്ഥ്യബോധമില്ലാത്ത ലക്ഷ്യത്തോടെയാണ് കെ.എഫ്.എൽ പദ്ധതി നിർദ്ദേശിച്ചതെന്ന് ഇത് വ്യക്തമാക്കുന്നു.

*2.2.2.4.* കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന് (കാംകോ) ₹20.22 കോടിയുടെ അടങ്കൽ ചെലവിൽ ന്യൂ ജനറേഷൻ പവർ ടില്ലറുകൾ (എൻ.ജി.പി.റ്റി) നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി (2013 ജനുവരി). ഒരു വിദേശസ്ഥാപനവുമായുള്ള സാങ്കേതിക സഹകരണ കരാറിന്റെ (2011 സെപ്റ്റംബർ) അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. കാംകോയുടെ ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ (2013 ഏപ്രിൽ) കേരള സർക്കാർ ഈ പദ്ധതിക്കായി ആർ.കെ.വി.വൈ പ്രകാരം ₹10 കോടി അനുവദിക്കുകയും 2015-16 വരെ ₹ ഏഴ് കോടി നൽകുകയും ചെയ്തു.

വിദേശ സ്ഥാപനം വാഗ്ദാനം ചെയ്ത എൻ.ജി.പി.റ്റിയുടെ നിർദ്ദിഷ്ട മോഡലിന്റെ സാങ്കേതിക സാധ്യതകൾ വിലയിരുത്താതെയാണ് കാംകോ ഡി.പി.ആർ തയ്യാറാക്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിദേശ സ്ഥാപനം വാഗ്ദാനം ചെയ്ത സാങ്കേതികവിദ്യ ഇന്ത്യയിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലെന്ന് (2014 മാർച്ച്) ഫീൽഡ് പഠനത്തിന് ശേഷം കാംകോയുടെ ആഭ്യന്തര സമിതി കണ്ടെത്തി. കൂടാതെ, നിലവിലുള്ള ടില്ലറുകളെ അപേക്ഷിച്ച് എൻ.ജി.പി.റ്റിയുടെ നിർമ്മാണച്ചെലവ് കൂടുതലായിരുന്നതായും (2015 സെപ്റ്റംബർ) കണ്ടെത്തി. അതിനാൽ 2021 മാർച്ച് വരെ കാംകോയ്ക്ക് എൻ.ജി.പി.റ്റിയുടെ നിർമ്മാണം ആരംഭിക്കാനായില്ല.

സാങ്കേതിക പങ്കാളി വാഗ്ദാനം ചെയ്ത ഒരു മോഡലിന് അനുയോജ്യമായ എഞ്ചിൻ തെരഞ്ഞെടുക്കുന്നതിലെ കാലതാമസം കാരണം എൻ.ജി.പി.റ്റി ഉൽപ്പാദനം ആരംഭിക്കാൻ താമസം ഉണ്ടായതായി കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). മറ്റൊരു മോഡലിന് അനുയോജ്യമായ എഞ്ചിൻ സാങ്കേതിക പങ്കാളി നൽകിയിട്ടുള്ളതിനാൽ എൻ.ജി.പി.റ്റിയുടെ സാധാരണ രീതിയിലുള്ള നിർമ്മാണം 2021 ഡിസംബർ മുതൽ ആരംഭിക്കുന്നതാണ്.

ഡി.പി.ആർ തയ്യാറാക്കുന്നതിന് മുമ്പ് വിദേശസ്ഥാപനം നിർദ്ദേശിച്ച മോഡലിന്റെ സാങ്കേതികമായ സാധ്യത കാംകോ വിലയിരുത്താത്തതിനാൽ പദ്ധതിക്ക് അംഗീകാരം ലഭിച്ച് ഒമ്പത് വർഷത്തിന് ശേഷവും പദ്ധതി ആരംഭിക്കാൻ വൈകി എന്നതിനാൽ മറുപടി ന്യായമല്ല.

### 2.2.3. സാമ്പത്തിക നിർവ്വഹണം

#### *ഫണ്ട് വകമാറ്റം*

*2.2.3.1.* രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ആർ.കെ.വി.വൈ പദ്ധതിയുടെ നടത്തിപ്പിനായി ലഭിച്ച ഫണ്ട് വകമാറ്റി താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

### പട്ടിക 2.1: പൊതുമേഖലാ സ്ഥാപനങ്ങൾ ഫണ്ട് വകമാറ്റി ചെലവാക്കിയതിന്റെ വിശദാംശങ്ങൾ

| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | പദ്ധതിയുടെ പേര് | കേരള സർക്കാർ/ ആർ.കെ.വി.വൈ ഫണ്ട് | വകമാറ്റിയ ഫണ്ട് | യഥാർത്ഥ ഉപയോഗം/ പരാമർശങ്ങൾ |
|---|---|---|---|---|
| | | (₹ കോടിയിൽ) | | |
| വി.എ.എഫ്.പി.സി.എൽ | ടെട്രാ പാക്ക് യൂണിറ്റിന്റെ ആധുനികവൽക്കരണം | 1.97 | 1.97 | നിലവിലുള്ള യന്ത്രസാമഗ്രികളുടെ പരിപാലനത്തിനും പ്രവർത്തന മൂലധനത്തിനും പരിപാലനം |
| എം.പി.ഐ | പിഗ് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കൽ | 7.26 | 4.78 | പ്രവർത്തന മൂലധന ചെലവുകൾ |
| **ആകെ** | | **9.23** | **6.75** | |

*(അവലംബം: പൊതുമേഖലാ സ്ഥാപനങ്ങൾ നൽകിയ രേഖകളിൽ നിന്നും സ്വാംശീകരിച്ച വിവരങ്ങൾ)*

മേൽപ്പറഞ്ഞ പ്രകാരം ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും ആർ.കെ.വി.വൈ പദ്ധതി നടത്തിപ്പിന് ലഭിച്ച ₹9.23 കോടിയിൽ നിന്ന് ₹6.75 കോടി വകമാറ്റി ചെലവാക്കിയെന്ന് കണ്ടെത്തി. ആയതിനാൽ ഈ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനായില്ല. ഫണ്ട് വകമാറ്റിയത് ഇനിപറയുന്ന കാരണങ്ങളാലാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- ₹8.54 കോടി അടങ്കൽ ചെലവുള്ള ഒരു പദ്ധതിക്കായി വി.എ.എഫ്.പി.സി.എല്ലിന് കേരള സർക്കാർ അനുമതി നൽകി (2016 നവംബർ). പക്ഷേ ശേഷിക്കുന്ന ഫണ്ട് സമാഹരിക്കുന്നതിനുള്ള വി.എ.എഫ്.പി.സിഎല്ലിന്റെ കഴിവ് വിലയിരുത്താതെ ആർ.കെ.വി.വൈയുടെ സഹായമായ ₹1.97 കോടി നൽകി (2017 ജനുവരി).

- പിഗ് സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മൂന്ന് പദ്ധതികൾക്കായി 2009–10 മുതൽ 2014–15 വരെയുള്ള കാലത്ത് കേരള സർക്കാർ എം.പി.ഐയ്ക്ക് അനുമതി നൽകുകയും എന്നാൽ പദ്ധതി ലക്ഷ്യം നേടിയെന്ന് ഉറപ്പിക്കാതെ ₹7.26 കോടി നൽകുകയും ചെയ്തു.

ഈ പൊതുമേഖലാ സ്ഥാപനങ്ങൾ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം, നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾക്കും, പ്രവർത്തന മൂലധനമായും ആർ.കെ.വിവൈ ഫണ്ട് ഉപയോഗിച്ചു എന്ന് കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

ഫണ്ട് അത് അനുവദിക്കപ്പെട്ട ഉദ്ദേശ്യത്തിനല്ല ഫണ്ട് വിനിയോഗിക്കപ്പെട്ടത് എന്ന വസ്തുത നിലനില്ക്കുന്നു.

*2.2.3.2.* ആർ.കെ.വി.വൈയുടെ മാർഗ്ഗനിർദ്ദേശത്തിനെതിരായി 10 പദ്ധതികൾക്കായി അനുവദിക്കപ്പെട്ട തുകയായ ₹92.43 ലക്ഷത്തിന്റെ അഞ്ച് ശതമാനം മേൽനോട്ട ചാർജ്ജ് ആയി കെ.എൽ.ഡി.സി ഈടാക്കിയതായി ഓഡിറ്റ് ശ്രദ്ധിച്ചു. ആർ.കെ.വി.വൈയുടെ മാർഗനിർദ്ദേശ പ്രകാരം ഭരണ ചെലവിനായി ആർ.കെ.വി.വൈയുടെ നീക്കിയിരിപ്പിന്റെ ഒരു ശതമാനമോ (2017 വരെ), രണ്ട് ശതമാനമോ (തുടർന്നുള്ള വർഷങ്ങളിൽ) മാത്രമാണ് ഉപയോഗിക്കേണ്ടിയിരുന്നത്.

കെ.എൽ.ഡി.സി ഒരു പദ്ധതി നടത്തിപ്പ് ഏജൻസി മാത്രമാണെന്നും ആർ.കെ.വി.വൈയുടെ കീഴിലുള്ള എല്ലാ പദ്ധതികളും കേരള സർക്കാരിന്റെ കൃഷി ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലാണെന്നും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള വിദഗ്ധോപദേശം നൽകാനുള്ള ചുമതലയുള്ളതിനാൽ ആർ.കെ.വി.വൈയുടെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിന് സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള സെന്റേജ് ചാർജ്ജ് ലഭിക്കാൻ കെ.എൽ.ഡി.സി യോഗ്യരാണ്. ആയതിനാൽ, കെ.എൽ.ഡി.സി അഞ്ചു ശതമാനം മേൽനോട്ട ചാർജ്ജിന് അർഹരാണ്.

ആർ.കെ.വി.വൈ പദ്ധതികൾക്കായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പദ്ധതി നടപ്പിലാക്കേണ്ടതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, ഓഡിറ്റിൽ ഉൾപ്പെട്ട മറ്റു നിർവ്വഹണ ഏജൻസികൾ അഞ്ച് ശതമാനം മേൽനോട്ട ചാർജ്ജ് ഈടാക്കിയിരുന്നുമില്ല.

### *പദ്ധതി തിരിച്ചുള്ള അക്കൗണ്ടുകൾ സൂക്ഷിക്കാത്തതും തെറ്റായ വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കലും*

*2.2.3.3.* പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾ പദ്ധതി തിരിച്ചുള്ള അക്കൗണ്ടുകൾ സൂക്ഷിക്കണമെന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ (യു.സികൾ) നൽകണമെന്നും ആർ.കെ.വി.വൈ മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിക്കുന്നു. എന്നാൽ, ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു:

- നാല്[70] പൊതുമേഖലാ സ്ഥാപനങ്ങളാൽ നിർവ്വഹിക്കപ്പെട്ട അഞ്ച് പദ്ധതികളുമായി ബന്ധപ്പെട്ട് പദ്ധതി തിരിച്ചുള്ള അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടില്ല.

  കെ.എസ്.സി.ഡി.സി, കെയ്ക്കോ, എം.പി.ഐ എന്നിവ ഇനിമുതൽ പദ്ധതി തിരിച്ചുള്ള പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കുമെന്ന് കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). ഉത്തരവാദപ്പെട്ട ഓരോ സെന്ററുകൾക്കും കെ.എഫ്.എൽ പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിച്ചിരുന്നുവെന്നും അതുകൊണ്ട് പദ്ധതി/കക്ഷി തിരിച്ചുള്ള ചെലവിന്റെ വിശദാംശങ്ങൾ നിഷ്പ്രയാസം ഈ അക്കൗണ്ടുകളിൽ നിന്ന് വേർതിരിച്ചെടുക്കാൻ സാധിക്കും എന്നും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

[70] എം.പി.ഐ, കെയ്ക്കോ , കെ.എഫ്.എൽ (രണ്ട് പദ്ധതികൾ), കെ.എസ്.സി.ഡി.സി.

ആർ.കെ.വി.വൈ പദ്ധതിതല വിശദാംശങ്ങൾ ഉടനടി ലഭ്യമായിരുന്നില്ല എന്നും അക്കൗണ്ടിംഗ് ചെലവുകൾക്കായി വിശാലമായ ഹെഡിംഗുകൾക്ക് കീഴിൽ സൂക്ഷിക്കുന്ന ഒരു കൂട്ടം അക്കൗണ്ടുകളിൽ നിന്നും ഇത് എടുക്കാമെന്നും മറുപടി സ്ഥിരീകരിച്ചതിനാൽ കെ.എഫ്.എല്ലി–നെ സംബന്ധിച്ച മറുപടി സ്വീകാര്യമല്ല

- ഒൻപത്[71] പൊതുമേഖലാ സ്ഥാപനങ്ങളാൽ നിർവ്വഹിക്കപ്പെട്ട 13 പദ്ധതികളുടെ കാര്യത്തിൽ ₹61.18 കോടിയുടെ യു.സികൾ സമർപ്പിച്ചു. എന്നാൽ യഥാർത്ഥ ചെലവ് ₹22.96 കോടി മാത്രമായിരുന്നു (**അനുബന്ധം 2.9**).

  കെയ്കോ, കെ.എസ്.സി.ഡി.സി, എം.പി.ഐ എന്നിവ പുതുക്കിയ യു.സി സമർപ്പിച്ചു എന്ന് കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). കെ.എഫ്.എല്ലും കെ.എൽ.ഡി.ബിയും യു.സി സമർപ്പിച്ചത് മുഴുവൻ തുകയും ഉപയോഗിക്കാൻ കഴിയും എന്ന പ്രതീക്ഷയിലാണ്. ഫണ്ട് മുഴുവൻ ഉപയോഗിച്ചതിന് ശേഷമാണ് കെ.എസ്.പി.ഡി.സി.എൽ യു.സി സമർപ്പിച്ചത്. കെ.എൽ.ഡി.സി യഥാർത്ഥത്തിൽ കിട്ടിയ തുകയുടെ യു.സി ആണ് സമർപ്പിച്ചത് അല്ലാതെ അനുവദിച്ച തുകയുടേത് അല്ല. യഥാർത്ഥത്തിൽ ഉപയോഗിച്ച ഫണ്ടിന്റെ യു.സി ആണ് സമർപ്പിച്ചതെന്ന് വി.എ.എഫ്.പി.സി.എൽ മറുപടി നൽകി (2020 ഫെബ്രുവരി).

  പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ പദ്ധതിയുടെയും യു.സി സമർപ്പിക്കുന്ന സമയത്ത് അതുവരെ യഥാർത്ഥത്തിൽ ചെലവാക്കിയ തുകയുടെ യു.സികൾ ആണ് സമർപ്പിക്കേണ്ടത് എന്നതിനാൽ മറുപടികൾ സ്വീകാര്യമല്ല.

- കാർഷിക യന്ത്രവത്കരണ പദ്ധതികൾക്ക് കീഴിൽ വാങ്ങിയ[72] യന്ത്രങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കിട്ടുന്ന വാടക തുക നിക്ഷേപിക്കാൻ വേണ്ടി പ്രത്യേകം ബാങ്ക് അക്കൗണ്ട് തുറക്കാൻ കെയ്കോയോട് കേരള സർക്കാർ നിർദ്ദേശിച്ചു (2010 മെയ്). കാലാവധി കഴിഞ്ഞ യന്ത്രങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി ഒരു റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാനും കേരള സർക്കാർ നിർദ്ദേശിച്ചു.

  നിർദ്ദേശിക്കപ്പെട്ടതു പോലെ, കെയ്കോ റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുകയോ വാടകയിനത്തിലെ തുക നിക്ഷേപിക്കാൻ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

  ആവശ്യമായ വാടക തുക കിട്ടാത്തത് കൊണ്ടാണ് പ്രത്യേക ബാങ്ക് അക്കൗണ്ടും റിഡംപ്ഷൻ ഫണ്ടും രൂപീകരിക്കാത്തതെന്നും ഓഡിറ്റ്

---

71 കെ.എഫ്.എൽ, വി.എ.എഫ്.പി.സി.എൽ, കെ.എൽ.ഡി.ബി, എം.പി.ഐ, കെ.എസ്.സി.ഡി.സി, കെയ്കോ, കെ.എൽ.ഡി.സി, പി.സി.കെ, കെ.എസ്.പി.ഡി.സി.എൽ.

72 കുട്ടനാട് പാക്കേജിന് കീഴിലുള്ള കാർഷിക യന്ത്രവൽക്കരണത്തിനും സംയോജിത കോൾ വികസനത്തിനായുള്ള കാർഷിക യന്ത്രവൽക്കരണത്തിനും.

നിരീക്ഷണങ്ങൾ ഭാവി മാർഗ്ഗനിർദ്ദേശത്തിനായി കണക്കിലെടുത്തതായും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

### 2.2.4. പദ്ധതി നടപ്പാക്കൽ

ഓഡിറ്റിന് തെരഞ്ഞെടുത്ത 33 പദ്ധതികളിൽ ഒരു പദ്ധതി മാത്രം സമയബന്ധിതമായി പൂർത്തിയാക്കുകയും 14 എണ്ണം ഏഴ് മുതൽ 48 മാസം വരെ കാലതാമസത്തോടെ പൂർത്തിയാക്കുകയും ചെയ്തു. ആറ് പദ്ധതികൾ ഭാഗികമായി നടപ്പാക്കിയപ്പോൾ എട്ടെണ്ണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മൂന്നെണ്ണം ഉപേക്ഷിച്ചു. ഒരെണ്ണത്തിന്റെ നടപ്പാക്കൽ ആരംഭിക്കാനിരിക്കുന്നതേയുള്ളൂ (2021 മാർച്ച്). പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ ചുവടെ ചർച്ചചെയ്യുന്നു.

*കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ പാലിക്കാത്തത്*

*2.2.4.1.* കേരളാ പൊതുമരാമത്ത് വകുപ്പ് (കെ.പി.ഡബ്ല്യൂ.ഡി) മാനുവലിന്റെ വകുപ്പ് 2009.6 പ്രകാരം വിജയിയായ ലേലക്കാരൻ, തെരഞ്ഞെടുത്തു എന്ന് അറിയിച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടണം. വിജ്ഞാപനം ചെയ്ത 14 ദിവസത്തെ കാലയളവിന് ശേഷം 10 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെട്ടില്ലെങ്കിൽ, കരാർ തുകയുടെ ഒരു ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് ₹1,000-വും പരമാവധി ₹25,000-വും പിഴ ഈടാക്കാം. ഈ കാലയളവിനുള്ളിൽ കരാർ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടാൽ, ടെണ്ടറിംഗ് അതോറിറ്റി കരാർ ഓഫർ റദ്ദാക്കുകയും, ഏണസ്റ്റ് മണി ഡെപ്പോസിറ്റ് (ഇ.എം.ഡി) കണ്ടുകെട്ടുകയും ബിഡ്ഡിംഗ് രേഖകളിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റ് നടപടികൾ സ്വീകരിക്കുകയും വർക്ക് വീണ്ടും ടെണ്ടർ ചെയ്യുകയും വേണം.

₹5.46 കോടി മൂല്യമുള്ള കെ.എൽ.ഡി.സിയുടെ മൂന്ന്[73] വർക്കുകളിൽ കരാർ ഒപ്പിടുന്നതിന് അറിയിച്ച തീയതി മുതൽ കരാറിൽ ഏർപ്പെടുന്നതിന് 31 ദിവസം മുതൽ 50 ദിവസം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, കെ.എൽ.ഡി.സി ഈ കാലതാമസത്തിന് നിർദ്ദേശിക്കപ്പെട്ടിരുന്ന പിഴയൊന്നും ഈടാക്കിയിട്ടില്ല.

കെ.പി.ഡബ്ല്യൂ.ഡി മാനുവലിൽ പറഞ്ഞിരിക്കുന്ന പ്രകാരം കെ.എൽ.ഡി.സി പിഴ ഈടാക്കുകയോ അതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്തതായി കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

73 കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ കോട്ടക്കുന്നിൽ വി.സി.ബിയുടെ നിർമ്മാണവും പാർശ്വസംരക്ഷണ പ്രവർത്തനങ്ങളും, നെടുങ്ങാട് പൊക്കാളി പാടശേഖരത്തിലും നാട്ടയം പാടശേഖരത്തിലും കെ.എൽ.ഡി.സിയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ.

*2.2.4.2.* കെ.പി.ഡബ്ല്യൂ.ഡി മാനുവലിന്റെ വകുപ്പ് 2102.1 അനുസരിച്ച്, കരാർ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് ജോലി ആരംഭിക്കണം.

കെ.എൽ.ഡി.സി മുഖേന നടപ്പാക്കിയ ദേവികുളങ്ങരയിലെ ലവണാംശ നിയന്ത്രണ പദ്ധതിയുടെ ₹1.21 കോടിയുടെ ആറ് സബ്-വർക്കുകളിൽ, വർക്ക് പൂർത്തിയാക്കാൻ നിശ്ചയിച്ചിരുന്ന ആറ് മാസത്തിനുള്ളിൽ കരാറുകാർ വർക്ക് ആരംഭിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2014 ഫെബ്രുവരി 28 വരെ അഞ്ച് കേസുകളും, 2015 ജൂൺ 10 വരെ ഒരു കേസും). എന്നാൽ യഥാസമയം[74] വർക്ക് തുടങ്ങാത്തത് കരാറുകാരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടികൾ സ്വീകരിക്കാൻ കെ.എൽ.ഡി.സി തയ്യാറായില്ല.

കനാലുകളുടെ മുഖഭാഗത്ത് പദ്ധതി നടപ്പാക്കേണ്ടതിനാൽ, വേലിയേറ്റ വ്യതിയാനങ്ങൾ അവയുടെ നിർവ്വഹണത്തെ ബാധിച്ചത് പൂർത്തീകരണ സമയം നീളാൻ കാരണമായതായി കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). ചിലയിടങ്ങളിൽ നിർദ്ദിഷ്ട സ്ഥലം സംബന്ധിച്ച തർക്കം കാരണം വർക്ക് ആരംഭിക്കാൻ വൈകി.

ഓഡിറ്റ് കണ്ടെത്തലിനെ അഭിസംബോധനം ചെയ്യുന്നതായിരുന്നില്ല മറുപടി. കൂടാതെ, സൈറ്റിലെ സ്ഥിതി കെ.എൽ.ഡി.സിക്ക് അറിയാമായിരുന്നു. വർക്കിനായുള്ള ടെൻഡർ നൽകുന്നതിന് മുമ്പ് പദ്ധതി സൈറ്റുകളിലേക്കുള്ള തടസ്സരഹിത പ്രവേശനത്തിന് ആവശ്യമെങ്കിൽ, നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നേടേണ്ടിയിരുന്നു.

### *കമ്പൈൻഡ് ഹാർവെസ്റ്ററുകളുടെ വാടക നിരക്കുകൾ പരിഷ്കരിക്കാത്തത്*

*2.2.4.3.* കേരള സർക്കാരിന്റെ നിർദേശമനുസരിച്ച് (2010 മെയ്) സി.എച്ചുകൾ ഉപയോഗിക്കുന്ന കർഷകരിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്ന പണം ഉപയോഗിച്ച് അവയുടെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് കെയ്‌ക്കോ കണ്ടെത്തണമായിരുന്നു. ആർ.കെ.വി.വൈയുടെ കീഴിൽ അനുവദിച്ച രണ്ട് പാക്കേജുകളിലായി 200 സി.എച്ചുകൾ കെയ്‌ക്കോ വാങ്ങി.

വാടക നിരക്കുകൾ നിശ്ചയിക്കുന്നതിനോ അതിന്റെ പരിഷ്കരണത്തിനോ കെയ്‌ക്കോ ഒരു മാനദണ്ഡവും നിശ്ചയിച്ചിട്ടില്ലായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കെയ്‌ക്കോ ആദ്യം മണിക്കൂറിന് ₹900 എന്ന നിരക്കിൽ വാടക നിശ്ചയിച്ചിരുന്നെങ്കിലും അത് മണിക്കൂറിന് ₹750 ആയി കുറച്ചു (2012 മാർച്ച്). 2014 ഒക്ടോബറിലാണ് അവസാനമായി വാടക മണിക്കൂറിന് ₹800 ആയി പരിഷ്ക്കരിച്ചത്. അതിനുശേഷം ഒരു പരിഷ്കരണവും നടത്തിയിട്ടില്ല. ആദ്യം നിശ്ചയിച്ച നിരക്കിൽ വാടക പരിഷ്കരിച്ചിരുന്നെങ്കിൽ പോലും ₹71.47 ലക്ഷം[75] അധിക വരുമാനം ലഭിക്കുമായിരുന്നു.

---

74 2015 ഒക്ടോബറിലും (നാല് വർക്കുകൾ) , 2016 ജൂണിലും (ഒരു വർക്ക്) 2017 ജനുവരിയിലുമാണ് (ഒരു വർക്ക്) പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാർക്ക് നോട്ടീസ് അയച്ചത്.

75 2014-15 മുതൽ 2020-21 വരെ 150 സി.എച്ചുകളുടെ യഥാർത്ഥ വിനിയോഗത്തെ അടിസ്ഥാനമാക്കി കണക്കാക്കിയത്, അതായത് 71,469 മണിക്കൂർ × (₹900 – ₹800)

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ആദ്യം നിശ്ചയിച്ചിരുന്ന വാടക നിരക്ക് ₹750 ആക്കി കുറച്ചതായി കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). ഇന്ധനചെലവ്, ഹാൻഡിലിംഗ് ചാർജ്, ഗതാഗതം മുതലായവ ഒഴികെയായിരുന്നു വാടകനിരക്ക്. അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യകക്ഷികൾ, ഇന്ധനചെലവ്, ഹാൻഡിലിംഗ് ചാർജ്, ഗതാഗതം എന്നിവ ഉൾപ്പെടെ ഈടാക്കുന്ന വാടകനിരക്ക് (₹1600 മുതൽ ₹1900 വരെ) കെയ്ക്കോയുടെ നിരക്കിന് സമാനമാണ്.

ഈടാക്കുന്ന വാടക നിരക്ക് സി.എച്ചുകളുടെ പതിവ് അറ്റകുറ്റപ്പണികൾക്ക് പോലും പര്യാപ്തമല്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. അതിനാൽ കേരള സർക്കാർ നിർദ്ദേശിച്ച പ്രകാരം സി.എച്ചുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെയ്ക്കോയ്ക്ക് റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാൻ കഴിഞ്ഞില്ല.

### *തടസ്സരഹിതമായ ഭൂമി ലഭ്യമാക്കാത്തത്*

*2.2.4.4.* കെ.പി.ഡബ്ല്യൂ.ഡി മാനുവലിന്റെ വകുപ്പ് 2003 അനുസരിച്ച്, ഒരു വർക്കിന് ടെൻഡർ ക്ഷണിക്കുന്നതിന് മുമ്പ് തടസ്സരഹിതമായ ഭൂമിയുടെ 100 ശതമാനം കൈവശാവകാശം ഉറപ്പാക്കണം.

എന്നാൽ നാല് പദ്ധതികളുടെ[76] കാര്യത്തിൽ തടസ്സരഹിത ഭൂമിയുടെ ലഭ്യത ടെണ്ടർ ക്ഷണിക്കുന്നതിനു മുമ്പ് കെ.എൽ.ഡി.സി ഉറപ്പ് വരുത്തിയില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

തുടക്കത്തിൽ കർഷകരുമായും ബന്ധപ്പെട്ട പഞ്ചായത്തുകളുമായും കെ.എൽ.ഡി.സിയുമായും ഉണ്ടാക്കിയ ത്രികക്ഷി ധാരണയിലൂടെ തടസ്സരഹിത ഭൂമി ഉറപ്പാക്കിയിരുന്നതായി കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). എന്നാൽ പദ്ധതി നടത്തിപ്പിനിടെ ഉയർന്നുവന്ന ഭൂമിയുടെ കൈവശാവകാശവുമായി ബന്ധപ്പെട്ട പ്രശ്നം പരസ്പര ചർച്ചയിലൂടെ പരിഹരിച്ചു.

പ്രവൃത്തി നിർവഹിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചുകൊണ്ടുള്ള സത്യവാങ്മൂലം ബന്ധപ്പെട്ടവരിൽ നിന്ന് കെ.എൽ.ഡി.സി വാങ്ങിയിരുന്നില്ല എന്ന് മറുപടി സൂചന നല്കി.

### *പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം*

*2.2.4.5.* കെ.പി.ഡബ്ല്യൂ.ഡി മാനുവലിന്റെ വകുപ്പ് 2116.1 അനുസരിച്ച്, പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്, കരാർ തുകയുടെ പരമാവധി 10 ശതമാനത്തിന് വിധേയമായി കാലതാമസത്തിന്റെ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1 ശതമാനം എന്ന നിരക്കിൽ നഷ്ടപരിഹാരം (എൽ.ഡി) വാങ്ങിയിരിക്കണം.

---

[76] വൈദ്യാർകുനി, ലവണാംശ നിയന്ത്രണ പദ്ധതി, കരിക്കാട്ടുചാൽ, നെട്ടാംതോട്

പൂർത്തിയായ 20 പദ്ധതികളിൽ[77] ഏഴു മുതൽ 48 മാസം[78] വരെ കാലതാമസമുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 72 മാസം[79] വരെ വൈകിയിട്ടും എട്ട് പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റിൽ നിരീക്ഷിച്ച പോലെ കൂടുതൽ കാലതാമസത്തിനുള്ള കാരണങ്ങൾ **അനുബന്ധം 2.10**–*ൽ* വിശദമാക്കിയിട്ടുണ്ട്. എന്നിരുന്നാലും പൊതുമേഖലാ സ്ഥാപനങ്ങൾ കാലതാമസത്തിന് നഷ്ടപരിഹാരം ഈടാക്കിയില്ല. കൂടാതെ ക്വാറി സമരം, വെള്ളക്കെട്ട് തുടങ്ങിയ കാരണങ്ങളാൽ 10 പദ്ധതികളുടെ കാര്യത്തിൽ കെ.എൽ.ഡി.സി നഷ്ടപരിഹാരം ഈടാക്കുന്നതിൽ ഇളവ് നൽകി. നാല് പദ്ധതികളുടെ കാര്യത്തിൽ കരാറുകാർ ഭൂമി ഏറ്റെടുക്കാൻ വൈകിയതാണ് കാലതാമസത്തിന് കാരണം.

കേരള സർക്കാർ താഴെ പറയുന്ന കാര്യങ്ങൾ പ്രസ്താവിച്ചു (2021 ഒക്ടോബർ):

- കെ.എൽ.ഡി.സിയിലെ സ്ഥിരം ജീവനക്കാരുടെ അഭാവവും കോവിഡ് നിയന്ത്രണങ്ങളും പദ്ധതി വൈകിപ്പിച്ചു. അഗ്നിസുരക്ഷാ ഉപകരണങ്ങളും പുതിയ ട്രാൻസ്ഫോമറും സ്ഥാപിച്ച് 2021 ജൂണിൽ പ്ലാന്റ് ഉദ്ഘാടനം ചെയ്തു.

- വെള്ളപ്പൊക്കവും കാലാവസ്ഥാ വ്യതിയാനവും കാരണം ഒരു പദ്ധതി വൈകിയതിനാലും മറ്റൊരു പദ്ധതിയുടെ കാര്യത്തിൽ നിയമപരമായ വ്യവഹാരമുള്ളതിനാൽ കരാറുകാരനെതിരായ നടപടി തീർപ്പാകാതിരിക്കുന്നതിനാലും കെ.എൽ.ഡി.സി, നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല.

- കാംകൊ കരാറുകാരന്റെ അന്തിമ ബില്ലിൽ നിന്ന് ഉചിതമായ നഷ്ടപരിഹാരം ഈടാക്കും.

- കെ.എസ്.പി.ഡി.സി.എല്ലിന്റെ കാര്യത്തിൽ നിയമപരമായ വ്യവഹാരം നിലനിൽക്കുന്നതിനാൽ കരാറുകാരനെതിരായ നടപടിയിൽ തീർപ്പ് കൽപ്പിച്ചിട്ടില്ല.

- 300 ടി.പി.ഡി പദ്ധതിയുടെ കാര്യത്തിൽ കെ.എഫ്.എൽ നഷ്ടപരിഹാരം ഈടാക്കി; 500 ടി.പി.ഡി പദ്ധതിയുടെ കാര്യത്തിൽ കരാർ അവസാനിപ്പിച്ചതിന് ശേഷം തീരുമാനമെടുക്കുന്നതായിരിക്കും.

ഫണ്ട് ലഭ്യമായിട്ടും അഗ്നിസുരക്ഷയുടേയും ട്രാൻസ്ഫോർമറിന്റേയും വർക്കുകൾ പൂർത്തിയാക്കാൻ കെ.എസ്.സി.ഡി.സിക്ക് കഴിഞ്ഞില്ലെന്ന് ഓഡിറ്റ് കണ്ടെത്തി, ഇത് ന്യായീകരിക്കാനാവില്ല. കൂടാതെ വെള്ളപ്പൊക്കം കാരണം 2019 ഡിസംബറിൽ മാത്രം ആരംഭിച്ച കെ.എൽ.ഡി.സിയുടെ ഒരു പദ്ധതി നിശ്ചയിച്ച തീയതി മുതൽ എട്ട് മാസം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല.

77 ആറ് പദ്ധതികൾ ഭാഗികമായി നടപ്പിലാക്കി

78 'കെ.എൽ.ഡി.സി – അങ്കമാലിയിലെ നെട്ടാംതോട് നന്നാക്കൽ', നിശ്ചയിക്കപ്പെട്ട 2015 മാർച്ചിന് പകരം 2019 മാർച്ചിൽ പൂർത്തിയാക്കി.

79 കെ.എഫ്.എല്ലിന്റെ ഇടുക്കിയിലെ അരിക്കുഴിയിലുള്ള 500 ടി പി ഡി കാലിത്തീറ്റ പ്ലാന്റ്

### 2.2.5. പദ്ധതികളുടെ പ്രകടനം

*ലക്ഷ്യം കൈവരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ നിഷ്ക്രിയത്വവും*

*2.2.5.1.* കൃഷിയിലെയും അനുബന്ധമേഖലകളിലെയും പൊതു നിക്ഷേപം വർദ്ധിപ്പിക്കാൻ ആർ.കെ.വി.വൈ വിഭാവനം ചെയ്തു. അതിനാൽ, പദ്ധതികൾ അനുവദിക്കുമ്പോൾ പദ്ധതി-തല ലക്ഷ്യങ്ങൾ കൈവരിക്കേണ്ടത് പ്രധാനമാണ്. ആറ് പൊതുമേഖലാ സ്ഥാപനങ്ങൾ **പട്ടിക 2.2**-ൽ വിശദമാക്കിയിരിക്കുന്ന എട്ട് പദ്ധതികളിൽ ഡി.പി.ആർ പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 2.2: ലക്ഷ്യങ്ങൾ നേടിയിട്ടില്ലെന്ന് കാണിക്കുന്ന വിവരണം**

| പൊതുമേഖലാ സ്ഥാപനം/പദ്ധതി (ചെലവ്) | ലക്ഷ്യം | നേട്ടം |
|---|---|---|
| പി.സി.കെ – മൂന്ന് ജില്ലകളിലെ കശുമാവ് തൈകളുടെ മേഖലാ വിപുലീകരണം (₹10 കോടി) | • മൂന്ന് ജില്ലകളിലായി 4,500 ഹെക്ടറിൽ 10 ലക്ഷം കശുമാവ് തൈകൾ നടുക (പി.സി.കെയുടെ എസ്റ്റേറ്റുകളിൽ 700 ഹെക്ടറും കർഷകരുടേതായി 3,800 ഹെക്ടറും)<br>• കണക്കാക്കിയ ചെലവിൽ തൈകളുടെ വിലയായി ₹ അഞ്ച് കോടിയും കർഷകർക്ക് / ഗുണഭോക്താക്കൾക്ക് പരിപാലന ചെലവായി ₹ അഞ്ച് കോടിയും ഉൾപ്പെടുന്നു. | • പി.സി.കെ 252.50 ഹെക്ടറിൽ 89,800 തൈകൾ നട്ടു.<br>• കർഷകർ 3,087 ഹെക്ടറിൽ 6,17,214 തൈകൾ നട്ടു.<br>• പി.സി.കെ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് ₹3.54 കോടിയിൽ ₹1.05 കോടി വിതരണം ചെയ്തു. |
| എം.പി.ഐ – പിഗ് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കൽ (₹8.10 കോടി[80]) | • 60 ഗുണഭോക്താക്കൾക്ക് 20 പന്നിക്കുട്ടികളെ വീതം വിതരണം ചെയ്യുക (2009-10).<br>• 300 ഗുണഭോക്താക്കൾക്ക് 20 പന്നിക്കുട്ടികളെ വീതം വിതരണം ചെയ്യുക (2010-11).<br>• 500 ഗുണഭോക്താക്കൾക്ക് 20 പന്നിക്കുട്ടികളെ വീതം വിതരണം ചെയ്യുക (2014-15).<br>• ഗുണഭോക്താക്കൾ വളർത്തിയ പന്നികളെ എം.പി.ഐയിലേക്ക് തിരികെ നൽകാനും അവരുടെ ഭാഗത്തെ വീഴ്ചകൾ കാരണം എന്തെങ്കിലും നഷ്ടം വന്നത് ഈടാക്കാനും. | • 48 ഗുണഭോക്താക്കൾക്ക് 687 പന്നിക്കുട്ടികളെയും (2009-10) 235 ഗുണഭോക്താക്കൾക്ക് 3,253 പന്നിക്കുട്ടികളെയും (2010-11) 96 ഗുണഭോക്താക്കൾക്ക് 1,343 പന്നിക്കുട്ടികളെയും (2014-15) വിതരണം ചെയ്തു.<br>• 2009-10, 2010-11 പദ്ധതികളിൽ വിതരണം ചെയ്ത 3,940 പന്നിക്കുട്ടികളിൽ 558 എണ്ണം (14.16 ശതമാനം) മരിച്ചതായി റിപ്പോർട്ട് ചെയ്തു.<br>• എം.പി.ഐക്ക് ഗുണഭോക്താക്കളിൽ നിന്ന് 2,359 പന്നിക്കുട്ടികളെ മാത്രം ലഭിച്ചു. 1,023 പന്നിക്കുട്ടികളെ കുറിച്ച് ഒരു വിവരവും ലഭ്യമല്ല. |

80 ₹1.83 കോടി (2009-10), ₹3.27 കോടി (2010-2011), ₹ മൂന്ന് കോടി (2014-15)

<table>
<tr><th>പൊതുമേഖലാ സ്ഥാപനം/പദ്ധതി (ചെലവ്)</th><th>ലക്ഷ്യം</th><th>നേട്ടം</th></tr>
<tr>
<td>കെ.എഫ്.എൽ – 300 ടി.പി.ഡി കാലിത്തീറ്റ പ്ലാന്റ്<br>(₹52.90 കോടി)</td>
<td>
<ul>
<li>300 ടി.പി.ഡി പ്ലാന്റ് പ്രതി വർഷം 90,000 മെട്രിക് ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നു.</li>
<li>ആദ്യ രണ്ട് വർഷങ്ങളിൽ 80 ശതമാനവും മൂന്നാം വർഷത്തിൽ 90 ശതമാനവും അതിനുശേഷമുള്ള വർഷങ്ങളിൽ 100 ശതമാനവും ശേഷി വിനിയോഗമാണ് ഡി.പി.ആർ വിഭാവനം ചെയ്തത്.</li>
</ul>
</td>
<td>
<ul>
<li>വാണിജ്യ ഉത്പാദനം ആരംഭിച്ചതിന് ശേഷമുള്ള വാർഷിക ഉത്പാദനം താഴെപ്പറയുന്നവയാണ്:</li>
</ul>
<table>
<tr><th rowspan="2">വർഷം</th><th colspan="2">ഉൽപ്പാദനം</th></tr>
<tr><th>എം.റ്റി</th><th>ശതമാനം</th></tr>
<tr><td>2017–18[81]</td><td>10,585.05</td><td>14.11</td></tr>
<tr><td>2018–19</td><td>45,179.24</td><td>50.20</td></tr>
<tr><td>2019–20</td><td>49,509.98</td><td>55.01</td></tr>
<tr><td>2020–21</td><td>55,252.40</td><td>61.39</td></tr>
</table>
</td>
</tr>
<tr>
<td>കെയ്ക്കോ – സംയോജിത കോൾ വികസനത്തിനു ഫാം യന്ത്രവൽക്കരണം<br>(₹14.00 കോടി)</td>
<td>
<ul>
<li>നെല്ല് നടുന്നതിനും വിളവെടുപ്പിനും ആവശ്യമായ യന്ത്രസേവന സൗകര്യം നൽകുന്നതിന് കോൾ നിലങ്ങൾക്കായി 50 കമ്പൈൻഡ് ഹാർവെസ്റ്ററുകൾ ഉൾപ്പെടെ ഒരു കൂട്ടം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.</li>
<li>സി.എച്ചുകളുടെ സ്റ്റാൻഡേർഡ് പ്രവർത്തനസമയം ലക്ഷ്യമിട്ടിരുന്നത് പ്രതിവർഷം 400 മണിക്കൂറായിരുന്നു.</li>
<li>ആധുനിക കാർഷിക യന്ത്രങ്ങളിൽ പരിശീലനം നൽകുക.</li>
</ul>
</td>
<td rowspan="2">
<ul>
<li>ആധുനിക കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനങ്ങളൊന്നും നൽകാത്തത് സി.എച്ചുകളുടെ യഥാർത്ഥ വിനിയോഗത്തെ ബാധിച്ചു.</li>
<li>2014–15 മുതൽ 2020–21 വരെയുള്ള കാലയളവിൽ രണ്ട് പദ്ധതികൾക്ക് കീഴിൽ വാങ്ങിയ 200 സി.എച്ചുകളുടെ യഥാർത്ഥ ശരാശരി വിനിയോഗം താഴെ പറയുന്നതാണ്.</li>
</ul>
<table>
<tr><th>സി.എച്ചുകളുടെ എണ്ണം</th><th colspan="2">ശരാശരി വിനിയോഗം</th></tr>
<tr><td>50</td><td colspan="2">ഉപയോഗിച്ചിട്ടില്ല</td></tr>
<tr><td>68</td><td>1 മണിക്കൂർ മുതൽ</td><td>50 മണിക്കൂർ വരെ</td></tr>
<tr><td>40</td><td>51 മണിക്കൂർ മുതൽ</td><td>100 മണിക്കൂർ വരെ</td></tr>
<tr><td>38</td><td>101 മണിക്കൂർ മുതൽ</td><td>150 മണിക്കൂർ വരെ</td></tr>
<tr><td>4</td><td>151 മണിക്കൂർ മുതൽ</td><td>217 മണിക്കൂർ വരെ</td></tr>
</table>
<ul>
<li>മറ്റ് മെഷീനുകളുടെ സ്ഥാനവും വിനിയോഗ വിശദാംശങ്ങളും സൂക്ഷിച്ചിട്ടില്ല.</li>
</ul>
</td>
</tr>
<tr>
<td>കെയ്ക്കോ – കാർഷിക യന്ത്രവൽക്കരണം<br>(₹38.33 കോടി )</td>
<td>
<ul>
<li>കുട്ടനാട് പാക്കേജിൻ കീഴിൽ ₹36.36 കോടി ചെലവിൽ 150 സി.എച്ചുകൾ , 92 ട്രാക്ടറുകൾ, 10 ട്രെയിലറുകൾ, 50 പവർ ടില്ലറുകൾ എന്നിവ വാങ്ങി.</li>
<li>സി.എച്ചുകളുടെ സ്റ്റാൻഡേർഡ് പ്രവർത്തനസമയം ലക്ഷ്യമിട്ടിരുന്നത് പ്രതിവർഷം 400 മണിക്കൂറായിരുന്നു.</li>
</ul>
</td>
</tr>
<tr>
<td>കെ.എസ്.സി.ഡി.സി – കാർഷികാധിഷ്ഠിത നാളികേര സംസ്കരണ സമുച്ചയം<br>(₹ രണ്ട് കോടി)</td>
<td>
<ul>
<li>പ്രതിവർഷം മൂന്ന് ലക്ഷം ലിറ്റർ വിർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിക്കുക.</li>
</ul>
</td>
<td>
<ul>
<li>2019 മാർച്ച് മുതൽ 2020 മാർച്ച് വരെ കെ.എസ്.സി.ഡി.സി 24,032.51 ലിറ്റർ എണ്ണ മാത്രമാണ് ഉത്പാദിപ്പിച്ചത്. അതിനുശേഷം ഉത്പാദനം നടന്നില്ല.</li>
</ul>
</td>
</tr>
</table>

[81] 2017 ജൂൺ മുതൽ 2018 മാർച്ച് വരെയുള്ള ഉത്പാദനത്തിന്റെ വിവരങ്ങൾ.

| പൊതുമേഖലാ സ്ഥാപനം/പദ്ധതി (ചെലവ്) | ലക്ഷ്യം | നേട്ടം |
|---|---|---|
| കെ.എൽ.ഡി.ബി – കന്നുകാലികളുടെയും പന്നികളുടെയും ജനിതക പുരോഗതി (₹5.20 കോടി) | • എച്ച്.എഫ് ഇനത്തിൽപ്പെട്ട ഇറക്കുമതി ചെയ്ത 16,000 ഡോസ് ഫീമെയിൽ സെക്സ് സോർട്ടഡ് സെമെൻ വിതരണം ചെയ്യുക/ വിനിയോഗിക്കുക<br>• ജേഴ്സി ഇനത്തിലുള്ള ഇറക്കുമതി ചെയ്ത 10,000 ഡോസ് ഫീമെയിൽ സെക്സ് സോർട്ടഡ് സെമെൻ വിതരണം ചെയ്യുക/ വിനിയോഗിക്കുക. | • കെ.എൽ.ഡി.ബി 26,000 ഡോസ് എച്ച്.എഫ് ഫീമെയിൽ സെക്സ് സോർട്ടഡ് സെമെനും കൂടാതെ 320 ഡോസ് പോർസീൻ ഫ്രോസൻ സെമെനും സംഭരിച്ചു.<br>• 2021 മാർച്ച് വരെ 7,020 ഡോസുകൾ മാത്രം വിതരണം ചെയ്തു. |
| കെ.എൽ.ഡി.ബി – സംസ്ഥാനത്തെ കന്നുകാലികൾക്കും എരുമകൾക്കും കൃത്രിമ ബീജസങ്കലനം (₹5.25 കോടി) | • 2011–12 മുതൽ 2014–15 വരെയുള്ള കാലയളവിൽ 28,760 ഡോസ് ഫ്രോസൻ സെമെനും 650 ഡോസ് സെക്സ് സോർട്ടഡ് സെമെനും വിതരണം ചെയ്യുക. | • 2021 മാർച്ചിൽ 13,461 ഡോസ് ഫ്രോസൻ സെമെനും 327 സെക്സ് സോർട്ടഡ് സെമെനും വിതരണം ചെയ്തു. |

*(അവലംബം: ഡി.പി.ആറിൽ നിന്നും അതാത് പി.എസ്.യുകളിൽ നിന്നുമുള്ള വിവരങ്ങൾ)*

ഇക്കാര്യത്തിൽ ഓഡിറ്റ് നിരീക്ഷിച്ചത് എന്തെന്നാൽ:

- അനുവദിച്ച തുക ₹8.25 കോടിയായി കുറച്ചതിനാൽ പി.സി.കെ 7.07 ലക്ഷം തൈകൾ മാത്രമേ വിതരണം ചെയ്തുള്ളു. എന്നാൽ, 10 ലക്ഷം വൃക്ഷത്തൈകൾക്കായി ₹ അഞ്ച് കോടി ചെലവായി എന്ന് പി.സി.കെ കണക്കിൽപ്പെടുത്തി. ഇത് ₹1.47 കോടിയുടെ (അതായത് 10 ലക്ഷം തൈകൾ – 7.07 ലക്ഷം തൈകൾ × ഒരു തൈക്ക് ₹50 വച്ച്) അർഹതയില്ലാത്ത ആനുകൂല്യത്തിന് കാരണമായി. ഇതുമൂലം 2.93 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചതിന് കർഷകർക്ക് പരിപാലന ചെലവ് വിതരണം ചെയ്തില്ല (2021 സെപ്റ്റംബർ).

  പദ്ധതിച്ചെലവ് ₹8.25 കോടിയായി കുറച്ചതിനാൽ തോട്ടം വിസ്തൃതി 3,339.50 ഹെക്ടറായി പരിഷ്കരിച്ചതായും പരിപാലന ചെലവായ ₹1.05 കോടി ഗുണഭോക്താക്കൾക്ക് നൽകിയതായും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). ശേഷിക്കുന്ന ഫണ്ട് ലഭിച്ചാൽ ബാക്കിയുള്ള കർഷകർക്ക് പരിപാലന ചെലവ് നൽകുന്നതായിരിക്കും.

  എന്നിരുന്നാലും, വിതരണം ചെയ്യപ്പെടാത്ത തൈകളുടെ വില അനർഹമായി കണക്കിൽ ഉൾപ്പെടുത്തിയത്, 2.93 ലക്ഷം തൈകളുടെ പരിപാലന ചെലവ് കർഷകർക്ക് നൽകാതിരിക്കുന്നതിലേക്ക് നയിച്ചു എന്നതാണ് വസ്തുത. കൂടാതെ, ഫണ്ട് ലഭ്യമായിട്ടും കൃഷി വകുപ്പിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് നേടുന്നതിൽ പി.സി.കെ പരാജയപ്പെട്ടതിനാൽ, 2021 മാർച്ചിൽ കേരള സർക്കാർ ₹ രണ്ട് കോടി തിരിച്ചുപിടിച്ചു.

- 2009-10, 2010-11, 2014-15 പദ്ധതി വർഷങ്ങളിൽ ലക്ഷ്യമിട്ടിരുന്ന പന്നിക്കുട്ടികളുടെ വിതരണത്തിൽ എം.പി.ഐ നേടിയത് യഥാക്രമം 57 ശതമാനവും 54 ശതമാനവും 13 ശതമാനവും മാത്രമാണ്. എം.പി.ഐ 2020 ജനുവരി വരെ പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഈ പദ്ധതികൾക്കായി ലഭിച്ച ₹7.26 കോടിയിൽ ₹2.26 കോടി മാത്രമാണ് ഉപയോഗിച്ചത്. ഗുണഭോക്താക്കൾ തിരികെ നൽകേണ്ടിയിരുന്ന 1,023 പന്നികളെ സംബന്ധിച്ച വിവരങ്ങളൊന്നും എം.പി.ഐ സൂക്ഷിക്കാത്തതിനാൽ, ഗുണഭോക്താക്കളിൽ നിന്ന് ഒരു നഷ്ടപരിഹാരവും ഈടാക്കാൻ കഴിഞ്ഞില്ല.

  പന്നി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരിസരവാസികളിൽ നിന്ന് എതിർപ്പ് ഉണ്ടായത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനെ ബാധിച്ചതായി കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). കൃത്യമായ ഇടവേളകളിൽ പന്നികളെ തിരികെ കൊണ്ടുവരാൻ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ മരണം മൂലമുള്ള നഷ്ടം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാൻ കഴിഞ്ഞില്ല.

  2009-10-ൽ പന്നി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലെ പരിമിതികൾ മൂലം ലക്ഷ്യം കൈവരിക്കാനായില്ല എന്നറിഞ്ഞിട്ടും 2010-11-ലും 2014-15-ലും എം.പി.ഐ സമാനമായ പദ്ധതി നിർദ്ദേശിച്ചതിനാൽ മറുപടി സ്വീകാര്യമല്ല. കൃത്യമായ തുടർനടപടികൾക്ക് ശേഷവും ഗണ്യമായ എണ്ണം പന്നികൾ തിരിച്ചെത്താത്തത് ഗുണഭോക്താക്കളുടെ ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനത്തിന്റെ അഭാവം എടുത്തു കാണിക്കുന്നു.

- വാണിജ്യ ഉത്പാദനം ആരംഭിച്ചതിനുശേഷവും (2017 മെയ്) കെ എഫ് എല്ലിന്റെ 300 ടി.പി.ഡി പ്ലാന്റിൽ നിന്നും 2021 മാർച്ച് വരെയുള്ള ഉൽപ്പാദനം 14.11 ശതമാനം മുതൽ 61.39 ശതമാനം വരെയായിരുന്നു. അതേസമയം, ആദ്യ രണ്ട് വർഷങ്ങളിൽ 80 ശതമാനവും മൂന്നാം വർഷം 90 ശതമാനവും അതിനുശേഷം 100 ശതമാനവുമാണ് ശേഷി വിനിയോഗമായി ഡി.പി.ആറിൽ വിഭാവനം ചെയ്തത്. അതിനാൽ, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനായില്ല. കൂടാതെ, പുതിയ പ്ലാന്റിൽ ഉത്പാദനം നിലനിർത്തുന്നതിനായി, മറ്റ് പ്ലാന്റുകളിൽ നിന്നുള്ള (കല്ലേറ്റുംകര, കരുനാഗപ്പള്ളി) ഉത്പാദനം അതിനനുസരിച്ച് കുറച്ചു.

  300 ടി.പി.ഡി പ്ലാന്റിൽ നിന്നുള്ള ഉത്പാദനം 2018-19 മുതൽ 2020-2021 വരെ വർദ്ധിച്ചുവെന്നും വടക്കൻ കേരളത്തിലെ വിൽപ്പന അഞ്ച് വർഷത്തിനിടെ പ്രതിവർഷം ശരാശരി 30,000 മെട്രിക് ടണ്ണിൽ നിന്ന് 55,000 മെട്രിക് ടണ്ണിൽ ആയി വർദ്ധിച്ചുവെന്നും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

എന്നിരുന്നാലും, 90,000 മെട്രിക് ടൺ വാർഷിക സ്ഥാപിത ശേഷിയുണ്ടായിരുന്ന പുതിയ പ്ലാന്റിൽ നിന്നുള്ള ശരാശരി വാർഷിക ഉത്പാദനം 43,250 മെട്രിക് ടൺ മാത്രമായിരുന്നു എന്ന വസ്തുത നിലനില്ക്കുന്നു.

- കെയ്കോ സി.എച്ചുകളുടെ പ്രവർത്തനസമയം ലക്ഷ്യമിട്ടിരുന്നത് പ്രതിവർഷം 400 മണിക്കൂറായിരുന്നു. 2014–2015 മുതൽ 2020–21 വരെയുള്ള കാലയളവിൽ ഓരോ വർഷവും 400 മണിക്കൂറിലധികം ഉപയോഗിച്ച അഞ്ച് സി.എച്ചുകൾ ഒഴികെ, കുട്ടനാട് പാക്കേജിന്റെയും, കോൾ നില പദ്ധതിയുടെയും കീഴിൽ നേടിയ സി.എച്ചുകളൊന്നും മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിച്ചില്ല. ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവത്തിൽ, സി.എച്ചുകളുടെ വിഭാവനം ചെയ്ത വിനിയോഗത്തിന്റെ കൃത്യത നിർണ്ണയിക്കാനായില്ല. കുട്ടനാട് പാക്കേജിന് കീഴിൽ നേടിയ 150 സി.എച്ചുകളിൽ 120 എണ്ണം കെയ്കോയുടെ പക്കലായിരുന്നു. 21 എണ്ണം വിവിധ ഏജൻസികൾക്ക് വിതരണം ചെയ്തതായി കണ്ടെത്തി, ബാക്കി ഒമ്പത് എണ്ണത്തിന്റെ വിശദാംശങ്ങൾ രേഖകളിലില്ല. അതുപോലെ, കോൾ നില പദ്ധതിയുടെ കീഴിൽ നേടിയ ട്രാക്ടറുകൾ/ പവർ ടില്ലറുകൾ/ ട്രെയിലറുകൾ എന്നിവയുടെ വിനിയോഗം, അവയുടെ സ്ഥാനം തുടങ്ങിയ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല.

  കുട്ടനാട് പാക്കേജിന് കീഴിൽ വാങ്ങിയ യന്ത്രങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി, അവ മറ്റു ജില്ലകളിലേക്ക് കൈമാറിയതായി സർക്കാർ അറിയിച്ചു (2021 ഒക്ടോബർ). അതിനാൽ, വിന്യസിച്ചിരുന്ന യന്ത്രങ്ങളുടെ സ്ഥിരമായ ഒരു ലിസ്റ്റ് ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഫണ്ടിന്റെ ദൗർലഭ്യം കാരണം യന്ത്രങ്ങളുടെ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള പരിശീലന പരിപാടി നടത്താൻ കഴിയാത്തത്, കോൾ നില പദ്ധതി പ്രകാരം വാങ്ങിയ യന്ത്രങ്ങളുടെ യഥാർത്ഥ വിനിയോഗത്തെ ബാധിച്ചതായി കേരള സർക്കാർ മറുപടി നൽകി.

  കുട്ടനാട് പാക്കേജിന് കീഴിൽ നേടിയ യന്ത്രങ്ങൾ മറ്റു ജില്ലകളിലേക്ക് കൈമാറിയിട്ടും അവയുടെ യഥാർത്ഥ വിനിയോഗം മെച്ചപ്പെടാത്തതിനാൽ മറുപടി സ്വീകാര്യമല്ല. 23 സി.എച്ചുകൾ, 62 ട്രാക്ടറുകൾ, അഞ്ച് ട്രെയിലറുകൾ, 22 പവർടില്ലറുകൾ എന്നിവയുടെ കൃത്യമായ സ്ഥാനം ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൂടാതെ, കോൾ നില പദ്ധതിയുടെ കീഴിൽ വാങ്ങിയ യന്ത്രങ്ങളുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള പരിശീലനം ക്രമീകരിക്കുന്നതിൽ കെയ്കോ നടത്തിയ ശ്രമങ്ങളെക്കുറിച്ച് മറുപടിയിൽ മൗനം പാലിക്കുന്നു.

- മൊത്തം 24,032.51 ലിറ്റർ വിർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിച്ചെങ്കിലും 2020 സെപ്റ്റംബർ വരെ 873 ലിറ്റർ മാത്രമേ കെ.എസ്.സി.ഡി.സിയ്ക്ക് വിൽക്കുവാൻ കഴിഞ്ഞുള്ളൂ. എന്നിരുന്നാലും, വിർജിൻ കോക്കനട്ട് ഓയിലിന് വിപണിയിൽ

ആവശ്യക്കാരില്ലാത്തതിന്റെ കാരണങ്ങൾ കെ.എസ്.സി.ഡി.സി വിശകലനം ചെയ്തില്ല.

വിർജിൻ കോക്കനട്ട് ഓയിലിന്റെ സാധ്യതകൾ മനസ്സിലാക്കിയാണ് പദ്ധതി ഏറ്റെടുത്തതെന്ന് കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). വിപണിയിലെ പുതുമുഖമായതിനാൽ, ഫണ്ടിന്റെ ദൗർലഭ്യം വിപണിയുടെ കൈയടക്കൽ പരിമിതപ്പെടുത്തി. വിർജിൻ കോക്കനട്ട് ഓയിലിന് കയറ്റുമതി വിപണിയിൽ വലിയ സാധ്യതയുള്ളതിനാൽ, മറ്റ് നാളികേര ഉത്പന്നങ്ങൾക്കൊപ്പം ഇത് പ്രോൽസാഹിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

എന്നിരുന്നാലും, പദ്ധതിയിൽ നിന്ന് ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും പ്രവർത്തന മൂലധന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കെ.എസ്.സി.ഡി.സി നടത്തിയ ശ്രമങ്ങളെക്കുറിച്ച് മറുപടി മൗനം പാലിച്ചു.

- കെ.എൽ.ഡി.ബി ഏറ്റെടുത്ത രണ്ട് പദ്ധതികളുടെ കാര്യത്തിൽ, ആദ്യത്തെ പദ്ധതിയിൽ 2021 മാർച്ച് 31-ന് 15,299 ഡോസ് ഫ്രോസൻ സെമെന്റേയും 323 ഡോസ് സെക്സ് സോർട്ടഡ് സെമെന്റേയും സ്റ്റോക്ക് കെട്ടികിടന്നിരുന്നു. അതുപോലെ രണ്ടാമത്തെ പദ്ധതിയിൽ ബീജസങ്കലനത്തിനായി 6,955 ഡോസ് എച്ച്.എഫ് ഫ്രോസൻ സെമെനും 65 ഡോസ് പോർസീൻ സെമെനും മാത്രമാണ് ഉപയോഗിച്ചത്. ബാക്കിയുള്ള 19,045 ഡോസ് എച്ച്.എഫ് ബ്രീഡും 255 ഡോസ് പോർസീൻ സെമെനും സ്റ്റോക്കിലുണ്ടായിരുന്നു (2021 മാർച്ച്). വിതരണത്തിനുള്ള കർമ്മപദ്ധതിയൊന്നും ഇല്ലാതെയാണ് കെ.എൽ.ഡി.ബി ഇറക്കുമതി ചെയ്ത സെമെൻ വാങ്ങിയത് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഫ്രോസൻ സെമെൻ ദീർഘകാലത്തേക്ക് സൂക്ഷിക്കാൻ കഴിയുമെങ്കിലും, അത് വാങ്ങാൻ ചെലവഴിച്ച തുക ഉപയോഗിക്കുന്നതുവരെ നിഷ്ക്രിയമായി.

  മൃഗസംരക്ഷണ വകുപ്പിന്റെ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിൽ നിന്ന് ലഭിച്ച ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് കെ.എൽ.ഡി.ബി സെമെൻ വിതരണം ചെയ്തതെന്ന് കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

  എന്നിരുന്നാലും, ഫ്രോസൻ സെമന്റെ വൻ ശേഖരം മൃഗസംരക്ഷണ വകുപ്പുമായി കൂടിയാലോചിച്ച് യഥാർത്ഥ വിനിയോഗത്തിനുള്ള പദ്ധതിയൊന്നും തയ്യാറാക്കാതെ തുടർവാങ്ങലുകൾ നടത്തിയെന്ന വസ്തുത അടിവരയിടുന്നു. ഇത് ഒഴിവാക്കാമായിരുന്ന ഫണ്ട് കെട്ടിക്കിടക്കലിനും കാരണമായി. കൂടാതെ, എസ്.എൽ.എസ്.സി, തുടർന്നുള്ള പദ്ധതിക്ക് അനുമതി നൽകുന്നതിന് മുമ്പ് യഥാർത്ഥ വിനിയോഗം മേൽനിരീക്ഷിച്ചിരുന്നുമില്ല.

### 2.2.6. മേൽനിരീക്ഷണവും വിലയിരുത്തലും

*2.2.6.1.* ആർ.കെ.വി.വൈയുടെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് എസ്എൽഎസ്.സിയ്ക്ക് ആവശ്യാനുസരണം എത്ര തവണയും യോഗം ചേരാം. എന്നാൽ, പദ്ധതി നടപ്പാക്കലിന്റെ പുരോഗതി അവലോകനം ചെയ്യാൻ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണം. അതുപോലെ, സർക്കാർ ഉത്തരവ് (2008 ആഗസ്റ്റ്) പ്രകാരം സംസ്ഥാനതല നിരീക്ഷണ സമിതി (എസ്.എൽ.എം.സി) ആർ.കെ.വി.വൈ പദ്ധതികളുടെ നടത്തിപ്പ് മാസാടിസ്ഥാനത്തിൽ അവലോകനം ചെയ്യുകയും എസ്.എൽ.എസ്.സിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു.

2014–15 മുതൽ 2020–21 വരെയുള്ള കാലയളവിൽ എസ്.എൽ.എസ്.സി, എസ്.എൽ.എം.സി എന്നിവയുടെ യോഗങ്ങൾ യഥാക്രമം 28, 84 തവണകളിൽ നടത്തേണ്ടതിനു പകരം ഒൻപത് തവണയും മൂന്ന് തവണയുമാണ് നടന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ, ആർ.കെ.വി.വൈ പദ്ധതികളുടെ നടത്തിപ്പിന്റെ സ്ഥിരമായ മേൽനിരീക്ഷണം നടന്നിട്ടില്ല. മേൽനിരീക്ഷണത്തിന്റെ അഭാവത്തിൽ, വ്യക്തമായ നേട്ടങ്ങൾ ഇല്ലാതെ വർഷങ്ങളോളം പുനർനിർണ്ണയമില്ലാതെ പദ്ധതികൾ തുടരുന്നതിലേക്കും, ഉദ്ദേശിച്ച ലക്ഷ്യങ്ങളും നേട്ടങ്ങളും കൈവരിക്കാത്തതിലേക്കും, ഫണ്ട് വകമാറ്റുന്നതിലേക്കും നയിച്ചു. വിവിധ പദ്ധതികളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ പരിമിതികൾ, അവ മറികടക്കാനുള്ള തന്ത്രങ്ങൾ തുടങ്ങിയവ ചർച്ച ചെയ്തിട്ടില്ലെന്ന് എസ്.എൽ.എസ്.സിയുടെയും എസ്.എൽ.എം.സിയുടെയും യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും മനസ്സിലായി.

ഇക്കാര്യത്തിൽ കേരള സർക്കാർ മറുപടിയൊന്നും നൽകിയിട്ടില്ല.

*2.2.6.2.* കേരള സർക്കാർ ഉത്തരവ് (2015 മാർച്ച്) അനുസരിച്ച് നബാർഡ് കൺസൾട്ടൻസി സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് (എൻ.സി.എസ്.പി.എൽ) 2014–15 കാലയളവിൽ നടപ്പിലാക്കിയ ആർ.കെ.വി.വൈ പദ്ധതികളുടെ മൂന്നാം കക്ഷി നിരീക്ഷണവും വിലയിരുത്തലും നടത്തി (2015 ഡിസംബർ) ഒരു റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ, തുടക്കം മുതൽ സംസ്ഥാനത്തെ എല്ലാ ആർ.കെ.വി.വൈ പദ്ധതികളുടേയും അനന്തരഫലം വിലയിരുത്തുന്നതിനായി ബെംഗളൂരുവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് ചേഞ്ച് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ എസ്.എൽ.എസ്.സി തീരുമാനിച്ചു (2016 സെപ്റ്റംബർ 06).

എൻ.സി.പി.സി.എൽ അവരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരിമിതികൾ മറികടക്കാൻ കേരള സർക്കാർ ഒരു നടപടിയും ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ കെ.എൽ.ഡി.ബിയുടെ കാര്യത്തിൽ ഫ്രോസൻ സെമെൻ ഇറക്കുമതി ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ, എം.പി.ഐയുടെ കാര്യത്തിൽ പന്നി വളർത്തൽ ഫാം സ്ഥാപിക്കുന്നതിനുണ്ടായ പ്രായോഗിക ബുദ്ധിമുട്ട് തുടങ്ങിയവ ഉൾപ്പെടുന്നു. അതുപോലെ, സംസ്ഥാനത്ത് ആർ.കെ.വി.വൈ പദ്ധതികളുടെ അനന്തരഫലങ്ങളുടെ വിലയിരുത്തലിനും

തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഓഡിറ്റിൽ ഉൾപ്പെടുത്തിയ 33 പദ്ധതികളിൽ 25 എണ്ണവും കാർഷിക, മൃഗസംരക്ഷണ മേഖലയിൽ ഗുണപരമായ പുരോഗതി കൈവരിക്കാൻ ഉദ്ദേശിച്ചുള്ളതായതിനാൽ ഈ പദ്ധതികളിൽ നിന്ന് ലഭിക്കുന്ന നേട്ടങ്ങളുടെ വ്യാപ്തി അനന്തരഫലം വിലയിരുത്തുന്ന പഠനത്തിലൂടെ മാത്രമേ നിർണ്ണയിക്കാൻ കഴിയൂ.

കോവിഡ് –19 മഹാമാരി കാരണം ആരംഭിക്കാൻ കഴിയാത്ത മൂന്നാം കക്ഷി വിലയിരുത്തൽ നടത്താൻ ഒരു ഏജൻസിയെ തെരഞ്ഞെടുത്തുവെന്നും 2022 ജനുവരിയോടെ ഇത് പൂർത്തിയാകുമെന്നും കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

എന്നിരുന്നാലും, 2014–15–ലെ മൂന്നാം കക്ഷി വിലയിരുത്തൽ പഠനത്തിൽ ചൂണ്ടിക്കാണിച്ച പരിമിതികൾ മറികടക്കാൻ നടപടിയെടുക്കുന്നതിനെക്കുറിച്ചും 2016 സെപ്റ്റംബറിൽ എസ്.എൽ.എസ്.സി തീരുമാനിച്ച പ്രകാരം സംസ്ഥാനത്തെ ആർ.കെ.വി.വൈ പദ്ധതികളുടെ അനന്തരഫലങ്ങളുടെ വിലയിരുത്തൽ നടത്തുന്നതിനെക്കുറിച്ചും മറുപടി നിശബ്ദമായിരുന്നു.

*2.2.6.3.* ഡി.പി.ആറുകൾ അനുസരിച്ച്, കെ.എൽ.ഡി.സി നടപ്പിലാക്കുന്ന പദ്ധതികളുടെ വാർഷിക പരിപാലനം പാടശേഖരസമിതിയിലെയും പഞ്ചായത്തുകളിലെയും ഗുണഭോക്താക്കൾ മുഖേനയാണ് നടത്തുക.

പദ്ധതികളുടെ വാർഷിക പരിപാലനം ഉറപ്പാക്കുന്നതിന് കെ.എൽ.ഡി.സി ഒരു ക്രമീകരണവും ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. രണ്ട് പദ്ധതികളുടെ[82], സംയുക്ത ഭൗതിക പരിശോധനയിൽ, കനാലിന് കേടുപാടുകൾ സംഭവിച്ചതായും കനാലിന്റെ വശത്ത് ചെടികൾ വളർന്ന് കനാലിന്റെ ശേഷികുറയുന്നതായും ഓഡിറ്റ് നിരീക്ഷിച്ചു. നിർമ്മാണത്തിന്റെ ഒരു ഭാഗം തകർന്ന് മണ്ണ് കനാലിൽ വീഴുകയും അവ നീക്കം ചെയ്യാതെ കിടക്കുകയും അതുമൂലം നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്തിരുന്നു.

ഒരു കരാറിന്റെ പിന്തുണയോടെ, കൃഷി വകുപ്പ്/ പഞ്ചായത്ത് അധികാരികൾ/ രജിസ്റ്റർ ചെയ്ത പാടശേഖര സമിതി എന്നിവയ്ക്ക് വർക്കുകൾ കൈമാറുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കുമെന്ന് കേരള സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

### 2.2.7. ഉപസംഹാരം

വിശദമായ പദ്ധതി റിപ്പോർട്ടുകളിലെ പോരായ്മകൾ, നിർവഹണ ഏജൻസികളുടെ ആർ.കെ.വി.വൈ ഫണ്ട് വകമാറ്റം, പദ്ധതികൾ നടപ്പിലാക്കുന്നതിലും നിരീക്ഷിക്കുന്നതിലുമുള്ള അപാകതകൾ തുടങ്ങിയവ മൂലം പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരികയും, നിർമ്മിക്കപ്പെട്ട ആസ്തികൾ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ

---

[82] കോഴിക്കോട് ജില്ലയിലെ അഴിയൂരിലെ കണ്ണകൈതോട്, നടതോട്, വൈദ്യാർകുനി എന്നിവിടങ്ങളിലെ ബണ്ട് നിർമ്മാണവും പാർശ്വസംരക്ഷണവും, തൃശ്ശൂർ ജില്ലയിലെ കുഴൂർ പഞ്ചായത്തിലെ ചാലക്കുടിപുഴയ്ക്കും നെന്മേനിചിറയ്ക്കും ഇടക്കുള്ള വാന്തോട് നന്നാക്കലും.

കഴിയാതെ വരികയും ചെയ്തു. തൽഫലമായി, പദ്ധതിയുടെ ലക്ഷ്യങ്ങളും ഉദ്ദേശിച്ച നേട്ടങ്ങളും കൈവരിക്കാനായില്ല.

### 2.2.8. ശിപാർശകൾ

കേരള സർക്കാർ താഴെ പറയുന്നവ ഉറപ്പാക്കേണ്ടതാണ്:

- പദ്ധതിയ്ക്ക് കീഴിൽ അംഗീകരിച്ച പ്രോജക്ടുകളുടെ പ്രായോഗികത.
- നിർവ്വഹണ ഏജൻസികൾ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളും മറ്റ് പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കൽ.
- എസ്.എൽ.എസ്.സിയും എസ്.എൽ.എം.സിയും പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതിയുടെ നിരന്തര അവലോകനവും അവയുടെ സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പാക്കൽ.
- ആർ.കെ.വി.വൈ പദ്ധതികളിൽ നിന്ന് ലഭിച്ച നേട്ടങ്ങൾ നിർണ്ണയിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള വിലയിരുത്തൽ.

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

### 2.3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെറ്റീരിയൽ ടെസ്റ്റിംഗ് ചാർജ് ഈടാക്കുന്നതിൽ സംഭവിച്ച കുറവ് മൂലം ഉണ്ടായ വരുമാന നഷ്ടം

**സർക്കാർ ഉത്തരവിന് വ്യക്തത ആവശ്യപ്പെടുന്നതിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ/സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരാജയം ₹65.27 ലക്ഷത്തിന്റെ നഷ്ടത്തിൽ കലാശിച്ചു.**

സർക്കാർ വകുപ്പുകൾ നൽകുന്ന വിവിധ സേവനങ്ങൾ/ സൗകര്യങ്ങൾ എന്നിവയ്ക്ക് കേരള സർക്കാർ ഫീസ്/ ഉപയോക്തൃ ചാർജുകൾ ഈടാക്കുന്നുണ്ട്. നൽകപ്പെടുന്ന സേവനത്തിന്റെ മിനിമം നിലവാരം നിലനിർത്തുന്നതിനും സംസ്ഥാനത്തിന് അധിക വിഭവങ്ങൾ സമാഹരിക്കുന്നതിനുമായി, എല്ലാ സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ ഫീസ്/ ചാർജുകൾ ഒഴികെ നിലവിലുള്ള ഫീസ് / ഉപയോക്തൃ ചാർജുകൾ വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു (2014 സെപ്റ്റംബർ). നിലവിൽ[83] ₹10 മുതൽ ₹1000 വരെയും ₹1,001 മുതൽ ₹10,000 വരെയും ₹10,001–ന് മുകളിലും ഉള്ള നിരക്കുകളെ യഥാക്രമം 50 ശതമാനം, 25 ശതമാനം, 15 ശതമാനം എന്നിങ്ങനെ 2014 ഒക്ടോബർ 01 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി.

83 2012 ജനുവരി മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്ക്

സർക്കാർ ഉത്തരവ് (1991 മെയ്) പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും സ്വകാര്യ, സർക്കാർ ഏജൻസികൾക്കായി ഇഷ്ടിക, ടൈലുകൾ, ബിറ്റുമിൻ, പവർ ട്രാൻസ്ഫോർമറുകൾ തുടങ്ങിയ വിവിധ ഇനം എഞ്ചിനീയറിംഗ് സാമഗ്രികളുടെ പരിശോധനകൾ കേരള സർക്കാർ അംഗീകരിച്ച നിരക്കിൽ നടത്തുന്നു. ഇങ്ങനെ ശേഖരിക്കുന്ന ടെസ്റ്റിംഗ് ചാർജ്ജ് 60:40 എന്ന അനുപാതത്തിൽ കേരള സർക്കാരും പ്രസ്തുത സ്ഥാപനവും തമ്മിൽ പങ്കിടണം. ജീവനക്കാരുടെ യാത്രാബത്ത, ഉപകരണങ്ങൾ കൊണ്ട് പോകുന്നതിനുള്ള ചെലവുകൾ, സാമ്പിളുകളുടെ ശേഖരണവും അയയ്ക്കലും, മറ്റ് ആകസ്മിക ചെലവുകൾ തുടങ്ങിയ അനുബന്ധ ചെലവുകൾ അധികമായി ശേഖരിക്കേണ്ടതായിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കണ്ണൂർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ഗവൺമെന്റ് പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ എന്നിവയുടെ ഓഡിറ്റിൽ വെളിപ്പെട്ടത് (2019 മെയ്, 2019 ആഗസ്റ്റ്, 2021 ജൂലൈ) ഈ മൂന്ന് സ്ഥാപനങ്ങളും ഫീസ്/ ഉപയോക്തൃ ചാർജ്ജുകൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള 2014 സെപ്റ്റംബർ 23-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (പി) നം. 409/2014/ഫിൻ. നടപ്പാക്കിയിട്ടില്ലെന്നും അവർ പുതുക്കുന്നതിന് മുൻപുള്ള ചാർജ്ജുകൾ ഈടാക്കുന്നത് തുടർന്നു പോന്നു എന്നുമാണ്. ഇത് 2014 ഒക്ടോബർ മുതൽ 2019 മാർച്ച്[84] വരെയുള്ള കാലയളവിൽ ഈ സ്ഥാപനങ്ങൾ ടെസ്റ്റിംഗ് ചാർജ്ജ് ഈടാക്കുന്നതിൽ താഴെ കൊടുത്തിരിക്കുന്ന **പട്ടിക 2.3**-ൽ കാണിച്ച വിധം കുറവുണ്ടാകാൻ കാരണമായി.

**പട്ടിക 2.3: മെറ്റീരിയൽ ടെസ്റ്റിംഗ് ചാർജ്ജ് ഈടാക്കുന്നതിലുണ്ടായ കുറവിന്റെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ**

*(₹ ലക്ഷത്തിൽ)*

| സ്ഥാപനത്തിന്റെ പേര് | ഈടാക്കിയതിലുണ്ടായ കുറവ് | | |
|---|---|---|---|
| | കേരള സർക്കാരിന്റെ വിഹിതം | സ്ഥാപനത്തിന്റെ വിഹിതം | ആകെ |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം | 33.80 | 22.54 | 56.34 |
| ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കണ്ണൂർ | 2.51 | 1.67 | 4.18 |
| ഗവൺമെന്റ് പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ[85] | 2.85 | 1.90 | 4.75 |
| **ആകെ** | | | **65.27** |

*(അവലംബം: അതത് സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ)*

2014-ലെ സർക്കാർ ഉത്തരവ് കോളേജിൽ ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ലായെന്ന് തിരുവനന്തപുരം കോളേജ് ഓഫ്

84 2019 ഏപ്രിൽ മുതൽ നിരക്കുകൾ വീണ്ടും വർദ്ധിപ്പിച്ചു

85 പുതുക്കിയ കേരള സർക്കാർ വിഹിതം 2019 ജനുവരി മുതൽ ഈടാക്കി

എഞ്ചിനീയറിംഗ് ഓഡിറ്റിനെ അറിയിച്ചു (2019 ആഗസ്റ്റ്). ഈ വിഷയത്തെക്കുറിച്ച് തങ്ങൾക്ക് അറിവില്ലായിരുന്നുവെന്ന് പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രസ്താവിച്ചു (2021 ജൂലൈ). വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈടാക്കുന്ന എല്ലാ ഫീസിനും പരിഷ്കാരം ബാധകമല്ലാത്തതിനാൽ കേരളസർക്കാരിന്റെ നികുതിയേതര വരുമാനം പരിഷ്കരിക്കാനുള്ള തീരുമാനം സബ് ഓഫീസുകളെ അറിയിച്ചിട്ടില്ലെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഓഡിറ്റിനെ അറിയിച്ചു (2021 ഏപ്രിൽ). ഉപയോക്തൃഫീസ്/ ചാർജ് വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ധനകാര്യ വകുപ്പ് ഓഡിറ്റിനെ അറിയിച്ചത് (2021 ജൂൺ, സെപ്റ്റംബർ) വിദ്യാഭ്യാസഫീസ്/ ചാർജ്ജുകൾ മാത്രമേ പരിഷ്കരണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളൂവെന്നും എഞ്ചിനീയറിംഗ് കോളേജുകൾ/ പോളിടെക്നിക്കുകൾ നടത്തുന്ന പരിശോധന പോലെയുള്ള സേവനങ്ങളുടെ നിരക്കുകൾക്ക്/ചാർജ്ജുകൾക്ക് ഈ ഇളവ് ബാധകമല്ലെന്നുമാണ്. കൂടാതെ, നിരക്ക് വർദ്ധിപ്പിച്ച 2014 സെപ്റ്റംബർ 09-ാം തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നം. 409/2014/ഫിൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആശയക്കുഴപ്പത്തിന് ഇടയാക്കിയെന്നും വിദ്യാഭ്യാസ വകുപ്പിന് ബാധകമായ എല്ലാ ഇളവുകളും വ്യക്തമാക്കിയ കുറിപ്പ് പുറപ്പെടുവിക്കുമെന്നും ധനകാര്യ വകുപ്പ് അറിയിച്ചു.

വിദ്യാഭ്യാസ ഫീസ്/ ചാർജ്ജുകൾ മാത്രമേ പരിഷ്കരണത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളൂവെന്നും എഞ്ചിനീയറിംഗ് കോളേജുകൾ/ പോളിടെക്നിക്കുകൾ നടത്തുന്ന പരിശോധന പോലെയുള്ള സേവനങ്ങളുടെ നിരക്കുകൾക്ക് ഈ ഇളവ് ബാധകമല്ലെന്നും ധനകാര്യവകുപ്പ് ഇപ്പോൾ വ്യക്തമാക്കിയതായി ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു (2022 ജനുവരി). നികുതിയേതര വരുമാനം പരിഷ്കരിച്ച ഉത്തരവിലെ അവ്യക്തത പുതുക്കിയ നിരക്കിൽ ചാർജ്ജ് ഈടാക്കാത്തതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടു.

ഇപ്രകാരം സർക്കാർ ഉത്തരവിലെ അവ്യക്തതയും ഈ ഉത്തരവിനെക്കുറിച്ച് ധനകാര്യവകുപ്പിൽ നിന്നും വ്യക്തത യഥാസമയം ലഭ്യമാക്കുന്നതിലെ ഉന്നവിദ്യാഭ്യാസ വകുപ്പിന്റെ / സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ വീഴ്ചയും ₹65.27 ലക്ഷത്തിന്റെ വരുമാന നഷ്ടത്തിന് കാരണമായി.

# തദ്ദേശ സ്വയംഭരണ വകുപ്പ്

## 2.4. സ്വകാര്യ ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിന്മേലുള്ള നിഷ്ഫല ചെലവ്

**സ്വകാര്യ ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിനു വേണ്ടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി വരുത്തിവെച്ച ₹ അഞ്ചു കോടിയുടെ നിഷ്ഫല ചെലവ്.**

ഒരു സ്വകാര്യ ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിനു വേണ്ടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി ₹4.10 കോടി[86] അടങ്കൽ തുകയുടെ ഒരു പദ്ധതി രൂപീകരിച്ചു (2012 ഡിസംബർ). കരുനാഗപ്പള്ളി ശാസ്താംകോട്ട മെയിൻ റോഡിന്റെ ഇടതുവശത്ത് ട്രിനിറ്റി റിയൽ എസ്റ്റേറ്റ്, കൊല്ലം എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 100 സെന്റ് സ്ഥലം ബസ് സ്റ്റാൻഡിനു വേണ്ടി മുനിസിപ്പാലിറ്റി കണ്ടെത്തി. പദ്ധതിക്കുള്ള ഭരണാനുമതി 2013 മാർച്ചിൽ ലഭിച്ചു.

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി സെക്രട്ടറി ₹4.05 കോടിക്ക് സ്ഥലം വാങ്ങുന്നതിന് വേണ്ടി 2014 മാർച്ച് 25-ന് കൊല്ലം ട്രിനിറ്റി റിയൽ എസ്റ്റേറ്റിന്റെ മാനേജിംഗ് പാർട്ണറുമായി ഒരു വില്പന ഉടമ്പടിയിലേർപ്പെട്ടു. തെരഞ്ഞെടുത്ത സ്ഥലം താഴ്ന്നു കിടക്കുന്ന ഒരു ചതുപ്പുനിലമായതിനാൽ[87] അതു ക്വാറി മണ്ണിട്ട് ഉയർത്തുന്നതിനു വേണ്ടി മുനിസിപ്പാലിറ്റി ₹25.32 ലക്ഷം ചെലവഴിച്ചു. അപ്രോച്ച് റോഡ്, ടോയ്‌ലറ്റ്, കാത്തിരിപ്പ് കേന്ദ്രം, ബസ് സ്റ്റാൻഡിന്റെ തറ കോൺക്രീറ്റ് പാകുന്നത് മുതലായ അധിക പ്രവൃത്തികൾ ₹69.70 ലക്ഷം[88] ചെലവിൽ പൂർത്തിയാക്കി. മെയിൻ റോഡിൽ നിന്നും അകലെയായിരുന്ന ബസ് സ്റ്റാൻഡ് 120 മീറ്റർ നീളവും മൂന്നു മീറ്റർ വീതിയുമുള്ള ഒരു റോഡിലൂടെ മെയിൻ റോഡുമായി ബന്ധിക്കപ്പെട്ടിരുന്നു. 2018 ഫെബ്രുവരി 09-ന് ബസ് സ്റ്റാൻഡിന്റെ ഉദ്ഘാടനം നടന്നുവെങ്കിലും, നാളിതുവരെയും അത് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല (2021 ഒക്ടോബർ). നഗരപ്രദേശത്തു നിന്ന് 400 മീറ്റർ അകലെയും മെയിൻ റോഡിൽ നിന്ന് 100 മീറ്ററോളം ഉള്ളിലേക്കുമായി ഇടുങ്ങിയ ഒരു പ്രവേശനപാതയോടും കൂടി സ്ഥിതി ചെയ്യുന്നതിനാൽ, പദ്ധതിയ്ക്കു വേണ്ടി തെരഞ്ഞെടുത്ത സ്ഥാനം ഒരു ബസ് സ്റ്റാൻഡിന്റെ പ്രവർത്തനത്തിന് അനുയോജ്യമായിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മറ്റു പഞ്ചായത്തുകളിൽ നിന്നും സ്ഥിരമായി വന്നു പോകുന്ന ബസുകളെ ബസ് സ്റ്റാൻഡ് ഉപയോഗിക്കുന്നതിന് പ്രേരിപ്പിച്ചാൽ അത് കരുനാഗപ്പള്ളി ശാസ്താംകോട്ട റോഡിൽ കനത്ത ഗതാഗതക്കുരുക്കിന് ഇടയാക്കുമെന്ന് ഇപ്പോഴത്തെ

---

86 വികസന ഫണ്ടിൽ നിന്നും ₹1.53 കോടി, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹56.73 ലക്ഷം, തനതു ഫണ്ടിൽ നിന്നും ₹ രണ്ട് കോടി

87 വില്ലേജ് ഓഫീസിലെ ബേസിക് ടാക്സ് രജിസ്റ്ററിലും സെറ്റിൽമെന്റ് രജിസ്റ്ററിലും ടി ഭൂമിയെ നിലം ആയി തരം തിരിച്ചിട്ടുണ്ട്

88 അപ്രോച്ച് റോഡിന്റെ നിർമ്മാണം (₹19.02 ലക്ഷം) ടോയ്‌ലറ്റ്, വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര മുതലായവയുടെ നിർമ്മാണം (₹19.27 ലക്ഷം), ബസ് സ്റ്റാൻഡിന്റെ തറയുടെ നിർമ്മാണം (₹31.41 ലക്ഷം)

മുനിസിപ്പാലിറ്റി സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു (2021 മാർച്ച്). ഇക്കാര്യം പല തവണ മുനിസിപ്പാലിറ്റിയുടെ ട്രാഫിക് അഡ്വൈസറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും പ്രസ്തുത സ്ഥാനം ബസ് സ്റ്റാൻഡിനനുയോജ്യമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടിരുന്നു എന്നും സെക്രട്ടറി പ്രസ്താവിച്ചു.

മുനിസിപ്പാലിറ്റി വാങ്ങിയ മേൽപ്പറഞ്ഞ സ്ഥലം സ്വകാര്യ ബസ് സ്റ്റാൻഡിന്റെയോ ഷോപ്പിംഗ് കോംപ്ലക്സിന്റെയോ മാത്രം നിർമ്മാണത്തിനല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കരുതെന്നുള്ള ഒരു സോപാധിക വ്യവസ്ഥ സ്ഥലമുടമയും മുനിസിപ്പാലിറ്റി സെക്രട്ടറിയും ഒപ്പു വെച്ച ഉടമ്പടിയിലുണ്ടായിരുന്നുവെന്നു കൂടി ഓഡിറ്റ് നിരീക്ഷിച്ചു (2019 ഫെബ്രുവരി). കൂടാതെ, തെരഞ്ഞെടുത്ത സ്ഥാനത്ത് ഒരു ബസ് സ്റ്റാൻഡ് പ്രവർത്തിപ്പിക്കുന്നതിന്റെ പ്രായോഗികത വിശകലനം ചെയ്യുന്നതിനായി സാധ്യതാ പഠനം നടത്തുകയോ സ്ഥാനം നിശ്ചയിക്കുന്നതിന് മുമ്പ് ഭൂപ്രകൃതി, ഒരേ സമയം രണ്ടു ബസുകൾക്ക് കടന്നു പോകാൻ വീതിയുള്ള ഒരു അപ്രോച്ച് റോഡിന്റെ അഭാവം, ഗതാഗത കുരുക്കിനുള്ള സാധ്യത, മുതലായ ഘടകങ്ങൾ കണക്കിലെടുത്തു കൊണ്ടുള്ള ഒരു ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുകയോ മുനിസിപ്പാലിറ്റി ചെയ്തിട്ടില്ല.

ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതു പോലെ മുനിസിപ്പാലിറ്റിക്ക് ഒരു നഷ്ടവും ഉണ്ടാകില്ലെന്നും കൗൺസിൽ തീരുമാനമനുസരിച്ച് ബസ് സ്റ്റാൻഡ് പ്രവർത്തനക്ഷമമാക്കുമെന്നും സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ). മേൽപ്പറഞ്ഞ ബസ് സ്റ്റാൻഡിന്റെ പരിസരത്തു കിഫ്ബിയുടെ[89] ഒരു നിർമ്മാണപ്രവൃത്തിക്കു വേണ്ടി ശേഖരിച്ചു കൂട്ടിയിട്ടിരിക്കുന്ന സാമഗ്രികൾ നീക്കം ചെയ്യുന്നതിനു വേണ്ടി അടിയന്തിര നോട്ടീസ് പുറപ്പെടുവിച്ചതിനു ശേഷം, 2021 നവംബർ 01 മുതൽ ബസ് സ്റ്റാൻഡ് പ്രവർത്തിപ്പിക്കുവാൻ മുനിസിപ്പൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു. കൂടാതെ, മുനിസിപ്പാലിറ്റിയുടെ ഉടസ്ഥതയിലുള്ള ആറു മീറ്റർ വീതിയുടെ കൂടെ മൂന്ന് മീറ്റർ കൂടി വീതി ഉള്ള ഒരു റോഡ് നിർമ്മിക്കുന്നതിനുള്ള സാധ്യത കൗൺസിൽ പരിഗണിച്ചുകൊണ്ടിരിക്കുകയും കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം മേൽപ്പറഞ്ഞ ഭൂമി കൈവശമാക്കുന്നതിന്റെ സാധ്യത ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്.

ആകെ മൊത്തം ₹ അഞ്ചു കോടി ചെലവഴിച്ചിട്ടും (2014-ലും 2017-ലും) പൊതുജനങ്ങളുടെ ഉപയോഗത്തിനു വേണ്ടി നിർമ്മിച്ച ബസ് സ്റ്റാൻഡ് മൂന്ന് വർഷത്തിനു ശേഷവും ഉപയോഗശൂന്യമായി കിടക്കുന്നു. കൂടാതെ, ബസ് സ്റ്റേഷൻ/ ഷോപ്പിംഗ് കോംപ്ലക്സിന് മാത്രമായി സ്ഥലം വിനിയോഗിക്കാൻ അനുവദിക്കുന്ന വിൽപ്പന ഉടമ്പടിയിലെ നിയന്ത്രിത വ്യവസ്ഥ, ഭാവിയിൽ ഇതര ആവശ്യങ്ങൾക്കായി ഭൂമി വിനിയോഗിക്കുന്നതിനുള്ള സാധ്യതയെ പരിമിതപ്പെടുത്തും.

89 കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

## 2.5. കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിലുള്ള നിഷ്ഫലമായ ചെലവ്

**വാണിമേൽ ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി ₹25 ലക്ഷം ചെലവഴിച്ചത്, പദ്ധതിയുടെ കാലാവധി കഴിഞ്ഞ് ഒൻപത് വർഷമായിട്ടും പൂർത്തിയാക്കാത്തതിനാൽ നിഷ്ഫലമായി.**

വാണിമേൽ പുഴയോരത്ത് പുറമ്പോക്ക്[90] ഭൂമിയിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് വാണിമേൽ ഗ്രാമപഞ്ചായത്ത് രൂപം നൽകി (2012 ജൂലൈ). ഫണ്ടിന്റെ അപര്യാപ്തത മൂലം 2013–14 മുതൽ 2015–16 വരെ പല ഘട്ടങ്ങളിലായിട്ടായിരുന്നു ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പാക്കൽ ഏറ്റെടുത്തത്. സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിന്റെ ആദ്യഘട്ടം ₹11.02 ലക്ഷം ചെലവിൽ 2013–14–ലും, സംരക്ഷണഭിത്തിയുടെ ബാക്കി നിർമ്മാണം രണ്ടാം ഘട്ടമായി ₹9.97 ലക്ഷം ചെലവിൽ 2014–15–ലും ഒരേ കരാറുകാരൻ തന്നെ ഏറ്റെടുത്ത് നടത്തുകയുണ്ടായി. മൂന്നാം ഘട്ടത്തിൽ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി)[91] ഫണ്ടിൽ നിന്നും ₹20 ലക്ഷം ചെലവിൽ, റിക്രിയേഷൻ ഹാളും ലഘുഭക്ഷണശാലയും ലാൻഡ്സ്കേപ്പിംഗും വേലികെട്ടലും ഉൾപ്പെടെയുള്ള പാർക്കിന്റെ പൂർത്തീകരണ പ്രവൃത്തികൾ കോസ്റ്റ്ഫോർഡിനെ[92] ഏൽപ്പിച്ചു (2015–16). കോസ്റ്റ്ഫോർഡ് ചീഫ് എഞ്ചിനീയർ (സി.ഇ) സാങ്കേതിക അനുമതി നൽകുകയും (2015 മെയ്), ₹ നാലു ലക്ഷം മുൻകൂറായി കോസ്റ്റ്ഫോർഡിന് നൽകുകയും ചെയ്തു (2016 മാർച്ച്).

പദ്ധതിയുടെ നടത്തിപ്പിനായി അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റ് നിരക്ക് അനുവദനീയമായ നിരക്കിനെക്കാൾ (എസ്.ഒ.ആർ) വളരെ ഉയർന്നതാണെന്ന ആരോപണത്തെ തുടർന്ന്, കോഴിക്കോട് ഡെപ്യൂട്ടി സൂപ്രണ്ട്, വിജിലിൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ (വി.എ.സി.ബി) യുടെ കാര്യാലയത്തിൽ നിന്നും മിന്നൽ പരിശോധന നടത്തുകയുണ്ടായി (2017 ജനുവരി). മിന്നൽ പരിശോധനയിൽ കോസ്റ്റ്ഫോർഡിന്റെ ഡാറ്റാ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കപ്പെട്ടിരിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ അംഗീകൃത എസ്.ഒ.ആർ അനുസരിച്ച് അല്ലെന്നും ഒരു അജ്ഞാത എസ്.ഒ.ആർ അടിസ്ഥാനമാക്കിയാണെന്നും കണ്ടെത്തി. ഇതിനെ തുടർന്ന് ക്രമക്കേടുകളില്ലാതെയും കാര്യക്ഷമമായും ഗുണനിലവാരം ഉറപ്പാക്കികൊണ്ടും പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് വി.എ.സി.ബി ശിപാർശ ചെയ്തു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ ഈ പദ്ധതിക്ക് പണം ചെലവഴിക്കരുതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (ഡി.ഡി.പി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി (2017

90 റവന്യൂ രേഖകളുടെ പട്ടികയിൽ പെടാത്ത സർക്കാർ വക ഭൂമി
91 ലോകബാങ്ക് സഹായത്തോടെയുള്ള കേരള സർക്കാരിന്റെ പദ്ധതി
92 സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്മെന്റ് (കോസ്റ്റ്ഫോർഡ്)

ഫെബ്രുവരി). അതനുസരിച്ച്, പദ്ധതിയുമായി ബന്ധപ്പെട്ട ജോലികൾ നിറുത്തിവയ്ക്കാൻ ഗ്രാമപഞ്ചായത്ത് കോസ്റ്റ്ഫോർഡിന് നോട്ടീസ് നൽകി (2017 മാർച്ച്). വേലികെട്ടൽ പ്രവൃത്തി മാത്രമാണ് കോസ്റ്റ്ഫോർഡ് അന്നു വരെ പൂർത്തിയാക്കിയത്.

പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ചും സാങ്കേതിക അനുമതി നൽകേണ്ടത് കോസ്റ്റ്ഫോർഡ് ചീഫ് എഞ്ചിനീയർക്ക് പകരം, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആണെന്നും ഉള്ള വിശദമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നൽകിയതായി (2018 ഒക്ടോബർ) ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി. സർക്കാരിന്റെ ഈ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചെങ്കിലും (2018 ഒക്ടോബർ) അവ പാലിക്കപ്പെട്ടില്ല. അങ്ങനെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പാലിക്കുന്നതിലുള്ള ഗ്രാമപഞ്ചായത്തിന്റെ പരാജയം പ്രസ്തുത പ്രവൃത്തിക്കായി ₹25 ലക്ഷം ചെലവ് ചെയ്ത് മൂന്ന് വർഷങ്ങൾ പിന്നിട്ടിട്ടും നിഷ്ഫലമായി തുടരുന്നതിന് കാരണമായി.

വി.എ.സി.ബി/ഡി.ഡി.പിയിൽ നിന്നും ക്ലിയറൻസ് സർട്ടഫിക്കറ്റ് ലഭിക്കാത്തത് കൊണ്ടും 2016–17 അവസാനത്തോടെ കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് ലാപ്സായതിനാലുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു (2021 ഏപ്രിൽ). പുതുക്കിയ എസ്റ്റിമേറ്റുമായി പദ്ധതി പുനരാരംഭിക്കുവാനുള്ള 2018–ലെ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്ത് ഒരു നടപടിയുമെടുക്കാത്ത സാഹചര്യത്തിൽ ഈ മറുപടി ന്യായീകരിക്കത്തക്കതല്ല. പ്രാരംഭഘട്ടത്തിൽ വിഭാവനം ചെയ്തതുപോലെ പദ്ധതി പുനരുജ്ജീവിപ്പിക്കുവാനുള്ള തീരുമാനങ്ങൾ പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ചു വരികയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഒക്ടോബർ).

പ്രോജക്ടുകളുടെ നടത്തിപ്പിന്റെ ചുമതലയുള്ള അംഗീകൃത ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിരക്കുകൾക്ക് അനുസൃതമാണെന്നും, ഏൽപ്പിച്ച പ്രവൃത്തികൾ ഈ ഏജൻസികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 2.6. കെട്ടിടങ്ങളുടെ അധിക തറ വിസ്തീർണ്ണത്തിനുള്ള ഫീസ് ഈടാക്കുന്നതിലുണ്ടായ കുറവ്

**കെട്ടിടനിർമ്മാണ അനുമതി നൽകുന്ന സമയത്ത് അടാട്ട് ഗ്രാമപഞ്ചായത്ത് രണ്ട് സന്ദർഭങ്ങളിലായി അധിക തറ വിസ്തീർണ്ണത്തിന് അധിക ഫീസ് തെറ്റായി ഈടാക്കിയത് കാരണം ₹1.11 കോടിയുടെ കുറവുണ്ടായി.**

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ (കെ.പി.ബി.ആർ) ചട്ടം 35(2) പ്രകാരം, കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ വാസയോഗ്യമായ (എ1) (ബി) കെട്ടിടങ്ങൾക്ക്[93] അധിക ഫീസില്ലാതെ അനുവദനീയമായ പരമാവധി എഫ്.എ.ആർ[94] 1.75–ഉം അധിക ഫീസിനൊപ്പം 2.50–ഉം ആണ്. കേരള സർക്കാർ (സർക്കാർ), അനുവദനീയമായ പരമാവധി എഫ്.എ.ആർ ആയ 2.5 വരെയുള്ള അധിക തറ വിസ്തീർണ്ണത്തിനുള്ള അധിക ഫീസ് ചതുരശ്രമീറ്ററിന് ₹500–ൽ (2011 ഫെബ്രുവരി 14 മുതൽ) നിന്ന് 2017 ഒക്ടോബർ 31 മുതൽ ₹5,000 ആയി വർദ്ധിപ്പിച്ചു. സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് (2010 സെപ്റ്റംബർ), അപേക്ഷാ തീയതിയിൽ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക പകരം പെർമിറ്റ് നൽകുന്ന ദിവസത്തിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങൾ അനുസരിച്ചാണ് അധിക ഫീസ് ഈടാക്കേണ്ടത്.

2018 ആഗസ്റ്റിൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ (ജി.പി) രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, രണ്ടു സന്ദർഭങ്ങളിൽ കെട്ടിട പെർമിറ്റ് നൽകിയപ്പോൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായ നിരക്കിൽ അധിക എഫ്.എ.ആറിന് അധിക ഫീസ് ഈടാക്കുന്നതിൽ ജി.പി പരാജയപ്പെട്ടതായി കണ്ടെത്തി.

- തറവിസ്തീർണവും പ്ലോട്ട് വിസ്തീർണ്ണവും യഥാക്രമം 5,591.66 ച.മീ, 2,260.25 ച.മീ ഉള്ള ഒരു റെസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന്, ബെംഗളൂരുവിലെ സൗപർണിക പ്രോജക്ട്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർക്ക് ജി.പി (2017 ജനുവരി) ബിൽഡിംഗ് പെർമിറ്റ് നൽകി. ലഭ്യമായിരുന്ന തറവിസ്തീർണ്ണത്തിനും പ്ലോട്ട് ഏരിയയ്ക്കും അനുസൃതമായി അനുവദനീയമായ എഫ്.എ.ആർ 1.75–നുള്ളിൽ ആകുന്നതിന് ബിൽഡർ നിർമ്മാണത്തിന്റെ പരമാവധി വിസ്തൃതി 3,955.44 ച.മീ ആയി പരിമിതപ്പെടുത്തേണ്ടിയിരുന്നു. പെർമിറ്റ് 5,591.66 ച.മീ തറ വിസ്തീർണ്ണത്തിനുള്ളതായിരുന്നതിനാൽ തത്തുല്യമായ എഫ്.എ.ആർ 2.47 ആയിരിക്കും. അതനുസരിച്ച് 1,636.22 ച.മീ അധിക വിസ്തീർണ്ണത്തിന്[95] ചതുരശ്രമീറ്ററിന് ₹500 നിരക്കിൽ ബിൽഡറിൽ

---

93 300 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള വാസയോഗ്യമായ കെട്ടിടം

94 കെട്ടിടത്തിന്റെ തറ വിസ്തീർണ്ണവും പ്ലോട്ട് ഏരിയയും തമ്മിലുള്ള അനുപാതമാണ് ഫ്ലോർ ഏരിയ അനുപാതം

95 1.75 എഫ്.എ.ആറിന് അനുവദനീയമായ തറ വിസ്തീർണ്ണം = 2,260.25 ച.മീ. പ്ലോട്ട് ഏരിയ × 1.75 = 3,955.44 ച.മീ ; അധികമായിട്ടുള്ള തറവിസ്തീർണ്ണം =5,591.66 – 3,955.44 =1,636.22 ച.മീ

നിന്നും ഗ്രാമപഞ്ചായത്ത് ₹8.18 ലക്ഷം അധിക ഫീസ് ഈടാക്കുകയും ചെയ്തു (2017 ജനുവരി). 5,632.82 ച.മീ ഉള്ള പരിഷ്കരിച്ച തറ വിസ്തീർണ്ണത്തിന്റെ പുതുക്കിയ പെർമിറ്റിനായി 2017 ഒക്ടോബർ 31-ന് ബിൽഡർ അപേക്ഷ നൽകുകയും തത്ഫലമായി എഫ്.എ.ആർ 2.49 ആയി ഉയരുകയും അധിക ഫീസ് ഈടാക്കേണ്ട വിസ്തൃതി 1,667.38 ച.മീ ആയി[96] വർദ്ധിക്കുകയും ചെയ്തു. 2018 മെയ് 16-നാണ് പെർമിറ്റ് നൽകിയത്. അധിക തറ വിസ്തീർണ്ണത്തിനുള്ള ഫീസ് കണക്കാക്കുന്നതിന് പെർമിറ്റ് നൽകുന്ന സമയത്ത് പ്രാബല്യത്തിൽ ഉള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കേണ്ടതിനാൽ, ജി.പി അനുവദനീയമായ തറ വിസ്തീർണ്ണത്തിൽ കൂടുതലുള്ള തറ വിസ്തീർണ്ണത്തിന് ചതുരശ്രമീറ്ററിന് ₹5,000 അധിക ഫീസ് എന്ന പുതുക്കിയ നിരക്ക് ബാധകമാക്കണമായിരുന്നു. എന്നാൽ, ചതുരശ്രമീറ്ററിന് ₹500 എന്ന പഴയ നിരക്കിലാണ് ജി.പി അധിക വിസ്തീർണ്ണത്തിനുള്ള അധിക ഫീസ് കണക്കാക്കിയിരിക്കുന്നത് എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ചതുരശ്രമീറ്ററിന് ₹5,000 എന്ന നിരക്കിൽ അധിക ഫീസ് ഈടാക്കുന്നതിലുണ്ടായ വീഴ്ച കാരണം ബിൽഡറിൽ നിന്ന് പിരിച്ചെടുത്ത തുകയിൽ ₹75.69 ലക്ഷത്തിന്റെ[97] കുറവുണ്ടായി.

- മറ്റൊരു സന്ദർഭത്തിൽ ജി.പി, 2017 ഡിസംബർ 22-ന് ഒരു വ്യക്തിക്ക് തന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ (2016 സെപ്റ്റംബർ 06) പുതുക്കിയ ബിൽഡിംഗ് പെർമിറ്റ് നൽകി. അതിനുവേണ്ടി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നിർബന്ധിത നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അദ്ദേഹം 2017 നവംബറിലാണ് സമർപ്പിച്ചത്. തറവിസ്തീർണ്ണവും പ്ലോട്ട് ഏരിയയും യഥാക്രമം 2,915.74 ച.മീ ഉം, 1,214 ച.മീ ഉം ആയിരുന്നു. ലഭ്യമായ തറ വിസ്തീർണ്ണത്തിനും പ്ലോട്ട് ഏരിയയ്ക്കും, എഫ്.എ.ആർ 1.75 ആകണമെങ്കിൽ, ബിൽഡർ നിർമ്മാണം പരമാവധി 2,125 ച.മീ വരെയായി പരിമിതപ്പെടുത്തേണ്ടിയിരുന്നു. പുതുക്കിയ അപേക്ഷ 2,916 ച.മീ തറ വിസ്തീർണ്ണത്തിനായിരുന്നതിനാൽ, എഫ്.എ.ആർ 2.40 ആയി ഉയർന്നു. 791 ച.മീ-ന് (2,915.74 ച.മീ – 2,125 ച.മീ) ഈടാക്കേണ്ട അധിക ഫീസ് ₹5,000 എന്ന നിരക്കിലാണ് കണക്കാക്കേണ്ടിയിരുന്നതെങ്കിലും കേവലം ₹500 നിരക്കിലാണ് ജി.പി അധിക ഫീസ് പിരിച്ചത് (2017 ഡിസംബർ). കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ പിരിച്ചെടുത്ത തുകയിൽ ₹35.60 ലക്ഷത്തിന്റെ[98] കുറവുണ്ടായി.

അങ്ങനെ, മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ, പെർമിറ്റ് അനുവദിച്ച തീയതിയ്ക്ക് പകരം അപേക്ഷാ തീയതിയിൽ പ്രാബല്യത്തിലുണ്ടായിരുന്ന കെട്ടിട

---

96 5,632.82 – 3,955.44

97 1,677.38 ച.മീ × ₹5,000 = ₹83,86,900; ₹83,86,900 – ₹8,18,110 (1,636.22 ച.മീ × ₹500 ച.മീ-ന്, അതുവരെ സമാഹരിച്ചത്) = ₹75,68,790

98 791 ച.മീ × ₹5,000 = ₹39,55,000 – ₹3,95,500 (791 ച.മീ × ₹500 ച.മീ-ന്, അതുവരെ സമാഹരിച്ചത്) = ₹35,59,500

നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചുള്ള നിരക്കിൽ അധിക ഫീസ് കണക്കാക്കിയത്, പിരിച്ചെടുത്ത തുകയിൽ ₹1.11 കോടിയുടെ (₹75.69 ലക്ഷം + ₹35.60 ലക്ഷം) കുറവുണ്ടാക്കി. സമാഹരണത്തിലുണ്ടായ കുറവിന്റെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.4**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.4: രണ്ട് സന്ദർഭങ്ങളിൽ അധിക എഫ്.എ.ആർ ന് അധിക ഫീസിന്റെ സമാഹരണത്തിലുണ്ടായ കുറവിന്റെ വിശദാംശങ്ങൾ**

| ഇനം | പെർമിറ്റിന്റെ വിശദാംശങ്ങൾ | ബാധകമായ എഫ്.എ. ആർ | 31.10.2017[99] നോ അതിന് ശേഷമോ നൽകിയ കെട്ടിട പെർമിറ്റുകൾക്ക് ബാധകമാക്കേണ്ട അധിക ഫീസിന്റെ നിരക്ക് (ച.മീ ന്) | അധിക ഫീസ് ഈടാക്കിയ നിരക്ക് (ച.മീ ന്) | ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം (ച.മീ) | ഫീസ് ഈടാക്കിയ വിസ്തീർണ്ണം (ച.മീ) | സമാഹരിച്ച അധിക ഫീസിന്റെ ആകെ തുക (₹ ലക്ഷത്തിൽ) | സമാഹരിക്കേണ്ട ആകെ തുക (₹ ലക്ഷത്തിൽ) | സമാഹരണത്തിലുണ്ടായ കുറവ് (₹ ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) = (7)*(5) | (9) = (6)*(4) | (10) = (9) – (8) |
| I | പുതുക്കിയ പെർമിറ്റ് തീയതി 16.05.2018 | 2.49 | 5000 | 500 | 1677.38 | 1636.22 | 8.18 | 83.869 | 75.69 |
| II | പുതുക്കിയ പെർമിറ്റ് തീയതി 22.12.2017 | 2.40 | 5000 | 500 | 791 | 791 | 3.955 | 39.55 | 35.60 |
| **സമാഹരണത്തിലുണ്ടായ ആകെ കുറവ്** | | | | | | | | | **111.29** |

*(അവലംബം: ജി.പി സമർപ്പിച്ച വിവരങ്ങൾ)*

മേൽപ്പറഞ്ഞവയുടെ സ്ഥിരീകരണം ഓഡിറ്റ് തിരുവനന്തപുരത്തെ ചീഫ് ടൗൺ പ്ലാനറിൽ (സി.റ്റി.പി) നിന്ന് ആവശ്യപ്പെട്ടപ്പോൾ, അധിക എഫ്.എ.ആറിനായി പുതുക്കിയ പെർമിറ്റ് അനുവദിക്കുന്ന തീയതിയിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങൾക്കനുസൃതമായി അധിക ഫീസ് (അതായത്, ചതുരശ്രമീറ്ററിന് ₹5,000) ഈടാക്കണമെന്ന് സി.റ്റി.പി വ്യക്തമാക്കി (2021 ഏപ്രിൽ). പഴയ നിരക്കിൽ ഈടാക്കിയ അധിക ഫീസ് വർദ്ധിപ്പിച്ച നിരക്കിൽ സമാഹരിച്ച തുകയിൽ നിന്നും കുറയ്ക്കുകയും വേണം. കൂടാതെ അപേക്ഷാ തീയതിയിലെ ദിവസം പ്രാബല്യത്തിലുള്ള കെട്ടിടനിർമ്മാണചട്ടങ്ങൾക്കു പകരം അനുമതി നൽകുന്ന തീയതിയിൽ പ്രാബല്യത്തിലുള്ളതിന് പ്രാമുഖ്യം നൽകണമെന്ന് സി.റ്റി.പി, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു (2010 സെപ്റ്റംബർ). മേൽപ്പറഞ്ഞ രണ്ടു കേസുകളിലും അനുമതി നൽകിയ തീയതികൾ അധിക എഫ്.എ.ആറിനുള്ള അധിക ഫീസ് നിരക്ക് പരിഷ്ക്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷമുള്ളതാണ്.

അധിക ഫീസ് അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകർക്ക് അടാട്ട് ജി പി സെക്രട്ടറി വീണ്ടും നോട്ടീസ് നൽകിയതായി സർക്കാർ മറുപടി നൽകി (2021

[99] കേരള സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (പി) നമ്പർ 81/2017/എൽ.എസ്.ജി.ഡി തീയതി 2017 ഒക്ടോബർ 31 പ്രകാരം

ഒക്ടോബർ). അധിക തുക പിരിച്ചെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്നും രണ്ട് സന്ദർഭങ്ങളിലും ഇതുവരെ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്നും സർക്കാർ വ്യക്തമാക്കി. അധികഫീസ് പിരിക്കേണ്ട നിരക്കിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതും, അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വന്നതിനാൽ ഫീസിന്റെ പിരിവിലുണ്ടായ കുറവ് അപേക്ഷകരിൽ നിന്നും യഥാസമയം വീണ്ടെടുക്കേണ്ടതും ജി.പി യുടെ ഉത്തരവാദിത്തമായതിനാൽ, മറുപടി സ്വീകാര്യമല്ല.

പെർമിറ്റുകൾ/ പുതുക്കിയ പെർമിറ്റുകൾ അനുവദിക്കുന്ന തീയതിയിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങൾക്കനുസൃതമായി അധിക എഫ്.എ.ആറിന് ലഭിക്കേണ്ട അധിക ഫീസ് അപേക്ഷകരിൽ നിന്ന് സമയബന്ധിതമായി ഈടാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## 2.7. കളിസ്ഥലത്തിന്റെ നിർമ്മാണത്തിന്മേലുള്ള നിഷ്ഫല ചെലവ്

**കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ തുടങ്ങിവച്ച ഒരു കളിസ്ഥല നിർമ്മാണപദ്ധതി, ₹13.54 ലക്ഷം ചെലവാക്കിയതിന് ശേഷം തദ്ദേശവാസികളുടെ ചെറുത്തുനിൽപ്പു മൂലം ഉപേക്ഷിക്കേണ്ടി വന്നു.**

തദ്ദേശവാസികളുടെ നേട്ടത്തിനു വേണ്ടി ₹34.32 ലക്ഷം അടങ്കൽ തുകയ്ക്ക് മൂന്നുമാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ട 'കൊല്ലം പോർട്ട് ഡിവിഷൻ 47–ൽ തുറസ്സായ കളിസ്ഥലം' എന്നൊരു പദ്ധതി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ (കെ.എം.സി) രൂപീകരിച്ചു (2014–15). മണ്ണ് കുഴിച്ചെടുക്കൽ, ഡ്രൈ റബിൾ മേസൺറി, റാൻഡം റബിൾ മേസൺറി, സിമന്റ് കോൺക്രീറ്റ് പാകുക, കരാറുകാരന്റെ സ്വന്തം മണ്ണ് എത്തിക്കലും നിറയ്ക്കലും, ഗോൾ പോസ്റ്റുകൾക്കുള്ള ജി.ഐ പൈപ്പ്[100] എന്നിവയുമായി ബന്ധപ്പെട്ട ഘട്ടം തിരിച്ചുള്ള പ്രവൃത്തി നടത്തി, 140 മീറ്റർ നീളവും 110 മീറ്റർ വീതിയുമുള്ള തുണ്ടു ഭൂമിയെ ഒരു കളിസ്ഥലമാക്കി മാറ്റണമായിരുന്നു. പദ്ധതിയ്ക്കുള്ള ഭരണാനുമതി കെഎംസി സെക്രട്ടറി നൽകുകയും (2015 ജനുവരി) ടെണ്ടറിംഗിലും റീടെണ്ടറിംഗിലും (2015 ഏപ്രിൽ/ മെയ്) പങ്കെടുത്ത ഏക കരാറുകാരനെ[101] ₹34.11 ലക്ഷത്തിന് പണി ഏൽപ്പിക്കുകയും ചെയ്തു. കരാറുകാരനും കെ.എം.സിയുടെ സൂപ്രണ്ടിംഗ് എൻജിനീയറും (എസ്.ഇ) തമ്മിൽ കരാർ ഒപ്പു വെയ്ക്കുകയും (2015 ജൂൺ), 2015 നവംബർ 06–ന് പൂർത്തീകരണത്തീയതി ഉറപ്പിച്ചുകൊണ്ട് 2015 ആഗസ്റ്റ് 07–ന് പണി ആരംഭിക്കുകയും ചെയ്തു.

അതിനിടെ പ്രസ്തുത സ്ഥലത്തുണ്ടായ പ്രാദേശിക സമരങ്ങൾ/ തർക്കങ്ങൾ[102] കാരണം പണി താത്കാലികമായി നിറുത്തിവച്ചു. തദ്ദേശവാസികളുമായി പല തവണ നടത്തിയ ചർച്ചകളുടെ ഫലമായി, പണി

[100] ഗാൽവനൈസ്ഡ് അയൺപൈപ്പ്
[101] എൻ.കെ കൺസ്ട്രക്ഷൻസ്, കൊട്ടിയം , കൊല്ലം
[102] ഒരു സിമന്റ് ഫാക്ടറി നിർമ്മാണത്തെക്കുറിച്ചുള്ള ആശങ്കയുമായി ബന്ധപ്പെട്ട്

തുടങ്ങുവാൻ സാഹചര്യങ്ങൾ അനുകൂലമാണെന്ന് കൗൺസിലർ കെ.എം.സിയുടെ എസ്.ഇയെ പിന്നീട് അറിയിച്ചു (2017 ഫെബ്രുവരി). ഇതിനെ തുടർന്ന് പണി പുനരാരംഭിച്ചു. കരാറുകാരൻ പ്രവൃത്തിയുടെ അഞ്ചാമത്തെ ഇനമായ കരാറുകാരന്റെ സ്വന്തം ഏർപ്പാടിൽ മണ്ണ് എത്തിക്കലും നിറയ്ക്കലും എന്നത് മാത്രമാണ് ഏറ്റെടുത്തതെന്നും നിർദ്ദിഷ്ട അളവായ 6,818 ഘ.മീ[103] ന്റെ സ്ഥാനത്ത് 4,402.15 ഘ.മീ മണ്ണ് മാത്രമാണ് എത്തിച്ചതെന്ന് (2017 മാർച്ച്) ഓഡിറ്റ് നിരീക്ഷിച്ചു. ഈയിനത്തിൽ കരാറുകാരന് ₹13.54 ലക്ഷം നൽകുകയുണ്ടായി. കൗൺസിലറുടെ ഉറപ്പിനു വിപരീതമായി, തദ്ദേശവാസികളുടെ ചെറുത്തുനിൽപ്പ് തുടർന്നത് കാരണം പ്രവൃത്തിയിലെ ശേഷിച്ച ഇനങ്ങൾ ഏറ്റെടുക്കുവാനായില്ലെന്നും കണ്ടു.

തദ്ദേശവാസികളുടെ എതിർപ്പ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിലുള്ള ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ച് പ്രവൃത്തി റദ്ദാക്കുവാൻ കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചു (2018 ജനുവരി). അസിസ്റ്റന്റ് എൻജിനീയർ, കെ.എം.സിയോടൊപ്പം ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ (2019 ആഗസ്റ്റ്) പ്രസ്തുത സ്ഥലം പുല്ല് കൊണ്ട് മൂടപ്പെട്ടും പാഴ് വസ്തുക്കൾ വലിച്ചെറിയപ്പെട്ടും ഉപയോഗശൂന്യമായി കിടക്കുന്നതായി വെളിപ്പെട്ടു.

പ്രസ്തുത പദ്ധതിയെപ്പറ്റി തദ്ദേശവാസികളോട് കൂടിയാലോചിക്കാതെയാണ് കെ.എം.സി ടെണ്ടർ തീരുമാനിച്ചതും ഏക ദർഘാസുകാരനുമായി കരാറിലേർപ്പെട്ടതുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ ഫലമായി, 2015 ആഗസ്റ്റിൽ ആരംഭിച്ച പ്രവൃത്തി ഭാഗികമായി നിർവ്വഹിച്ച ശേഷം രണ്ടര വർഷത്തിനുള്ളിൽ, 2018 ജനുവരിയിൽ ഉപേക്ഷിക്കപ്പെട്ടു. കെ.എം.സി യുടെ വരാനിരിക്കുന്ന പദ്ധതി നിർദ്ദേശത്തിൽ മേൽപ്പറഞ്ഞ പദ്ധതി ഉൾപ്പെടുത്തുവാനുള്ള ഒരു സാധ്യതയുമില്ലെന്ന് കെഎംസി സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു (2021 ഏപ്രിൽ). അങ്ങനെ, പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ച ₹13.54 ലക്ഷം നിഷ്ഫലമായിത്തുടരുന്നു.

കളിസ്ഥലം നിർമ്മാണത്തിലിരിക്കെ പ്രത്യേക സാധ്യതാപഠനമൊന്നും കെ.എം.സി നടത്തിയില്ലെന്നും തുറമുഖ വകുപ്പ് കളിസ്ഥലത്തിന് പ്രത്യേക അനുമതി നല്കിയിട്ടുണ്ടെന്നും സർക്കാർ മറുപടി തന്നു. (2021 ഒക്ടോബർ). പ്രാദേശികമായ തർക്കങ്ങൾ പരിഹരിച്ചുകൊണ്ട് 2021–22 സാമ്പത്തികവർഷത്തിലേക്കുള്ള പദ്ധതി നിർദ്ദേശത്തിന്റെ ഭാഗമായി കളിസ്ഥലം പൂർത്തിയാക്കാനുള്ള നടപടികൾ 2021 ഫെബ്രുവരി 24 മുതൽ കോർപ്പറേഷൻ കൗൺസിൽ എടുത്തു കൊണ്ടിരിക്കുകയാണെന്നും കൂടി സർക്കാർ പ്രസ്താവിച്ചു.

പ്രാദേശിക തർക്കങ്ങൾ പരിഹരിച്ചുകൊണ്ട് പദ്ധതി പൂർത്തിയാക്കുമെന്ന സർക്കാരിന്റെ മറുപടി, കോർപ്പറേഷന്റെ വരാൻ പോകുന്ന പ്ലാൻ നിർദ്ദേശത്തിൽ ഈ പദ്ധതി ഉൾപ്പെടുത്താനുള്ള സാധ്യതയില്ല എന്ന സെക്രട്ടറി കെ.എം.സി യുടെ പ്രസ്താവനയ്ക്ക് വിരുദ്ധമായതിനാൽ മറുപടി സ്വീകാര്യമല്ല.

[103] ഘന മീറ്റർ

പദ്ധതികൾ ഏറ്റെടുക്കുമ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധ്യതാ പഠനം നടത്തുകയും ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലെ സാഹചര്യങ്ങൾ പ്രവൃത്തിയുടെ തടസ്സരഹിതമായ പുരോഗതിയെ സുഗമമാക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 2.8. ₹63.89 ലക്ഷത്തിന്റെ നഷ്ടം വീണ്ടെടുക്കൽ

**ഏഴ് മുനിസിപ്പാലിറ്റികളിലെ അപര്യാപ്തമായ ആഭ്യന്തര നിയന്ത്രണങ്ങൾ, ജീവനക്കാരിൽ നിന്ന് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം വീണ്ടെടുക്കാതിരിക്കാനും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിലേക്ക് പണം അടയ്ക്കാതിരിക്കാനും കാരണമായി. കൂടാതെ, പിഴയും പലിശയും അടയ്ക്കുന്നതിന് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്ന് ₹63.89 ലക്ഷം വിനിയോഗിക്കേണ്ടിയും വന്നു.**

വിജ്ഞാപന നമ്പർ എസ്.ഒ 30(ഇ) തീയതി 08.01.2011 അനുസരിച്ച് ഇരുപതോ അധിലധികമോ ആളുകൾ ജോലി ചെയ്യുന്ന മുനിസിപ്പൽ കൗൺസിലുകളെ, ഭാരത സർക്കാർ 1952-ലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്സ് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നു. പ്രസ്തുത നിയമം 2011 ജനുവരി 08 മുതൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് (യു.എൽ.ബി) ബാധകമാണെന്ന് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇ.പി.എഫ്.ഒ) എല്ലാ യു.എൽ.ബികളെയും അറിയിച്ചു. നിയമത്തിലെ വകുപ്പ് 6 പ്രകാരം ഓരോ മുനിസിപ്പൽ കൗൺസിലും ഒരു കരാറുകാരൻ മുഖേന ജോലി ചെയ്യുന്നവർ ഉൾപ്പെടെ ഓരോ ജീവനക്കാരനും നൽകേണ്ട അടിസ്ഥാന വേതനത്തിന്റെ 12 ശതമാനം ഫണ്ടിലേക്ക് സംഭാവന ചെയ്യണം. കൂടാതെ, ഒരു ജീവനക്കാരന്റെ വിഹിതം കുറഞ്ഞത്, അയാൾക്കു വേണ്ടി തൊഴിലുടമ നൽകുന്ന വിഹിതത്തിന് തുല്യമെങ്കിലും ആയിരിക്കണം. പ്രസ്തുത വ്യവസ്ഥകൾക്ക് അനുസൃതമായി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ സർക്കാർ സംസ്ഥാനത്തെ എല്ലാ യു.എൽ.ബികളോടും നിർദ്ദേശിച്ചു (2013 മാർച്ച്).

കൂടാതെ, നിയമത്തിന്റെ വകുപ്പുകൾ 6, 6എ[104], 6സി[105] എന്നിവയും, 1995-ലെ എംപ്ലോയീസ് പെൻഷൻ സ്കീമിന്റെ ഖണ്ഡിക 38, ഖണ്ഡിക 3, 1976-ലെ എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് സ്കീമിന്റെ ഖണ്ഡിക 8(1) എന്നിവയും പ്രകാരം, സ്ഥാപനത്തിന്റെ തൊഴിലുടമ എല്ലാ മാസവും അവസാനിച്ച് 15 ദിവസത്തിനുള്ളിൽ ഈ ഫണ്ടിലേക്കുള്ള സംഭാവനകൾ

---

104 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്സ് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട് , 1952 വകുപ്പ് 6എ പറയുന്നത്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി കേന്ദ്ര സർക്കാരിന്, എംപ്ലോയീസ് പെൻഷൻ സ്കീം എന്ന പേരിൽ ഒരു പദ്ധതി രൂപപ്പെടുത്താം.

105 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്സ് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട് , 1952 വകുപ്പ് 6സി പറയുന്നത്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി കേന്ദ്ര സർക്കാരിന്, എംപ്ലോയീസ് ഡിപ്പോസിറ്റ് – ലിങ്ക്ഡ് ഇൻഷുറൻസ് എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കാം

അഡ്മിനിസ്ട്രേറ്റീവ് ചാർജുകൾക്കൊപ്പം ഇ.പി.എഫ്.ഓയിലേക്ക് അടയ്ക്കേണ്ടതുണ്ട്. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള (ഇ.പി.എഫ്) സംഭാവനകൾ അടയ്ക്കുന്നതിൽ തൊഴിലുടമ വീഴ്ച വരുത്തുന്ന സാഹര്യത്തിൽ, കുടിശ്ശികയുടെ തുകയിൽ കവിയാത്ത തുക പിഴയായി തൊഴിലുടമയിൽ നിന്ന് ഇ.പി.എഫ്.ഒ കമ്മീഷണർ തിരിച്ചുപിടിക്കേണ്ടത് ആവശ്യമാണ്. പ്രതിവർഷം 12 ശതമാനം അല്ലെങ്കിൽ നിഷ്കർഷിക്കപ്പെട്ട ഉയർന്ന നിരക്കിൽ പണം യഥാർത്ഥത്തിൽ അടച്ച തീയതി വരെ സാധാരണ പലിശ നൽകാനും തൊഴിലുടമ ബാദ്ധ്യസ്ഥനാണ്.

മതിയായ ആഭ്യന്തര നിയന്ത്രണങ്ങളുടെ അഭാവത്തിൽ കണ്ണൂരിലെയും കോഴിക്കോട്ടെയും ഇ.പി.എഫ്.ഒയുടെ റീജിയണൽ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 41 മുനിസിപ്പാലിറ്റികളിൽ ഏഴ്[106] മുനിസിപ്പാലിറ്റികൾ ഇ.പി.എഫിലേക്ക് ജീവനക്കാരുടെ വിഹിതം അടച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു[107] (2018-19). ഇ.പി.എഫ്.ഒ മുനിസിപ്പാലിറ്റികളെ ഭാരത സർക്കാരിന്റെ നിയമം[108] (2017 ജൂൺ) അറിയിക്കുകയും കൃത്യസമയത്ത് പണമടയ്ക്കുന്നതിലെ വീഴ്ചയെ കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടും, മുനിസിപ്പാലിറ്റികൾ നിർദ്ദേശങ്ങൾ പാലിച്ചില്ല. തൽഫലമായി ഇ.പി.എഫ്.ഒ മുനിസിപ്പാലിറ്റികളുടെ തനത് ഫണ്ടിൽ നിന്നും പിഴയായി പലിശസഹിതം നഷ്ടം ഈടാക്കി. ഇ.പി.എഫ്.ഒ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ **പട്ടിക 2.5** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.5: ഇ.പി.എഫ്.ഒ തിരിച്ചുപിടിച്ച നഷ്ടത്തിന്റെയും പലിശയുടെയും വിശദാംശങ്ങൾ**

| മുനിസിപ്പാലിറ്റി | തനത് ഫണ്ടിൽ നിന്ന് വീണ്ടെടുത്ത നഷ്ടം (₹) | പലിശ (₹) | തിരിച്ചു പിടിച്ച ആകെ തുക (₹) | നഷ്ടത്തിന്റെ കാലയളവ് |
|---|---|---|---|---|
| ഫെറോക്ക് | 235150 | 118256 | 353406 | 11/2015* – 03/2019 |
| പൊന്നാനി | 1145267 | 567981 | 1713248 | 01/2011 – 11/2019 |
| മലപ്പുറം | 528355 | 254349 | 782704 | 01/2011 – 03/2019 |
| മഞ്ചേരി | 1006114 | 489463 | 1495577 | 01/2011 – 03/2019 |
| കോട്ടയ്ക്കൽ | 342839 | 168788 | 511627 | 01/2011 – 03/2019 |
| കൂത്തുപറമ്പ് | 478704 | 232703 | 711407 | 01/2011 – 03/2019 |
| ഷൊർണ്ണൂർ | 545271 | 275311 | 820582 | 01/2011 – 03/2019 |
| **ആകെ** | | | **6388551** | |

* 2015 നവംബറിന് മുമ്പ് ഫെറോക്ക് മുനിസിപ്പാലിറ്റി ഒരു ഗ്രാമപഞ്ചായത്തായിരുന്നു.
(*അവലംബം: മുനിസിപ്പാലിറ്റികൾ/ഇ.പി.എഫ്.ഒ നൽകിയ വിവരങ്ങൾ*)

സംഭാവന അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കുന്ന നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചത്, തിരിച്ചുപിടിക്കൽ നടപ്പാക്കേണ്ട ജീവനക്കാരുടെ കുറവ്, നിർദ്ദേശങ്ങളെക്കുറിച്ചുള്ള അജ്ഞത, ജോലിഭാരം, സാങ്കേതിക പ്രശ്നങ്ങൾ മുതലായവ സമയബന്ധിതമായ വീണ്ടെടുക്കലിന്റെയും തിരിച്ചടയ്ക്കലിന്റെയും

---

106 ഫെറോക്ക്, പൊന്നാനി, മലപ്പുറം, മഞ്ചേരി, കോട്ടയ്ക്കൽ, കൂത്തുപറമ്പ്, ഷൊർണ്ണൂർ

107 കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ ലോക്കൽ ഓഡിറ്റിലും ബാക്കിയുള്ള മുനിസിപ്പാലിറ്റികളുടെ പ്രത്യേക ആവശ്യങ്ങൾക്കായുള്ള ഓഡിറ്റിലും

108 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്സ് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട്, 1952

അഭാവത്തിന് കാരണമായെന്ന് മുനിസിപ്പാലിറ്റികൾ മറുപടിയായി പ്രസ്താവിച്ചു (2021 മാർച്ച്/ഏപ്രിൽ/ജൂൺ). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നിയമങ്ങളുടെയും നിർദ്ദേശങ്ങളുടെയും വ്യവസ്ഥകൾ പാലിക്കാൻ മുനിസിപ്പാലിറ്റികൾ ബാദ്ധ്യസ്ഥരാണെന്ന വസ്തുത കണക്കിലെടുത്ത് മറുപടി ന്യായീകരിക്കാനാവില്ല. കൂടാതെ, വീഴ്ച വരുത്താതെ ഇ.പി.എഫിലേക്ക് വിഹിതം നൽകാൻ ഏഴ് മുനിസിപ്പാലിറ്റികളെയും ഇ.പി.എഫ്.ഒ ഓർമ്മിപ്പിച്ചിരുന്നു.

അങ്ങനെ, അപര്യാപ്തമായ ആഭ്യന്തര നിയന്ത്രണങ്ങളും, നിയമപരമായ ആവശ്യകതകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലെ ശ്രദ്ധക്കുറവും ഏഴ് മുനിസിപ്പാലിറ്റികളുടെ തനത് ഫണ്ടിൽ നിന്ന് പലിശയും പിഴയും വഴി ₹63.89 ലക്ഷം വീണ്ടെടുക്കാൻ കാരണമായി. വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന ഇത്രയും തുകകൾ മുനിസിപ്പാലിറ്റികൾക്ക് നഷ്ടപ്പെട്ടു. മുനിസിപ്പാലിറ്റികൾ തനത് ഫണ്ട് വിനിയോഗിക്കുന്നതിൽ സാമ്പത്തിക വിവേകം പ്രകടിപ്പിക്കുകയും, ഇ.പി.എഫ് വിഹിതങ്ങൾ കൃത്യസമയത്ത് അടയ്ക്കുന്നതിൽ വേണ്ട ശ്രദ്ധ ചെലുത്തുകയും ചെയ്തിരുന്നെങ്കിൽ ഇത് ഒഴിവാക്കാമായിരുന്നു. ഇ.പി.എഫ്.ഒ പിടിച്ചെടുത്ത നഷ്ടത്തിന്റെയും, പലിശയുടെയും തുക നാളിതുവരെ ജീവനക്കാരിൽ നിന്നും തിരിച്ചു പിടിച്ചിട്ടില്ലെന്ന് മുനിസിപ്പാലിറ്റികൾ അറിയിച്ചു (2021 മാർച്ച്/ഏപ്രിൽ/ജൂൺ).

മറുപടിയായി, ഡ്രാഫ്റ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന കാലയളവിൽ ഓരോ മുനിസിപ്പാലിറ്റിയുടെയും ഇ.പി.എഫ് വിഹിതത്തിന്റെയും വീണ്ടെടുത്ത നഷ്ടത്തിന്റെയും തുക സർക്കാർ സ്ഥിരീകരിച്ചു (2021 ഒക്ടോബർ).

സർക്കാർ/നഗരകാര്യ ഡയറക്ടർ എല്ലാ മുനിസിപ്പാലിറ്റികളിലും ഇ.പി.എഫ് സംഭാവനകൾ കാലതാമസമില്ലാതെ അടയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കർശനമായ ആന്തരിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. മുനിസിപ്പൽ ഓഫീസർമാരുടെ ശ്രദ്ധക്കുറവ് മൂലം പിഴയും പലിശയും അടയ്ക്കുന്നതിനായി ചെലവഴിച്ച തുകകൾ വീണ്ടെടുക്കുന്നതിനുള്ള (ഉത്തരവാദിത്തമുള്ള മുനിസിപ്പൽ ഓഫീസർമാരിൽ നിന്ന്) വ്യവസ്ഥ പരിഗണിക്കാവുന്നതാണ്.

## ജലവിഭവ വകുപ്പ്

### 2.9. സർക്കാരിന് ₹56.57 ലക്ഷത്തിന്റെ വരുമാന നഷ്ടം

**1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ ഭേദഗതി വരുത്തിയ വ്യവസ്ഥകൾ പാലിക്കുന്നതിൽ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച സർക്കാർ ഖജനാവിന് ₹56.57 ലക്ഷത്തിന്റെ നഷ്ടമുണ്ടാക്കി.**

കരാറുകാരുമായുള്ള/ സേവനദാതാക്കളുമായുള്ള കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) ഉടമ്പടികൾ യഥാവിധി സ്റ്റാമ്പ്

ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം കെ.ഡബ്ല്യൂ.എ-യിലെ ഉദ്യോഗസ്ഥർക്കാണെന്ന് 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ വ്യവസ്ഥകൾ വ്യക്തമാക്കുന്നു.

കെ.ഡബ്ല്യൂ.എയുടെ കീഴിൽ ആകെയുള്ള 12 സർക്കിൾ ഓഫീസുകളിൽ ഉണ്ടായിരുന്ന രേഖകളുടെ (സൂക്ഷ്മമായി പരിശോധിച്ച 3,167 ഉടമ്പടികൾ) പരിശോധനയിൽ (2019 മാർച്ച്-ഏപ്രിൽ) കെ.ഡബ്ല്യൂ.എ-യും കരാറുകാരും/സേവനദാതാക്കളും തമ്മിൽ നടത്തിയ ഉടമ്പടികളിലെ മുദ്രപത്രങ്ങളുടെ മൂല്യം 2018-ലെ കേരള ഫൈനാൻസ് ആക്ട് പ്രകാരമുള്ളതല്ലെന്ന് കണ്ടെത്തി (1,450 ഉടമ്പടികളിൽ പിരിവിലെ കുറവ് ശ്രദ്ധയിൽപ്പെട്ടു). കരാറുകാരുമായുള്ള/ സേവനദാതാക്കളുമായുള്ള ഉടമ്പടികൾ നടപ്പിലാക്കുന്നതിനായി കെ.ഡബ്ല്യൂ.എ പരിഷ്കരണത്തിന് മുൻപുള്ള മുദ്രപത്രങ്ങൾ ഉപയോഗിച്ചതിന്റെ ഫലമായി സർക്കാരിന് ₹56.57 ലക്ഷത്തിന്റെ (**അനുബന്ധം 2.11**) വരുമാനനഷ്ടം ഉണ്ടാക്കി.

2020 ജൂണിൽ പുറത്തിറക്കിയ സർക്കുലറിൽ, ഓഡിറ്റിന്റെ പരാമർശത്തെ അടിസ്ഥാനമാക്കി പുതുക്കിയ നിരക്കിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി തിരിച്ചു പിടിക്കുന്നതിന് ഫീൽഡ് ഓഫീസുകൾക്ക് നിർദ്ദേശങ്ങൾ നൽകിയതായി കെ.ഡബ്ല്യൂ.എ പ്രസ്താവിച്ചു. കൂടാതെ കെ.ഡബ്ല്യൂ.എയിലെ എല്ലാ സബോർഡിനേറ്റ് ഓഫീസർമാരോടും സ്റ്റാമ്പ് ഡ്യൂട്ടിയിലുണ്ടായ കുറവ് 2020 ജൂൺ 25-ന് മുമ്പ് തിരിച്ചടയ്ക്കണമെന്നും കെ.ഡബ്ല്യൂ.എ നിർദ്ദേശിച്ചു.

സ്റ്റാമ്പ് നിയമത്തിലെ വ്യവസ്ഥകൾ പരിഷ്കരിച്ചത് കെ.ഡബ്ല്യൂ.എയുടെ ഹെഡ് ഓഫീസിന്റെയും സബോർഡിനേറ്റ് ഓഫീസുകളുടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് കേരള സർക്കാർ മറുപടി നൽകി (2021 ജനുവരി). വിഷയം കെ.ഡബ്ല്യൂ.എയുടെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ മുദ്രപത്രങ്ങൾക്ക് പുതുക്കിയ നിരക്ക് ഈടാക്കാൻ കെ.ഡബ്ല്യൂ.എയുടെ സബോർഡിനേറ്റ് ഓഫീസുകൾക്ക് നിർദ്ദേശം നൽകി. കൂടാതെ, കുറവ് വന്നതായി കണ്ടെത്തിയ തുകയിൽ ₹52.99 ലക്ഷം കരാറുകാരിൽ നിന്ന് ഈടാക്കിയതായും ബാക്കി തുക ഉടൻ പിരിച്ചെടുക്കുമെന്നും കെ.ഡബ്ല്യൂ.എ അറിയിച്ചു (2021 ഡിസംബർ).

സർക്കാരിന്റെ മറുപടി നിലനിൽക്കുന്നതല്ല കാരണം പുതുക്കിയ മൂല്യമുള്ള മുദ്രപത്രങ്ങളിൽ ഉടമ്പടികൾ നടപ്പാക്കാൻ എല്ലാ ഓഫീസുകൾക്കും കെ.ഡബ്ല്യൂ.എയിലെ ഇ-ടെൻഡറിംഗിന്റെ ചുമതലയുള്ള നോഡൽ ഓഫീസറുടെ നിർദ്ദേശം നൽകുന്ന ഒരു ഇ-മെയിൽ (2018 നവംബർ) ഓഡിറ്റ് ശ്രദ്ധിച്ചിരുന്നു. കൂടാതെ, കെ.ഡബ്ല്യൂ.എ 2020 ജൂണിലെ സർക്കുലർ പുറപ്പെടുവിച്ച് ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും (2021 ഡിസംബർ വരെ) ₹3.58 ലക്ഷം പിരിച്ചെടുക്കാനും സർക്കാരിലേയ്ക്ക് അടയ്ക്കാനും ഉള്ളതായും അവശേഷിക്കുന്നു. വരുമാന നഷ്ടത്തിനിടയാക്കിയ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിരുന്നില്ലായെന്നതും ഓഡിറ്റ് ശ്രദ്ധിച്ചു.

നിയമ വ്യവസ്ഥകളിലെ മാറ്റങ്ങളെക്കുറിച്ച് ഓഫീസുകളെ അപ്ഡേറ്റ് ചെയ്യുന്നതിനും അതുവഴി സർക്കാരിന് വരുമാനനഷ്ടമുണ്ടാകുന്ന ഇത്തരം

സന്ദർഭങ്ങൾ ഒഴിവാക്കുന്നതിനും കെ.ഡബ്ല്യൂ.എ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, കുടിശ്ശിക വീണ്ടെടുക്കുന്ന പ്രക്രിയ മുൻഗണനാക്രമത്തിൽ കെ.ഡബ്ല്യൂ.എ വേഗത്തിലാക്കുകയും വീഴ്ചയുടെ ഉത്തരവാദിത്വം ഉദ്യോഗസ്ഥരുടെ മേൽ ചുമത്തേണ്ടതുമാണ്.

**(അനിം ചെറിയാൻ)**

**തിരുവനന്തപുരം,** **പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ**

**2022 ഏപ്രിൽ 12** **(ഓഡിറ്റ് I), കേരള**

**മേലൊപ്പിട്ടത്**

**(ഗിരീഷ് ചന്ദ്ര മുർമു)**

**ന്യൂഡൽഹി,**

**2022 ഏപ്രിൽ 21** **ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

# അനുബന്ധങ്ങൾ

**അനുബന്ധം 1.1**

**ഇന്ത്യയുടെ ഭരണഘടനയുടെ പതിനൊന്നാമത്തെ പട്ടിക**

***(സൂചിക: ഖണ്ഡിക 1.6.2)***

1. കൃഷി, കാർഷിക വിപുലീകരണം ഉൾപ്പെടെ.
2. ഭൂമി മെച്ചപ്പെടുത്തൽ, ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കൽ, ഭൂമി സംയോജനം, മണ്ണ് സംരക്ഷണം.
3. ലഘു ജലസേചനം, ജല ക്രമീകരണം, നീർത്തട വികസനം.
4. കന്നുകാലി വളർത്തൽ, ക്ഷീരോത്പാദനം, കോഴിവളർത്തൽ.
5. മത്സ്യബന്ധനം.
6. സാമൂഹ്യ വനവത്ക്കരണവും കാർഷിക വനവത്കരണവും.
7. ലഘു വനോത്പന്നം.
8. ചെറുകിട വ്യവസായം, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ഉൾപ്പെടെ.
9. ഖാദി, ഗ്രാമീണ, കുടിൽ വ്യവസായങ്ങൾ.
10. ഗ്രാമീണ അധിവാസം.
11. കുടിവെള്ളം.
12. കാലിത്തീറ്റയും വിറകും.
13. റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, കടത്ത്, ജലപാതകൾ, മറ്റ് ഗതാഗത മാർഗ്ഗങ്ങൾ.
14. ഗ്രാമീണ വൈദ്യുതീകരണം, വൈദ്യുതിവിതരണം ഉൾപ്പെടെ.
15. പരമ്പരാഗതമല്ലാത്ത ഊർജ്ജ സ്രോതസ്സുകൾ.
16. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.
17. വിദ്യാഭ്യാസം, പ്രൈമറി സെക്കണ്ടറി വിദ്യാലയങ്ങൾ ഉൾപ്പെടെ.
18. സാങ്കേതിക പരിശീലനവും തൊഴിൽപരമായ വിദ്യാഭ്യാസവും.
19. പ്രായപൂർത്തിയായവർക്കുള്ളതും അനൗപചാരികവുമായ വിദ്യാഭ്യാസം.
20. ഗ്രന്ഥശാലകൾ.
21. സാംസ്കാരിക പ്രവർത്തനങ്ങൾ.
22. ചന്തകളും വിപണനമേളകളും.
